# അറിവോരം

ISSN 2582-2764



ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 3 | Issue 2 | Bimonthly | April 2023 | Thiruvananthapuram | Page 18 | Price ₹10



» 05 ബ്രഹ്മപുരം നമുക്ക് പാഠമാകണം

» 14 സഹകരണമേഖലയിൽ സമൂലമാറ്റത്തിനായി സഹകരണ ഭേദഗതി ബിൽ

» 18 കൈകൾ കോർത്ത് കരുതോടെ: സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടി


സഭാധ്യക്ഷന്റെ പേജ്



## രാജ്യം നേരിടുന്നത് വലിയ വെല്ലുവിളി; ജനാധിപത്യത്തെ സംരക്ഷിക്കാൻ കൈകൾ കോർക്കാം


എ.എൻ. ഷംസീർ
സ്പീക്കർ


ഇന്ത്യൻ ജനാധിപത്യത്തിന് നേരെ കടുത്ത വെല്ലുവിളി ഉയരുകയാണ്. രാഹുൽ ഗാന്ധിയുടെ ലോക്സഭാംഗത്വം അയോഗ്യമാക്കിയ ശരവേഗത്തിലുള്ള നടപടി ഏകാധിപത്യവാഴ്ചയുടെ ബഹിർസ്ഫുരണമാണ്. നമ്മുടെ രാജ്യത്ത് ജനാധിപത്യത്തിന് നേരെയുള്ള ഏറ്റവും വലിയ ആക്രമണം നടന്നത് 1975 ൽ ആണല്ലോ. ഇന്ദിരാ ഗാന്ധിയുടെ ഭരണത്തിൽ രാജ്യത്ത് ആഭ്യന്തര അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ചതിലൂടെയായിരുന്നു അന്ന് ജനാധിപത്യത്തിന് പരിക്കേറ്റത്. അക്കാലത്ത് പ്രതിപക്ഷ നേതാക്കളെ ജയിലിലടക്കുന്നതും പൗരാവകാശങ്ങൾ ഇല്ലാതാക്കുന്നതും പത്രമാധ്യമങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തുന്നതും നാം കണ്ടു. ഇരുപത് മാസമാണ് ആ ഭീകരവാഴ്ച നിലനിന്നത്. തുടർന്നുവന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ രാജ്യത്തെ ജനങ്ങൾ ഏകാധിപത്യത്തിന്റെ വക്താക്കളെ സ്ഥാനഭ്രഷ്ടരാക്കി. ഇന്ന് രാജ്യത്ത് ജനാധിപത്യത്തിന് നേരെ നടക്കുന്നത് കൂടുതൽ ആഴത്തിലുള്ളതും ഗുരുതരവുമായ ആക്രമണമാണ്. റിപ്പബ്ലിക്കിന്റെ സ്വഭാവം തന്നെ മാറ്റാനാണ് ശ്രമിക്കുന്നത്. അതിനായി മതനിരപേക്ഷതയേയും ഫെഡറലിസത്തേയും തകർക്കാനുള്ള ശ്രമങ്ങളുമുണ്ടാവുന്നു.

പാർലമെന്ററി ജനാധിപത്യത്തെ സ്വതന്ത്ര ഇന്ത്യയുടെ മുഖ്യനേട്ടമായി നമുക്ക് ചൂണ്ടിക്കാട്ടാനാവുമായിരുന്നു. 1950 ൽ റിപ്പബ്ലിക്കൻ ഭരണഘടന അംഗീകരിച്ചതിലൂടെ ജനങ്ങളുടെ ശബ്ദം കേൾക്കാനും പങ്കാളിത്തം ഉറപ്പുവരുത്താനും സാഹചര്യമുണ്ടായി. കഴിഞ്ഞകാലങ്ങളിൽ ഊർജ്ജസ്വലത നിലനിർത്തിക്കൊണ്ട് പാർലമെന്ററി ജനാധിപത്യത്തെ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് സാധിച്ചു. എന്നാൽ, കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഹിന്ദുത്വ രാഷ്ട്രീയ ശക്തികൾ ഏകകക്ഷി സർവ്വാധിപത്യം സ്ഥാപിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് വ്യക്തമാക്കി മുന്നോട്ടുപോകുന്നു. അതിനായി അവർ പ്രതിപക്ഷത്തെ നിശബ്ദമാക്കാനും ഇല്ലാതാക്കാനുമാണ് ശ്രമിക്കുന്നത്. പ്രതിപക്ഷത്തിന് പാർലമെന്റിലുള്ള പങ്ക് വെട്ടിക്കുറയ്ക്കുകയാണ്.

ബി.ജെ.പി. സർക്കാർ കേന്ദ്രത്തിൽ രണ്ടാമതും അധികാരത്തിൽ വന്നപ്പോൾ പാർലമെന്റിന്റെ മൂല്യം ഇല്ലാതാക്കുന്ന, പാർലമെന്ററി നടപടിക്രമങ്ങൾക്ക് വിലയില്ലാതാക്കുന്ന നിലപാടുകളുമായാണ് മുന്നോട്ടുപോകുന്നത്. 2021 ൽ 50 ദിവസം പോലും പാർലമെന്റ് യോഗം ചേർന്നിട്ടില്ല. 70 ശതമാനം വരെ ബില്ലുകളാണ് യു പി എ സർക്കാരിന്റെ കാലത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിട്ടിരുന്നത്. ഒന്നാം മോദി സർക്കാരിന്റെ കാലത്ത് അത് 22 ശതമാനമായും രണ്ടാം മോദി സർക്കാരിന്റെ കാലത്ത് 13 ശതമാനമായും കുറഞ്ഞു. പാർലമെന്റിൽ നിയമനിർമാണങ്ങളെ സംബന്ധിച്ച ചർച്ചകളൊന്നും നടക്കുന്നില്ല. അവതരിപ്പിക്കുന്ന ബില്ലുകളിൻമേൽ സൂക്ഷ്മതലത്തിലുള്ള പരിശോധനകളും ഉണ്ടാവുന്നില്ല. പാർലമെന്റിൽ വിഷയങ്ങൾ ഉന്നയിക്കാനും നിയമനിർമാണ പ്രക്രിയയ്ക്കിടയിൽ വോട്ടെടുപ്പിനായി പ്രസ് ചെയ്യാനുമുള്ള പ്രതിപക്ഷത്തിന്റെ അവകാശവും നിഷേധിക്കപ്പെട്ടിരിക്കയാണ്. ഉപരി സഭയിൽ ബില്ലുകളുടെ സൂക്ഷ്മപരിശോധനയും വോട്ടെടുപ്പും ഒഴിവാക്കുന്നതിന് വേണ്ടി പല നിയമ നിർമാണങ്ങളും മണിബില്ലുകളായി പ്രഖ്യാപിച്ച് രാജ്യസഭയെ നോക്കുകുത്തിയാക്കുന്നു. വിലയില്ലാത്തതാക്കി മാറ്റുന്നു.

ഭരണകൂട ഭീകരതയും മണിപവറും ഉപയോഗിച്ച് പ്രതിപക്ഷത്തിന്റെ ശബ്ദത്തെ ഇല്ലാതാക്കാനാണ് ഹിന്ദുത്വ രാഷ്ട്രീയം ശ്രമിക്കുന്നത്. പ്രതിപക്ഷത്തിന് പാർലമെന്റിലുള്ള ശക്തി ഇല്ലാതാക്കാനുള്ള പരിശ്രമം രാജ്യവ്യാപകമായി നടക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പ്രതിപക്ഷ സർക്കാരുകളെ അസ്ഥിരപ്പെടുത്താൻ എം എൽ എമാരെ വിലക്കെടുക്കുന്നു, കേന്ദ്ര ഏജൻസികളെ ഉപയോഗിക്കുന്നു. പ്രതിപക്ഷ നേതാക്കൾക്കും പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാന സർക്കാരുകൾക്കുമെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും ആദായ നികുതി വകുപ്പിനെയും സി ബി ഐയെയും ആയുധമാക്കുന്നു.

ജുഡീഷ്യറിയെ വരുതിയിലാക്കാനുള്ള ശ്രമവും ഹിന്ദുത്വ രാഷ്ട്രീയ ശക്തികൾ നടത്തുന്നുണ്ട്. ജുഡീഷ്യറി സ്വതന്ത്രമായി മുന്നോട്ടുപോകാതിരിക്കുകയും എക്സിക്യൂട്ടീവിന്റെ അതിക്രമങ്ങൾക്ക് കടിഞ്ഞാണിടാതിരിക്കുകയും ചെയ്യുക എന്നതാണ് സ്വേച്ഛാധിപത്യ വാഴ്ചയുടെ ലക്ഷണം. ഗുജറാത്തിൽ കൊല്ലപ്പെട്ട എഹ്സാൻ ജാഫ്രിയുടെ വിധവ സാക്കിയ ജാഫ്രി കൊടുത്ത അപ്പീലിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയും കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരം എൻഫോഴ്സമെന്റ് ഡയറക്ടറേറ്റിനുള്ള അധികാര പരിധിയും അധികാരങ്ങളും സംബന്ധിച്ചുള്ള വിധിയുമൊക്കെ ജനാധിപത്യ വിശ്വാസികളിൽ ആശങ്കയുണർത്തുന്നതാണ്. രാജ്യത്തെ പരമോന്നത കോടതി എക്സിക്യൂട്ടീവിന്റെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളുടെ ജീവനും സ്വാതന്ത്ര്യവും സംരക്ഷിക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തുന്നു എന്നതിന്റെ തെളിവായി ഇത്തരം വിധികൾ വിലയിരുത്തപ്പെടുന്നുണ്ട്. ഇപ്പോൾ രാഹുൽ ഗാന്ധിക്ക് രണ്ടുവർഷത്തെ തടവുശിക്ഷ വിധിച്ച ഗുജറാത്തിലെ സൂറത്ത് കോടതിയുടെ വിധിയെ സംബന്ധിച്ചും പരക്കെ ആക്ഷേപങ്ങൾ ഉയരുന്നുണ്ട്.

ശേഷം 7–ാം പേജിൽ

## ഇ – നിയമസഭ ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം




കേരള നിയമസഭ കടലാസ് രഹിതമാക്കുന്നതിനായി രൂപീകരിച്ച ഇ - നിയമസഭ ആപ്ലിക്കേഷന്റെ ഒന്നാംഘട്ട ഉദ്ഘാടനം 2023 ഫെബ്രുവരി 8ന് ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. സാങ്കേതിക വിദ്യയുടെ സഹായത്തോടെ കഴിയുന്നത്ര വേഗത്തിൽ നടപടിക്രമം പൂർത്തീകരിച്ച് നിയമസഭയുടെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കുന്നതിനും നിയമസഭയുടെ പ്രവർത്തനങ്ങളിൽ ചടുലതയും സുതാര്യതയും ഉറപ്പുവരുത്താനും ഇ-നിയമസഭ പദ്ധതി ഉപകരിക്കുമെന്ന് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. കേരള നിയമസഭ പുതിയ കുതിപ്പിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണെന്നും സാമാജികർ കാലത്തിന്റെ മാറ്റത്തെ ഉൾക്കൊള്ളാൻ തയ്യാറായെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ അഭിപ്രായപ്പെട്ടു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിച്ചു. ഗവ.ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, ഇ. ചന്ദ്രശേഖരൻ, എം.എൽ.എ. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നിയമസഭാ സെക്രട്ടറി എ.എം. ബഷീർ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് ഇ-നിയമസഭ ആപ്ലിക്കേഷന്റെ പ്രവർത്തനത്തെ കുറിച്ച് ULTS പ്രോജക്ട് മാനേജർ വിശദീകരിച്ചു.

15 ാം കേരള നിയമസഭയുടെ 8 ാം സമ്മേളനം മുതൽ ഇ - നിയമസഭ ആപ്ലിക്കേഷന്റെ ഭാഗമായി ബജറ്റ്, PMBR എന്നീ മൊഡ്യൂളുകൾ നടപ്പിലാക്കുകയും അംഗങ്ങൾക്ക് വിവിധ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട നോട്ടീസുകൾ, ധനാഭ്യർത്ഥനകളിന്മേലുള്ള ഖണ്ഡനോപക്ഷേപം, അനൗദ്യോഗിക പ്രമേയത്തിനുള്ള നോട്ടീസ്, അനൗദ്യോഗിക പ്രമേയം എന്നിവ ഓൺലൈനായി സമർപ്പിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തി.

15 ാം കേരള നിയമസഭയുടെ 8 ാം സമ്മേളനം മുതൽ സാമാജികരുടെ ഹാജർ ആപ്ലിക്കേഷനിലൂടെ മാത്രം രേഖപ്പെടുത്തുന്ന രീതിയിലേക്ക് മാറി. 2023 ഫെബ്രുവരി 1 മുതൽ നിയമസഭ സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് നടപ്പിലാക്കി. നിയമസഭാ സെക്രട്ടേറിയറ്റിലെ ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിനായി File Management System ആരംഭിച്ചു. ഇ-നിയമസഭ പ്രോജക്ടിന്റെ കാലാവധി 2023 സെപ്റ്റംബർ 30 വരെ ദീർഘിപ്പിക്കുകയും കാലാവധിക്കുള്ളിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി എല്ലാ മൊഡ്യൂളുകളും കൊണ്ട് വരുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനത്തിനുള്ള നടപടി ആരംഭിക്കുകയും ചെയ്തു.

## മൊഴിമുഴക്കം



"അനീതിയുമായും അധർമവുമായും പൊരുത്തപ്പെടുന്നതാണ് ഏറ്റവും വലിയ പാതകം"

സുഭാഷ് ചന്ദ്രബോസ്

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## 'പൊന്ന്യത്തങ്കം' ആയോധനകല പൈതൃകോത്സവം

എ.എൻ.ഷംസീർ
തലശ്ശേരി

കേരള ഫോക്‌ലോർ അക്കാദമിയും കതിരൂർ ഗ്രാമപഞ്ചായത്തും പൊന്ന്യം പുല്ലോടി പാട്യം ഗോപാലൻ സ്മാരക വായനശാലയുടെ സഹകരണത്തോടെ സംഘടിപ്പിച്ച 'പൊന്ന്യത്തങ്കം' ആയോധനകല പൈതൃകോത്സവം 2023 ഫെബ്രുവരി 21 മുതൽ 27 വരെ വീരസ്മരണകൾ ഉറങ്ങുന്ന പൊന്ന്യം ഏഴരക്കണ്ടത്തിൽ വച്ച് നടന്നു. കതിരൂർ ഗുരുക്കളും തച്ചോളി ഒതേനനും അവസാനമായി അങ്കം നടത്തിയെന്ന് പറയപ്പെടുന്ന കുംഭം 10, 11 തീയതികളിൽ അവരുടെ പോരാട്ടത്തിന്റെ ധീര സ്മരണകൾ കുടികൊള്ളുന്ന പൊന്ന്യം ഏഴരക്കണ്ടത്തിലാണ് പരിപാടി അരങ്ങേറിയത്.

സ്പീക്കർ എ.എൻ. ഷംസീറിന്റെ നിയോജക മണ്ഡലത്തിൽ നടന്ന പരിപാടിയിൽ മന്ത്രിമാരായ സജി ചെറിയാൻ, പി.എ.മുഹമ്മദ് റിയാസ്, ചലച്ചിത്രതാരം ടൊവീനോ തോമസ് തുടങ്ങിയ പ്രമുഖരും പതിനായിരക്കണക്കിന് പൊതുജനങ്ങളും പങ്കെടുത്തു.



## നാട്ടു നന്മ തിരിച്ച് പിടിച്ച് കുട്ടികളുടെ നെൽകൃഷി

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

കഴിഞ്ഞ അഞ്ചുവർഷമായി അമ്പലത്തിങ്ങൽ എം.ഐ.എ.എം. എൽ.പി. സ്കൂൾ വിദ്യാർത്ഥികൾ തരിശായിക്കിടന്നിരുന്ന ഒരു ഏക്കറിലധികം പാടത്ത് നെൽ കൃഷിയിറക്കി നാടിനും കർഷകർക്കും കൃഷി വകുപ്പിനും മാതൃകയായി. പരമ്പരാഗതമായതും അന്യം നിന്നു പോകുന്നതുമായ കന്നുകളെ (മൂരികളെ) ഉപയോഗിച്ചുള്ള ഊർച്ച തെളി നടത്തിയാണ് പാടം നെൽ വിതയ്ക്കാനായി പാകപ്പെടുത്തുന്നത്.

വള്ളിക്കുന്ന് എം.എൽ.എ, പി. അബ്ദുൽ ഹമീദിന്റെ സാന്നിധ്യത്തിലാണ് എല്ലാ വർഷവും നടീൽ ഉത്സവവും കൊയ്ത്തുത്സവവും നടത്തുന്നത്. വിളയിച്ചെടുക്കുന്ന നെൽ സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണത്തിനായിട്ടാണ് ഉപയോഗപ്പെടുത്തുന്നത്. കൊയ്ത്തുത്സവത്തിന് മുന്നോടിയായി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അവതരിപ്പിച്ച നാടൻ കലാപരിപാടികൾ കൊയ്ത്ത് ഉത്സവത്തിന് മാറ്റു കൂട്ടി.

പ്രധാന അധ്യാപകൻ പ്രഭാകരൻ മാസ്റ്റർ, പി,റ്റി.എ. പ്രസിഡന്റ് പി. അറുമുഖൻ, പഞ്ചായത്ത് അംഗം എന്നിവരുടെ നേതൃത്വത്തിലാണ് ഇത്തവണയും നെൽകൃഷി ഇറക്കി വിളവെടുപ്പ് നടത്തിയത്. ഇത്തവണ കൊയ്ത്തുത്സവത്തിന് കരിപ്പൂർ വിമാനത്താവളത്തിലെ സി.ഐ.എസ്.എഫ്. ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെ അമ്പതോളം പേർ പങ്കെടുത്തിരുന്നു.



## എടത്തറ ഗവ. ജി.യു.പി. സ്കൂളിന് പുതിയ കെട്ടിടം

കെ.ശാന്തകുമാരി
കോങ്ങാട്

കിഫ്ബി ഫണ്ടിൽ നിന്നും എഴുപത്തിനാല് ലക്ഷം രൂപ വിനിയോഗിച്ച് നിർമിച്ച പറളി എടത്തറ ഗവ. ജി.യു.പി. സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം കെ.ശാന്തകുമാരി എം.എൽ.എ. നിർവഹിച്ചു. പറളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ടി. സുരേഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. സേതു മാധവൻ മുഖ്യാതിഥിയായി.



## പാലക്കയത്ത് പുതിയ മാവേലി സ്റ്റോർ

സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ പരിപാടിയുടെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മണ്ണാർക്കാട് താലൂക്കിൽ തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ പാലക്കയത്ത് ആരംഭിച്ച മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം ഫെബ്രുവരി 24 ന് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവ്വഹിച്ചു. തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോറാണ് പാലക്കയത്ത് പ്രവർത്തനമാരംഭിക്കുന്നത്. കെ. ശാന്തകുമാരി എം.എൽ.എ. അധ്യക്ഷയായ പരിപാടിയിൽ വി.കെ. ശ്രീകണ്ഠൻ എം.പി. മുഖ്യാതിഥിയായി. തച്ചമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഒ. നാരായണൻകുട്ടി ആദ്യ വില്പന നിർവഹിച്ചു. സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. സഞ്ജീബ് കുമാർ പട്ജോഷി, കാംകോ ചെയർമാൻ കെ.പി സുരേഷ് രാജ് മറ്റ് ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## മാറാക്കര പഞ്ചായത്തിൽ 'കേരഗ്രാമം പദ്ധതി'

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
കോട്ടയ്ക്കൽ

മാറാക്കര പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് അങ്കണത്തിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ടി.പി. സജ്ന ടീച്ചർ അധ്യക്ഷത വഹിച്ചു. ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ബീന എസ്. പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കുന്ന 'കേരഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തി മാറാക്കര പഞ്ചായത്തിന് 25.67 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ലഭിക്കും. കോട്ടക്കൽ നിയോജക മണ്ഡലത്തിൽ 'കേരഗ്രാമം' പദ്ധതി നടപ്പിലാക്കുന്ന അഞ്ചാമത്തെ പഞ്ചായത്താണ് മാറാക്കര. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കർഷകർക്കുള്ള തെങ്ങിൻ തൈ വിതരണോദ്ഘാടനവും ചടങ്ങിൽ നടന്നു.



## നവീകരിച്ച കുറ്റിപ്പുറം നിളയോരം പാർക്ക് ഉദ്ഘാടനം ചെയ്തു

നവീകരിച്ച കുറ്റിപ്പുറം നിളയോരം പാർക്ക് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. പട്ടണത്തിനോട് ചേർന്ന് ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന നിളയോരം പാർക്കിന്റെ നവീകരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ടൂറിസം വകുപ്പ് മൂന്ന് കോടി രൂപ അനുവദിച്ചത്. നിർമ്മിതികേന്ദ്രയുടെ മേൽനോട്ടച്ചുമതലയിലാണ് പാർക്കിൽ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾ നടന്നത്. പാർക്ക് നവീകരണത്തന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, ഗെയിം സോൺ, ഫൗണ്ടൻ, വാട്ടർബോഡി, പ്രവേശന കവാടം, റെയിൻ ഷെൽട്ടർ, നടപ്പാത, കിയോസ്കുകൾ (ഷോപ്പുകൾ) എന്നിവയാണ് പ്രധാനമായും നിർമിച്ചത്. കിഡ്സ് അഡ്വഞ്ചർ പാർക്കിനായുള്ള സ്ഥലവും പാർക്കിൽ ഒരുക്കിയിട്ടുണ്ട്. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. കെ.ടി.ജലീൽ മുഖ്യാതിഥിയായി. ജില്ലാ കളക്ടർ വി.ആർ. പ്രേംകുമാർ ഐ.എ.എസ്., ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



## ഇരിമ്പിളിയം പഞ്ചായത്ത് ആയുർവ്വേദ ഡിസ്‌പെൻസറിക്ക് പുതിയ കെട്ടിടം

പുറമണ്ണൂരിൽ ഇരിമ്പിളിയം പഞ്ചായത്ത് ആയുർവ്വേദ ഡിസ്പെൻസറിക്കായി നിർമിച്ച പുതിയ കെട്ടിടം ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ആയുഷ് വകുപ്പ് ഭാരതീയ ചികിത്സ സമ്പ്രദായം വാർഷിക പദ്ധതി 2019-20 ൽ ഉൾപ്പെടുത്തി അമ്പത്തിനാല് ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ ചെലവഴിച്ചാണ് പുറമണ്ണൂരിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമിച്ചത്. പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും ആറ് ലക്ഷം രൂപയും അനുവദിച്ചിരുന്നു. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയായി

സി.സി.മുകുന്ദൻ
നാട്ടിക

മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണം പൂർത്തീകരിച്ച നാട്ടിക മണ്ഡലത്തിലെ നാല് റോഡുകളുടെ ഉദ്ഘാടനം സി. സി. മുകുന്ദൻ എം.എൽ.എ. നിർവഹിച്ചു. മൈത്രി നഗർ റോഡ്, എട്ടുമന ബണ്ട് റോഡ്, മിത്രാനന്ദപുരം റോഡ്, തിരുവളക്കാവ് റോഡ് എന്നീ റോഡുകളാണ് നാടിനു സമർപ്പിച്ചത്. വിവിധ പഞ്ചായത്തുകളിലെ ത്രിതല പഞ്ചായത്ത് പ്രതിനിധികൾ ചടങ്ങിൽ പങ്കെടുത്തു.



## ഫസാർഡ് ലൈറ്റിംഗ് സംവിധാനവുമായി കൂട്ടുംവാതുക്കൽ പാലം

യു. പ്രതിഭ
കായംകുളം

ദേവികുളങ്ങര-കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുംവാതുക്കൽ പാലത്തിൽ എഴുപത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ള അലങ്കാര വിളക്കുകളുടെ ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. യു. പ്രതിഭ എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ എ.എം. ആരീഫ് എം.പി. മുഖ്യാതിഥിയായിരുന്നു. കേരളത്തിൽ ആദ്യമായി ഫസാർഡ് ലൈറ്റിംഗ് (കളർ മാറ്റാൻ കഴിയുന്ന സംവിധാനം) പ്രാവർത്തികമാക്കിയ പാലമാണ് കൂട്ടുംവാതുക്കൽ കടവ് പാലം. ഏകദേശം 5 ലക്ഷത്തിൽപരം നിറങ്ങൾ മാറ്റിമറിച്ച് പ്രകാശം പരത്താൻ ഈ സംവിധാനത്തിന് കഴിയും.

323 മീറ്റർ നീളമുള്ള പാലത്തിൽ 25 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ, പാലത്തിന്റെ ഇരു വശങ്ങളിലുമായി സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതോടെ കൂട്ടുംവാതുക്കൽ കടവ് പാലം കായംകുളം മണ്ഡലത്തിൽ ഒരു ടൂറിസ്റ്റ് ഹബ്ബായി മാറുകയാണ്. ക്യാരേജ് വേയും, ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പെടെ ആകെ 11 മീറ്ററാണ് പാലത്തിന്റെ വീതി. പാലത്തിന്റെ നിർമാണത്തിനു മാത്രമായി 40 കോടി രൂപ ചെലവഴിച്ചു. കൂടാതെ എം.എൽ.എ.യുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് പാലത്തിലുടനീളം നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചു.



സ്പീക്കറുടെ പൊതു പരിപാടികൾ

## കുടുംബാരോഗ്യ കേന്ദ്രത്തിന് ബഹുനില മന്ദിരം

പത്തനാപുരം മാങ്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ബഹുനില മന്ദിരം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. വികസനത്തിന് രാഷ്ട്രീയമില്ലെന്നും എല്ലാവരും ഒറ്റക്കെട്ടായി നിന്ന് പൊതുജന പങ്കാളിത്തത്തോടെ വികസനം സാധ്യമാക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ പറഞ്ഞു. സർക്കാർ കെട്ടിടങ്ങൾ ശുചിത്വത്തോടെ പരിപാലിക്കാൻ പൊതുജനം ശ്രദ്ധിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മലയോര മേഖലയിലെ ജനങ്ങൾക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ മാങ്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലൂടെ സാധിക്കും. അത്യാധുനിക ലബോറട്ടറി, ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, മൈനർ ഓപ്പറേഷൻ തീയേറ്റർ, കോൺഫറൻസ് ഹാൾ, ഒ.പി. രോഗികൾക്കായി കാത്തിരിപ്പ് കേന്ദ്രം തുടങ്ങിയ സജ്ജീകരണങ്ങൾ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. ചടങ്ങിൽ സ്ഥലം എം.എൽ.എ. കെ.ബി. ഗണേഷ് കുമാർ അധ്യക്ഷത വഹിച്ചു.



ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

## കാർഷിക മേഖലയെ സമ്പന്നമാക്കാൻ യുവജനങ്ങൾ മുന്നോട്ടു വരണം

കാർഷിക മേഖലയെ സമ്പുഷ്ടമാക്കാനും കാർഷിക രംഗത്ത് നവീന വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും യുവജനങ്ങൾക്ക് കൂടുതൽ വരുമാനം കണ്ടെത്താനും കഴിയുന്ന തരത്തിലേക്ക് കാർഷിക മേഖലയെ മാറ്റിയെടുക്കുന്നതിന് ചെറുപ്പക്കാർ മുന്നോട്ടു വരണമെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു.

കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ അടൂർ മാർത്തോമാ യൂത്ത് സെന്ററിൽ യുവ കർഷകർക്കായി സംഘടിപ്പിച്ച ദ്വിദിന യുവകർഷക സംഗമത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.



## സർക്കാർ സ്കൂളുകൾ മികവിന്റെ കേന്ദ്രം

സർക്കാർ സ്കൂളുകൾ സമൂഹത്തിന് മാതൃകയാണെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. കരുവാറ്റ ഗവൺമെന്റ് മോഡൽ എൽ.പി. സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാഠ്യപാഠ്യേതര രംഗത്ത് മികവിന്റെ മാതൃകകൾ തീർക്കുകയാണ് സർക്കാർ സ്കൂളുകൾ. രാജ്യത്തെ തന്നെ മികച്ച സ്കൂളുകളുടെ കൂട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെ സ്കൂളുകളും ഉൾപ്പെടുന്നു എന്നത് അഭിമാനകരമായ കാര്യമാണ്. രജത ജൂബിലിയുടെ ഭാഗമായി സ്കൂളിന്റെ അടിസ്ഥാന സൗകര്യത്തിനായി പുതിയ കെട്ടിടം നിർമിക്കുമെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## യാത്രാക്ലേശം പരിഹരിക്കാൻ ഗ്രാമവണ്ടി

**ഡി.കെ.മുരളി**
**വാമനപുരം**

സാധാരണക്കാരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനു വേണ്ടി കല്ലറ ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. യും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന ഗ്രാമവണ്ടി പദ്ധതി ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. വാമനപുരം എം.എൽ.എ. ഡി.കെ.മുരളി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്തിലെ യാത്രാക്ലേശമുള്ള പ്രദേശങ്ങളിലേക്ക് പതിനാറ് സർവീസുകളാണ് നിലവിൽ ഗ്രാമവണ്ടിക്കുള്ളത്. കീഴാർ റൂട്ടിലായിരുന്നു ഗ്രാമവണ്ടിയുടെ ആദ്യ യാത്ര. കല്ലറ ബസ് സ്റ്റാൻഡിൽ നടന്ന ചടങ്ങിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ത്രിതല പഞ്ചായത്തംഗങ്ങൾ, കെ.എസ്.ആർ.ടി.സി., പഞ്ചായത്ത് ജീവനക്കാർ എന്നിവരും പങ്കെടുത്തു.



## സ്മാർട്ട് വില്ലേജ് ഓഫീസുകൾ നാടിന് സമർപ്പിച്ചു

**സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**പൂഞ്ഞാർ**

പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന്റെ ഭാഗമായി കൂവപ്പള്ളി, കൂട്ടിക്കൽ, മുണ്ടക്കയം എന്നീ വില്ലേജുകളിൽ പുതിയതായി നിർമിച്ച സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം റവന്യൂ - ഭവന നിർമാണ വകുപ്പുമന്ത്രി കെ.രാജൻ നിർവഹിച്ചു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നാൽപ്പത്തി നാല് ലക്ഷം രൂപ വീതം ചെലവഴിച്ചാണ് കൂവപ്പള്ളി, കൂട്ടിക്കൽ എന്നിവിടങ്ങളിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമിച്ചിരിക്കുന്നത്. ജില്ലാ നിർമിതി കേന്ദ്രത്തിനായിരുന്നു രണ്ട് വില്ലേജ് ഓഫീസുകളുടെയും നിർമാണ ചുമതല. എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നുള്ള അമ്പത് ലക്ഷം രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പാണ് മുണ്ടക്കയത്ത് പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമിച്ചത്. പുതിയ വില്ലേജ് ഓഫീസ് കെട്ടിടങ്ങളിൽ മീറ്റിംഗ് റൂം, റക്കാർഡുകളും റിപ്പോർട്ടുകളും സൂക്ഷിക്കുന്ന സ്റ്റോർ റൂം, വില്ലേജ് ഓഫീസറുടെ മുറി, ഫ്രണ്ട് ഓഫീസ്, സന്ദർശകരുടെ വിശ്രമമുറി, ജീവനക്കാർക്കുള്ള ടോയ്‌ലറ്റുകൾ, വില്ലേജ് ഓഫീസിൽ എത്തുന്നവർക്കുള്ള ടോയ്‌ലറ്റുകൾ എന്നിവയാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ ഭിന്നശേഷിക്കാർക്കായി പ്രത്യേകം ടോയ്‌ലറ്റും റാമ്പ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഓഫീസിന് ആവശ്യമായ മറ്റ് ഉപകരണങ്ങൾ എം.എൽ.എ. ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര,



എരുമേലി തെക്ക്, ഈരാറ്റുപേട്ട എന്നീ വില്ലേജുകളിലും പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമാണം നടന്നുവരുന്നു.

സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന യോഗങ്ങളിൽ കോട്ടയം ജില്ലാ കളക്ടർ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.



പ്രതിപക്ഷ നേതാവിന്റെ പേജ്

വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

# ബ്രഹ്മപുരം നമുക്ക് പാഠമാകണം

കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനമായ കൊച്ചിയിലെ ബ്രഹ്മപുരത്തുള്ള മാലിന്യസംസ്കരണ പ്ലാന്റിൽ 2023 മാർച്ച് മാസം 2 ാം തീയതി തുടങ്ങിയ തീപിടുത്തം ഏകദേശം പതിമൂന്ന് ദിവസങ്ങൾക്ക് ശേഷമാണ് പൂർണ്ണമായും കെടുത്താൻ സാധിച്ചത്. വലിയ ഒരു പാരിസ്ഥിതിക ദുരന്തമായി മാറിയ ഈ തീപിടുത്തം മനുഷ്യരടക്കമുള്ള ജീവജാലങ്ങളുടെ സന്തുലിത നിലനില്പിനേല്പിച്ച ആഘാതം അപരിഹാര്യമാണ്. കൊച്ചി നഗരത്തിലുണ്ടാകുന്ന സർവ്വവിധ മാലിന്യങ്ങളുമടങ്ങിയ ബ്രഹ്മപുരത്തെ മാലിന്യമല കത്തിയപ്പോഴുണ്ടായ തീയും പുകയും വിഷവാതകങ്ങളായ ഡയോക്സിനും, സ്റ്റെറിനും, മറ്റു രാസപദാർത്ഥങ്ങളും ശ്വാസകോശാർബുദമടക്കമുള്ള മാരകരോഗങ്ങൾക്കും മറ്റനവധി ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു. മനുഷ്യന്റെ നിത്യരോഗാവസ്ഥയിലേക്കുള്ള പാസ്പോർട്ട് ആയി മാറുകയാണ് ഇന്ന് കേരളത്തിലെ നാഗരിക ജീവിതമെന്ന് പറഞ്ഞാൽ അത് ഒട്ടും അതിശയോക്തിയല്ല, മറിച്ച് യാഥാർത്ഥ്യമാണ്.

കൊച്ചിയിലെ ബ്രഹ്മപുരമടക്കം കേരളത്തിലെ വിവിധ നഗരങ്ങളിലായി ഇരുപത്തിയേഴ് വൻ മാലിന്യമലകളുണ്ടെന്നാണ് ഗവൺമെന്റിന്റെ കണക്ക്. ഈ സ്ഥലങ്ങളിലൊക്കെ ചെറിയ തോതിലൊക്കെ തീപിടുത്തമുണ്ടാകുന്നത് പതിവാണ്. ഭീതിജനകമായ ഈ അവസ്ഥ ഇവിടങ്ങളിലെ ആരോഗ്യകരമായ ജീവിതത്തെ അസാധ്യമാക്കുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യസംസ്കരണം. വ്യക്തവും കൃത്യവുമായ ആസൂത്രണവും ഉൾക്കാഴ്ചയും അവ പ്രയോഗത്തിൽ വരുത്താനുള്ള ഇച്ഛാശക്തിയുമുണ്ടെങ്കിൽ മാലിന്യസംസ്കരണമെന്നത് പരിസരശുചീകരണത്തോടൊപ്പം ഒരു പ്രകൃതിസംരക്ഷണ സൗന്ദര്യവത്കരണ പദ്ധതിയായി മാറ്റാൻ കഴിയുന്നതാണ്. മദ്ധ്യപ്രദേശിലെ ഇൻഡോർ അടക്കമുള്ള നഗരങ്ങളിൽനിന്നും ലഭിക്കുന്ന വാർത്തകളിൽ നമുക്ക് ഇത് അനുഭവിച്ചറിയാൻ സാധിക്കുന്നുണ്ട്. ഇൻഡോർ കോർപ്പറേഷനിലെ മാലിന്യസംസ്ക്കരണ പ്രക്രിയ വളരെ അനുകരണീയമായ മാതൃകയാണ്.

മാലിന്യങ്ങളുടെ പുനരുപയോഗം (re-use), പുനർനിർമ്മാണം (re-cycle) മാലിന്യമുണ്ടാകുന്ന അളവ് കുറയ്ക്കൽ (reduce) എന്നിവയാണ് മാലിന്യനിയന്ത്രണത്തിന്റെ അടിസ്ഥാന തത്വങ്ങളായി പ്രവർത്തിക്കുന്നത്. വിവിധതരം മാലിന്യങ്ങളെ കൃത്യമായി തരംതിരിച്ച് അവ ഓരോന്നും എങ്ങനെ പുനരുപയോഗിക്കാം, നിയന്ത്രിക്കാം, സംസ്കരിക്കാം എന്ന അറിവ് എല്ലാവർക്കും നൽകണം.

ഗണ്യമായ തോതിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് ഉറവിട മാലിന്യസംസ്കരണ പ്രക്രിയ സഹായകരമാണ്. ബാക്കി വരുന്ന മാലിന്യങ്ങൾ സമയബന്ധിതമായി ശേഖരിച്ച് ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികൾ അവലംബിച്ചാൽ മാലിന്യനിർമാർജനമെന്നത് ഒരു വെല്ലുവിളിയല്ലാതാകുമെന്നതിൽ തർക്കമില്ല. ബോധവത്കരണ പ്രക്രിയയിലൂടെ സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജനങ്ങളിലേക്ക് ഈ സന്ദേശമെത്തിക്കാൻ കഴിയണം. പരിസ്ഥിതി നിയമനത്തിലെ അടിസ്ഥാന തത്വങ്ങളിൽ ഒന്നായ 'polluter pays' എന്ന തത്വം 1992 ലെ റിയോയിൽ നടന്ന ഭൗമ ഉച്ചകോടി പ്രഖ്യാപനത്തിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിൽ പ്രാമുഖ്യം ലഭിച്ചതാണ്. polluter pays (മലിനീകരണം ഉണ്ടാക്കുന്നയാൾ നഷ്ടപരിഹാരം നൽകണം) 1996 ലെ ഇന്ത്യൻ കൗൺസിൽ ഓഫ് എൻവയോലീഗൽ ആക്ഷൻ vs യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിലൂടെ സുപ്രീം കോടതിയും അടിവരയിട്ടിട്ടുണ്ട്.

കേരളം പോലെ വലിയ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് പ്രായോഗികമായി മാലിന്യസംസ്കരണവും നിർമാർജ്ജനവും നടപ്പിലാക്കുന്നതിനെപ്പറ്റി ബ്രഹ്മപുരത്തിന്റെ പശ്ചാത്തലത്തിൽ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. അടിയന്തിര പരിഹാരം കാണേണ്ട ഒന്നായി മാലിന്യസംസ്കരണ പ്രക്രിയ മാറിയിട്ടുണ്ട്. മനുഷ്യർ ഇടപെടുന്ന സർവമേഖലകളിലും ജൈവ, അജൈവ, ഇ-വേസ്റ്റ് അടക്കം വിവിധതരം മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതുമൂലം കരയും കടലും ആകാശവും മലിനീകരണത്തിന് വിധേയമാകുന്നുണ്ട്. മനുഷ്യന്റെ പുരോഗതിയുടെയും വികസനത്തിന്റെയും ഒരു ഉപോല്പന്നമായി മാറിക്കഴിഞ്ഞിരിക്കുന്ന ഈ മലിനീകരണ വിപത്തും. പാലാഴി കടഞ്ഞപ്പോൾ അമൃതിനൊപ്പം കാളകൂടവിഷവും കിട്ടിയപോലെയെന്ന് ചുരുക്കിപ്പറയാം.

പരിസ്ഥിതി മലീനീകരണവും വിഷവാതക ബഹിർഗമനവും കാരണം അന്തരീക്ഷ സന്തുലിതാവസ്ഥ തകിടം മറിഞ്ഞിരിക്കുന്നു. കാലാവസ്ഥയിൽ വ്യതിയാനമുണ്ടാകുന്നു. പേമാരിയും വരൾച്ചയും, ഭൂകമ്പവുമൊക്കെ അപ്രതീക്ഷിതമായി നമ്മുടെമേൽ പതിക്കുന്നു. രാസയുദ്ധങ്ങൾ നടക്കുന്ന പോലെയുള്ള പാരിസ്ഥിതിക മലിനീകരണമാണ് ബ്രഹ്മപുരത്ത് മാലിന്യമലയ്ക്ക് തീ പിടിച്ചപ്പോൾ ഉണ്ടായത്. ഇത് സർക്കാരിന്റെ സവിശേഷശ്രദ്ധ പതിയേണ്ട ഗൗരവതരമായ വിഷയമാണ്. ഈ അവസ്ഥ മനസ്സിലാക്കി സംസ്ഥാനമൊട്ടാകെയുള്ള തദ്ദേശസ്ഥാപനങ്ങളിൽ അവിടത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ച് കൃത്യമായ രീതിയിൽ പൊതുജന സഹകരണത്തോടെ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുകയെന്നത് അത്യന്താപേക്ഷിതമാണ്.

തദ്ദേശസ്വയംഭരണം, പരിസ്ഥിതി, ആരോഗ്യം, റവന്യൂ എന്നീ വകുപ്പുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ചേർന്ന് സമഗ്രമായ പഠനം നടത്തി ശാസ്ത്രീയവും ശാശ്വതവുമായ നടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കണം. ജൈവ, അജൈവ മാലിന്യങ്ങൾ, ഇ-വേസ്റ്റ് എന്നിവയോരോന്നും കൃത്യമായി തരം തിരിച്ച് process ചെയ്താൽ ബയോഗ്യാസ്, ജൈവവളം, പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം എന്നിവയിലൂടെ സാമ്പത്തിക നേട്ടവുമുണ്ടാക്കാമെന്നതും ഇൻഡോറിന്റെ പാഠമാണ്. മൊബൈൽ ഫോണും, കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന കേരളത്തിൽ ഇലക്ട്രോണിക് വേസ്റ്റ് പുനരുപയോഗിക്കുന്ന കൂടുതൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. സർക്കാർ, സർക്കാർ അംഗീകൃത ഏജൻസികളിലൂടെയോ വികേന്ദ്രീകൃതമായി ഇക്കാര്യം നിർവ്വഹിക്കാവുന്നതാണ്. ഇപ്പോൾ സ്വകാര്യ സ്ഥാപനങ്ങൾ ഈ മേഖലയിൽ നടത്തുന്ന സംശയകരമായ ഇടപെടലുകൾ ഇ-വേസ്റ്റിന്റെ ദുരുപയോഗത്തിനും അതുവഴി കൂടുതൽ മലിനീകരണത്തിനും കാരണമാകുന്നു. മാലിന്യനിർമാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ‘ഹരിതകേരളം’ വിജയത്തിലെത്തണമെങ്കിൽ കേരളത്തിലെ കാലാവസ്ഥാഭേദങ്ങൾക്കനുസരിച്ച് കൃത്യമായ ആസൂത്രണത്തോടെ വിവിധതരം മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സാങ്കേതികജ്ഞാനവും പ്രായോഗിക വീക്ഷണവും അനുബന്ധ സൗകര്യങ്ങളും അത്യാവശ്യമാണ്.

കേരളത്തിൽ മലിനീകരണനിയന്ത്രണം നടപ്പിലാക്കാനുള്ള നിയമാനുസൃത അതോറിറ്റിയാണ് 1974 ൽ ആരംഭിച്ച മലിനീകരണ നിയന്ത്രണ ബോർഡ്. കേരളത്തിലെ മലിനീകരണ നിയന്ത്രണത്തിനുള്ള രൂപരേഖ തയ്യാറാക്കി നടപ്പിലാക്കാനും അതിന് നേതൃത്വം നല്കാനുമുള്ള മലിനീകരണ നിയന്ത്രണ ബോർഡിൽ മതിയായ വിദഗ്ധരും ഉദ്യോഗസ്ഥരുമില്ലാത്തത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും പിന്നാക്കം തള്ളുന്നുവെന്നത് മലിനീകരണനിയന്ത്രണ നിർമാർജന പ്രക്രിയയിൽ വലിയ കാലതാമസമാണുണ്ടാക്കുന്നത്. ആയത്, അടിയന്തിരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും പാരിസ്ഥിതിക സവിശേഷതകളും പരിഗണിച്ചുവേണം നമ്മുടെ വികസന-വിതരണ നിർമ്മാണ മേഖലകളിൽ ക്രമീകരണം നടക്കേണ്ടത്. കേന്ദ്രീകൃത മാലിന്യസംസ്കരണ രീതി മാറ്റി വികേന്ദ്രീകരണ രീതി സ്വീകരിച്ചും ഉറവിടത്തിൽത്തന്നെ പരമാവധി മാലിന്യം സംസ്കരിച്ചും ഈ ഭീഷണിയിൽ നിന്നും നമുക്ക് മുക്തരാകാൻ കഴിയും. നമ്മുടെ ജീവിത നിലവാരമുയർത്താനും സ്റ്റേറ്റിന്റെ വരുമാനം വർദ്ധിപ്പിക്കാനുമുള്ള പ്രയാണത്തിൽ പ്രകൃതി സംരക്ഷണത്തിന് വളരെ വലിയ സ്ഥാനമുണ്ട്.

'ദൈവത്തിന്റെ സ്വന്തം നാട്' കാണാൻ വിദേശീയരും സ്വദേശികളുമായ ടൂറിസ്റ്റുകൾ വൻതോതിൽ എത്തിച്ചേരുമ്പോൾ നമ്മുടെ പരിസ്ഥിതിയും ആരോഗ്യമേഖലയും ആവാസവ്യവസ്ഥയുമൊക്കെ കൃത്യമായി സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ കോടിക്കണക്കിന് രൂപയുടെ വരുമാന നഷ്ടത്തിന് കൂടി അത് ഇടയാക്കുമെന്നത് ബ്രഹ്മപുരത്തിന്റെ പാഠമാണ്. ഈ വിഷയം സഗൗരവം പഠിച്ച് പരിഹാരമാർഗങ്ങൾ സ്വീകരിക്കേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് അനിവാര്യമാണ്.

വിവിധതരം മാലിന്യങ്ങളുടെ സംസ്കരണവും, വായുവും വെള്ളവും ആകാശവും ഭൂമിയുമൊക്കെ മലിനപ്പെടാതെയുള്ള സാഹചര്യവും ഓരോ പൗരന്റേയും ആരോഗ്യകരമായ ജീവിത സുരക്ഷക്കായി ഭരണസംവിധാനം ഉറപ്പു വരുത്തേണ്ട മൗലികമായ ഒന്നാണ്. മാലിന്യസംസ്കരണത്തിന്റെ ആവശ്യകത സംബന്ധിച്ച് കൃത്യമായ ബോധവത്കരണം സ്കൂൾതലം മുതൽ ആരംഭിക്കണം. കൃത്യമായ ഇടപെടലുകളിലൂടെ എല്ലാവിഭാഗം ജനങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് മാത്രമേ മാലിന്യസംസ്കരണ പ്രക്രിയ സാധ്യമാകുകയുള്ളൂ. പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും പ്രാദേശിക ഭരണസംവിധാനവും ഒത്തൊരുമിച്ച് സർക്കാരിതര സന്നദ്ധസംഘടനകളുടെയും വ്യക്തികളുടെയും സഹായസഹകരണത്തോടെ കേരളത്തിലെ ഖര-ദ്രവ, ഇ-വേസ്റ്റ് തുടങ്ങിയവയുടെ ശാസ്ത്രീയസംസ്കരണത്തിനും പ്രകൃതിസന്തുലിതാവസ്ഥ നിലനിർത്തുന്നതിനും വേണ്ട കർമ്മപരിപാടികൾ നടപ്പിലാക്കിയാൽ അവ പൂർണമായ വിജയത്തിലെത്തിക്കാൻ സാധിക്കുമെന്നതിൽ ഒരു വിധത്തിലുമുള്ള സന്ദേഹവുമില്ല. അതേസമയം ബ്രഹ്മപുരത്ത് നടന്നത് ക്രിമിനൽ കുറ്റമാണ്. അതിന് പുറകിലുള്ള അഴിമതിയും അന്വേഷിക്കപ്പെടേണ്ടതുണ്ട്. സർക്കാരിന് ഇത്തരം ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഇനി ഒരു ബ്രഹ്മപുരം കേരളത്തിൽ ഉണ്ടാകരുത്.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

## 'കേരള ബജറ്റ്' ആപ്ലിക്കേഷനിൽ പരിശീലന പരിപാടി

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സാമാജികരുടെ പി.എ.മാർക്കും അംഗീകൃത മാധ്യമ പ്രതിനിധികൾക്കും നിയമസഭാ സെക്രട്ടേറിയറ്റിലെ സബ്ജക്ട് കമ്മിറ്റികൾ, അക്കൗണ്ട്സ് 'എഫ്' എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കുമായി പേപ്പർ രഹിത ബജറ്റ് എന്ന ആശയം മുൻനിർത്തി ധനകാര്യ വകുപ്പ് എൻ.ഐ.സി. യുടെ സഹായത്തോടെ രൂപകല്പന ചെയ്ത 'കേരള ബജറ്റ്' എന്ന ആപ്ലിക്കേഷനിൽ നിന്നും രേഖകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നത് സംബന്ധിച്ച പരിശീലന പരിപാടി 2023 ഫെബ്രുവരി 1 ന് ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിച്ചു. കെ - ലാംപ്സ് (പി.എസ്.) ഡയറക്ടർ ജി.പി. ഉണ്ണികൃഷ്ണൻ പരിപാടിയിൽ സ്വാഗതം ആശംസിക്കുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു.

ധനകാര്യ (ബജറ്റ്) വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ അനിൽ കുമാർ എ, സെക്ഷൻ ഓഫീസർ അഖിലേശൻ ജി.കെ. എന്നിവർ പരിശീലന ക്ലാസ് നയിച്ചു. ഇത്തവണ മുതൽ മുഴുവൻ ബജറ്റ് രേഖകളും പേപ്പർ രഹിതമാണെന്നതിനാൽ ധനകാര്യ വകുപ്പ് രൂപകൽപന ചെയ്ത 'കേരള ബജറ്റ്' എന്ന ബജറ്റ് ആപ്ലിക്കേഷനിൽ നിന്നും ബജറ്റ് രേഖകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് വിശദീകരിക്കുകയും ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

പരിശീലന പരിപാടിയിൽ തൊണ്ണൂറ്റിരണ്ട് പേഴ്സണൽ അസിസ്റ്റന്റുമാരും ഇരുപത്തിയാറ് മാധ്യമ പ്രതിനിധികളും മുപ്പത്തിരണ്ട് നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

## അമേരിക്കൻ വിദ്യാർത്ഥി സംഘവുമായി സ്പീക്കറുടെ കൂടിക്കാഴ്ച

അമേരിക്കയിലെ ലിൻഫീൽഡ് യൂണിവേഴ്സിറ്റിയിൽ നിന്നും 'Philosophy and politics of Happiness' എന്ന വിഷയത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളും, പ്രൊഫസർമാരും അടങ്ങുന്ന പന്ത്രണ്ടംഗ വനിതാ സംഘം 2023 ജനുവരി 28 ന് സ്പീക്കറുമായി കൂടിക്കാഴ്ച നടത്തി.

കേരള നിയമസഭയുടെ ചരിത്രം, നിയമസഭയുടെ നടപടിക്രമങ്ങൾ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കലകൾ എന്നിവ സംബന്ധിച്ച് സ്പീക്കർ സന്ദർശക സംഘവുമായി സംസാരിച്ചു. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളം ആർജ്ജിച്ച പുരോഗതി വിവരിച്ച അദ്ദേഹം കോവിഡ് കാലത്തും നിയമസഭ സമ്മേളിക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയായിരുന്നുവെന്നും അഭിപ്രായപ്പെട്ടു. ഉയർന്ന ജീവിത നിലവാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ പ്രാതിനിധ്യം, സാക്ഷരത എന്നിങ്ങനെ അഭിമാനിക്കാവുന്ന ഒട്ടനവധി നേട്ടങ്ങൾ കേരളത്തിന്റേതായുണ്ടെന്നും ഈ വിഷയങ്ങൾ അതീവ പ്രാധാന്യത്തോടെയാണ് സർക്കാർ പരിഗണിക്കുന്നതെന്നും അദ്ദേഹം പരാമർശിച്ചു. കൂടാതെ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ സ്ത്രീ പ്രാതിനിധ്യം, സ്ത്രീശാക്തീകരണം, ജീവിതനിലവാരം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് സ്പീക്കർ മറുപടി നല്കി. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി രണ്ട് ലക്ഷത്തോളം സന്ദർശകർ പങ്കെടുത്ത 'കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം 2023' (KLIBF 2023) സംഘടിപ്പിച്ച വിവരവും സ്പീക്കർ യോഗത്തിൽ പരാമർശിച്ചു.

## കേരള നിയമസഭ സന്ദർശിച്ച് ആസ്ട്രേലിയൻ സംഘം

ആസ്ട്രേലിയയിലെ വിക്ടോറിയ സംസ്ഥാനത്തെ ഡെപ്യൂട്ടി സ്പീക്കർ മാറ്റ് ഫ്രേഗോൺ, ഗവ.ചീഫ് വിപ്പ് ലീ ടാർലമിസ്, പാർലമെന്റ് അംഗങ്ങളായ മെംഗ് ഹീങ് ടാക്, ഡൈലൻ ജെയിംസ് മെൽബൺ, മലയാളി അസോസിയേഷൻ സെക്രട്ടറി ഫിന്നി മാത്യു എന്നിവരടങ്ങുന്ന സംഘം 2023 ഫെബ്രുവരി 17 ന് കേരള നിയമസഭ സന്ദർശിച്ചു. നിയമസഭാ സെക്രട്ടറി എം.എം.ബഷീറുമായി ചർച്ച നടത്തിയ സംഘം നിയമസഭാ ചേംബറും സന്ദർശിച്ചു.



## പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടി

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പ് ഉദ്യോഗസ്ഥർക്കായി കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഒരു പരിശീലന പരിപാടി 2023 ഫെബ്രുവരി 21 ന് നിയമസഭാ സമുച്ചയത്തിലെ V E കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. പരിശീലന പരിപാടിയിൽ ഗവ. സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അറുപത്തിയഞ്ച് ഉദ്യോഗസ്ഥർ പങ്കെടുത്തു. കെ - ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഷാജി സി. ബേബി പരിപാടിയിൽ സ്വാഗതം ആശംസിക്കുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. നിയമസഭാ സെക്രട്ടറി എ.എം. ബഷീർ പരിപാടിയ്ക്ക് ആശംസ അർപ്പിച്ച് സംസാരിച്ചു. പരിശീലനത്തിന്റെ ആദ്യ സെഷനിൽ റിപ്പോർട്ടുകൾ, രേഖകൾ എന്നിവ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നത് സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് ടേബിൾ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി റീന വി. ആർ. വിശദീകരിച്ചു. രണ്ടാമത്തെ സെഷനിൽ രേഖകൾ ഇ-നിയമസഭ പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കുന്നത് സംബന്ധിച്ച് ഐ.റ്റി. വിഭാഗത്തിനു വേണ്ടി U.L.T.S. പ്രതിനിധികൾ വിശദീകരിച്ചു.

കെ - ലാംപ്സ് (പി.എസ്.) ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണൻ നിയമസഭാ നടപടിക്രമങ്ങളെ സംബന്ധിച്ചും മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും സംക്ഷിപ്തമായി സംസാരിക്കുകയും പരിപാടിയിൽ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.





## കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം 2023 – മാധ്യമ അവാർഡ് വിതരണം

നിയമസഭ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെയും 'ആസാദി കാ അമൃത് മഹോത്സവി'ന്റെയും ഭാഗമായി കേരള നിയമസഭയിൽ 2023 ജനുവരി 09 മുതൽ 15 വരെ സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ പ്രചരണത്തിനായി ഇതു സംബന്ധിച്ച വാർത്തകൾ, വിശകലനങ്ങൾ എന്നിവ ഏറ്റവും മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്ത പത്ര, ദൃശ്യ, ശ്രവ്യ, ഓൺലൈൻ മാധ്യമങ്ങൾക്കായി നാല് അവാർഡുകളും പത്ര, ദൃശ്യ, ശ്രവ്യ, ഓൺലൈൻ മാധ്യമങ്ങളിലെ ഏറ്റവും മികച്ച റിപ്പോർട്ടർ, ഫോട്ടോഗ്രാഫർ, ക്യാമറാമാൻ എന്നിവർക്കായി മൂന്ന് അവാർഡുകളും ഉൾപ്പെടെ ആകെ ഏഴ് മാധ്യമ അവാർഡുകൾ ഏർപ്പെടുത്തിയിരുന്നു. പതിനായിരം രൂപയും സർട്ടിഫിക്കറ്റും അടങ്ങിയതാണ് അവാർഡ്. 2023 ജനുവരി 01 മുതൽ 16 വരെ പ്രസിദ്ധീകരിച്ചതോ സംപ്രേക്ഷണം ചെയ്തിട്ടുള്ളതോ ആയ വാർത്തകളോ റിപ്പോർട്ടുകളോ ആണ് അവാർഡിനായി പരിഗണിച്ചത്.

പുസ്തകോത്സവത്തിന്റെ ഭാഗമായി ഏറ്റവും മികച്ച മെഗാ ഇവന്റ് അവതരിപ്പിച്ച മാധ്യമ സ്ഥാപനത്തിന് Kerala Legislature International Book Festival 2023 - Best Mega Event Award ഉം ഏർപ്പെടുത്തിയിരുന്നു. പതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങിയതാണ് അവാർഡ്.

അച്ചടി മാധ്യമ വിഭാഗത്തിൽ ദേശാഭിമാനി, ശ്രവ്യ മാധ്യമ വിഭാഗത്തിൽ ക്ലബ് എഫ്.എം. 94.3, ഓൺലൈൻ മാധ്യമ വിഭാഗത്തിൽ സീ മലയാളം ന്യൂസ് എന്നിവയും ദൃശ്യ മാധ്യമ വിഭാഗത്തിൽ എഷ്യാനെറ്റ് ന്യൂസ് ചീഫ് റിപ്പോർട്ടർ കെ. അരുൺ കുമാറും മികച്ച റിപ്പോർട്ടർക്കുള്ള അവാർഡിന് മെട്രോ വാർത്തയിലെ റിപ്പോർട്ടർ പി.ബി.ബിച്ചുവും മികച്ച ഫോട്ടോഗ്രാഫർ അവാർഡിന് ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് പ്രിൻസിപ്പൽ ന്യൂസ് ഫോട്ടോഗ്രാഫർ ദീപു ബി.പി. യും മികച്ച ക്യാമറാമാനായി മീഡിയ വൺ ചാനലിലെ ഉണ്ണി പാലാഴിയും അർഹരായി. മികച്ച മെഗാ ഇവന്റിനുള്ള അവാർഡിന് മലയാള മനോരമ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് അവതരിപ്പിച്ച വിസ്മയ സന്ധ്യ അർഹമായി. 2023 ഫെബ്രുവരി 20 ന് ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ സ്പീക്കർ അവാർഡുകൾ വിതരണം ചെയ്തു.



## സഭാധ്യക്ഷന്റെ പേജ്

തുടർച്ച .....

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന ഘട്ടത്തിലാണ് ജനാധിപത്യത്തിന് നേരെയുള്ള കടന്നാക്രമണങ്ങൾ നിരന്തരം നടന്നുകൊണ്ടിരിക്കുന്നത്. പാർലമെന്ററി ജനാധിപത്യത്തിന്റെ നാളിതുവരെയുള്ള കീഴ്‌വഴക്കങ്ങൾ നിരാകരിക്കപ്പെടുന്നു. പാർലമെന്റിനകത്ത് വാക്കുകൾക്ക് വരെ വിലക്കുകൾ വരുന്നു. വിമർശനങ്ങളും പരിശോധനകളും തിരുത്തലുകളുമാണ് ജനാധിപത്യത്തിന്റെ അടിത്തറ. അഴിമതിക്കെതിരായ പോരാട്ടമെന്നത് ജനാധിപത്യത്തിന്റെ സുഗമമായ മുന്നോട്ടുപോക്കിന് അനിവാര്യമാണ്. രാജ്യത്തിന്റെ പൊതുസമ്പത്ത് കൊള്ളയടിക്കപ്പെടുന്ന ഘട്ടങ്ങളിലെല്ലാം പാർലമെന്റ് അതിനെതിരായ ശബ്ദങ്ങളാൽ മുഖരിതമായിരുന്നു. അങ്ങനെയുള്ള സഭയിൽ അഴിമതി ആക്ഷേപം ഉന്നയിക്കാൻ പോലും അവസരമില്ലാത്ത അവസ്ഥ പരിതാപകരമാണ്. നിയമനിർമാണം നടത്തുന്നതിനൊപ്പം സർക്കാരിനെ നിയന്ത്രിക്കുക എന്നതും പാർലമെന്റിന്റെ പ്രധാനപ്പെട്ട ചുമതലയാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന്റെ പാർലമെന്റ് മാതൃകാപരമായല്ല പ്രവർത്തിക്കുന്നത് എന്ന ആക്ഷേപത്തിനെ ഊട്ടിയുറപ്പിക്കുന്നതാണ് രാഹുൽ ഗാന്ധിയുടെ ലോക്‌സഭാംഗത്വം അയോഗ്യമാക്കിയ നടപടി.

ജനഹിതം പ്രതിഫലിക്കുന്ന പരമാധികാര സഭയാണ് പാർലമെന്റ്. എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുമ്പോഴും ജനഹിതത്തിൽ ഊന്നിയായിരിക്കണം മുന്നോട്ടു പോകേണ്ടത്. പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വമാണിത്. ഏഥൻസിൽ മുളപൊട്ടിയതും മാഗ്നാ കാർട്ടയിൽ വികസിച്ചതുമായ ഈ ആശയത്തെ ഇല്ലായ്മചെയ്യുന്നു എന്നത് ജനാധിപത്യത്തിന്റെ മരണമണി തന്നെയാണ്. ലെജിസ്ലേറ്റർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവ ഔദ്യോഗികമായി ജനാധിപത്യത്തിന്റെ മൂന്നുശാഖകളാണ്. മാധ്യമങ്ങളെ ജനാധിപത്യത്തിന്റെ നാലാംതൂണായി വിലയിരുത്താറുണ്ട്. ചോദ്യങ്ങളുന്നയിക്കാനും വിവരങ്ങൾ ശേഖരിച്ച് ജനങ്ങളിലെത്തിക്കാനുമുള്ള ഉപാധിയെന്നുള്ള നിലയിൽ മാധ്യമങ്ങൾക്ക് ജനാധിപത്യത്തിൽ വലിയ പങ്കുവഹിക്കാനാവും. വിവര വിനിമയത്തിൽ നിന്നും സമ്മതി നിർമിതിയിലേക്ക് കൂപ്പുകുത്തുന്ന മാധ്യമ സംസ്കാരം ജനാധിപത്യത്തിന് ഭൂഷണമല്ല. മാധ്യമങ്ങളിൽ ഭൂരിഭാഗവും ജനാധിപത്യത്തിന് നേരെയുള്ള ആക്രമണങ്ങളെ കണ്ടില്ലെന്ന് നടിക്കുകയാണ്. ഭരണകൂടത്തിന്റെ അത്തരം ആക്രമണങ്ങൾ വലിയ കാര്യമല്ലെന്ന് സ്ഥാപിക്കുകയാണ്. അടിയന്തരാവസ്ഥയുടെ ഘട്ടത്തിൽ മുട്ടിലിഴഞ്ഞവർ ഇന്ന് ഭരണകൂടത്തിന് ഓശാനപാടുന്നു. ഇത്തരമൊരന്തരീക്ഷം ഭരണഘടനാ മൂല്യങ്ങളെയെല്ലാം അട്ടിമറിക്കുന്നതിനുള്ള അവസരമാക്കി മാറ്റി ഹിന്ദുത്വ രാഷ്ട്രീയം ഉപയോഗിക്കുകയാണ്.

രാജ്യത്തിന്റെ ജനാധിപത്യം നിരവധി തലങ്ങളിൽ നിന്നുള്ള വെല്ലുവിളികൾ നേരിടുമ്പോൾ, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കാനും പാർലമെന്റിന്റെ പരമാധികാരം ഉറപ്പുവരുത്താനും ഫെഡറൽ ഘടനയോട് നീതിപുലർത്താനും ജനാധിപത്യ വിശ്വാസികളെല്ലാം കൈകോർക്കേണ്ടതുണ്ട്. നമുക്ക് ജനാധിപത്യത്തെ സംരക്ഷിച്ച് ശക്തിപ്പെടുത്താം.

# പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2023 ജനുവരി 23ന് ആരംഭിച്ചു. 2023 കലണ്ടർ വർഷത്തെ ആദ്യ സമ്മേളനം ആയതിനാൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടിയാണ് എട്ടാം സമ്മേളനം ആരംഭിച്ചത്.

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്ര ചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 7600 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ നിന്നും 570 എണ്ണം നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 6888 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 7458 ചോദ്യങ്ങൾ അനുവദിച്ചു. വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത രണ്ടു ചോദ്യങ്ങളുടെ ഉത്തരങ്ങളിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന എട്ടാം സമ്മേളനത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സഭയിൽ സമർപ്പിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനകാലത്ത് ചട്ടം 50 പ്രകാരം അടിയന്തര പ്രമേയത്തിന് അവതരണാനുമതി അഭ്യർത്ഥിച്ചുകൊണ്ടുള്ള 14 നോട്ടീസുകൾ സഭ മുമ്പാകെ ലഭിച്ചു. തുടർച്ചയായി അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നത് പ്രതിപക്ഷത്തിന്റെ അവകാശങ്ങൾക്ക് മേലുള്ള കടന്നുകയറ്റമാണെന്ന് ആരോപിച്ച് പ്രതിപക്ഷം സഭക്ക് ഉള്ളിലും പുറത്തും പ്രതിഷേധിക്കുകയും തുടർച്ചയായ പ്രതിഷേധങ്ങളെ തുടർന്ന് 2023 മാർച്ച് 15 ന് സഭാ സമ്മേളനം അവസാനിച്ചശേഷം പ്രതിപക്ഷം സ്പീക്കറുടെ ചേംബർ ഉപരോധിക്കുകയും തുടർന്ന് സംഘർഷങ്ങളുണ്ടാകുകയും ചെയ്തു. കൂടാതെ 2023 മാർച്ച് 16, 17, 20 തീയതികളിലെ സഭാനടപടികളും പ്രതിപക്ഷ ബഹളം കാരണം തടസ്സപ്പെടുകയും ബിസിനസ്സുകൾ പൂർത്തീകരിച്ച് സഭ നേരത്തേ പിരിയുകയും ചെയ്തു. 2023 മാർച്ച് 21 ന് സഭാ നടപടികൾ ആരംഭിച്ചപ്പോൾ പ്രതിപക്ഷ അംഗങ്ങളായ ഷാഫി പറമ്പിൽ, എ.കെ.എം. അഷറഫ്, അൻവർ സാദത്ത്, ടി.ജെ. വിനോദ്, ഉമ തോമസ് എന്നിവർ സഭയുടെ നടുത്തളത്തിൽ സത്യാഗ്രഹമിരിക്കുന്ന വിവരം പ്രതിപക്ഷ നേതാവ് അറിയിച്ചു. ചോദ്യോത്തരവേള ബഹളം കാരണം തടസ്സപ്പെട്ടു. സമ്മേളനകാലയളവിലെ അനിഷ്ടസംഭവങ്ങളിലെ അതൃപ്തി രേഖപ്പെടുത്തി സ്പീക്കർ റൂളിംഗ് നൽകി. നടപടികൾ സുഗമമായി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 2023 മാർച്ച് 22 മുതലുള്ള സമ്മേളന ദിവസങ്ങളിലെ മുഴുവൻ ഗവൺമെന്റ് ബിസിനസ്സുകളും ചർച്ച കൂടാതെ പാസ്സാക്കിക്കൊണ്ട് പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2023 മാർച്ച് 21 ന് അവസാനിപ്പിക്കുകയും ചെയ്തു.

ആകെ 32 ശ്രദ്ധക്ഷണിക്കലുകളും 149 സബ്മിഷനുകളും സഭാതലത്തിൽ ഉന്നയിക്കപ്പെട്ടു. എട്ടാം സമ്മേളനകാലത്താകെ 384 രേഖകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടേതായ 57 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2023 മാർച്ച് 15 ന് ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി ചട്ടം 300 പ്രകാരം സഭയിൽ ഒരു പ്രസ്താവന നടത്തി. കൂടാതെ ചട്ടം 167 പ്രകാരം ലഭിച്ച നോട്ടീസ് പ്രകാരമുള്ള ഒരു ചട്ട ഭേദഗതിയും സമ്മേളനകാലയളവിൽ 2023 മാർച്ച് 14 ന് സഭ പരിഗണിച്ചു.

പ്രധാനമായും 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പാസ്സാക്കുന്നതിനായി ചേർന്ന എട്ടാം സമ്മേളനത്തിൽ 2023 ഫെബ്രുവരി 1, 2 തീയതികളിൽ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയും ഫെബ്രുവരി 3 ന് ബജറ്റ് അവതരണവും നടന്നു. ഫെബ്രുവരി 6 മുതൽ 8 വരെയുള്ള തീയതികളിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടന്നു. ഫെബ്രുവരി 13 മുതൽ രണ്ടാഴ്ച വിവിധ സബ്ജക്ട് കമ്മിറ്റികൾ യോഗം ചേർന്ന് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തി.

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പൂർണമായും പാസ്സാക്കിയാണ് സഭ പിരിഞ്ഞത്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത് ഒമ്പതാം തവണയാണ് ഫുൾ ബജറ്റ് പാസ്സാക്കുന്നത് എന്ന സവിശേഷത കൂടി ഈ സമ്മേളനത്തിനുണ്ട്. ഇതിനു മുൻപ് 2020 ലാണ് ഫുൾ ബജറ്റ് പാസ്സാക്കിയത്.

2023 ഫെബ്രുവരി 28 ാം തീയതി മുതൽ 2023 മാർച്ച് 21 വരെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടന്നു. ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ എട്ടാം സമ്മേളനത്തിൽ ആകെ 8 ബില്ലുകൾ സഭ പാസ്സാക്കി. സഭ പാസ്സാക്കിയ പ്രധാന ബില്ലുകളിൽ ദി കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) അമെന്റ്മെന്റ് ബിൽ, 2022 ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ബിൽ, 2022 ലെ കേരള മുൻസിപ്പാലിറ്റി ഭേദഗതി ബിൽ, സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലായിരുന്ന 2021 ലെ കേരള പൊതുജനാരോഗ്യ ബിൽ എന്നിവ ഉൾപ്പെടുന്നു.

സമീപകാല സമ്മേളനങ്ങളിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി ദിവസങ്ങൾ നീക്കിവയ്ക്കാതിരിക്കുകയോ നീക്കിവയ്ക്കുന്ന ദിവസങ്ങളിലെ ബിസിനസ്സ് നടക്കാതിരിക്കുകയോ ആയിരുന്നു പതിവ്. എന്നാൽ എട്ടാം സമ്മേളനകാലയളവിൽ അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങൾക്കായി 2023 മാർച്ച് 3, 17 തീയതികളിലായി രണ്ടു ദിവസം വിനിയോഗിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2023 ജനുവരി 23 ന് ആരംഭിച്ച് 2023 മാർച്ച് 30 ന് അവസാനിക്കുന്ന വിധത്തിൽ 33 ദിവസത്തെ സമ്മേളനം ആണ് നിശ്ചയിച്ചിരുന്നതെങ്കിലും 21 ദിവസത്തെ സിറ്റിംഗ് പൂർത്തിയാക്കി 2023 മാർച്ച് 21 ന് അവസാനിച്ചു.



ഇതരസഭാ വാർത്തകൾ........

## ത്രിപുര, മേഘാലയ, നാഗാലാന്റ് സംസ്ഥാനങ്ങളിൽ പുതിയ സർക്കാർ

ത്രിപുര മുഖ്യമന്ത്രിയായി ബി.ജെ.പി. നേതാവ് പ്രൊഫ. മണിക് സാഹ രണ്ടാമതും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. അറുപതംഗ നിയമസഭയിൽ 32 സീറ്റ് നേടിയാണ് ബി.ജെ.പി. അധികാരം നിലനിർത്തിയത്. പതിമൂന്നാമത് ത്രിപുര നിയമസഭയുടെ സ്പീക്കറായി ബിശ്വ ബന്ധു സെൻ തെരഞ്ഞെടുക്കപ്പെട്ടു. മുഖ്യമന്ത്രി സ്ഥാനത്തേക്ക് സജീവമായി പരിഗണിച്ചിരുന്ന കേന്ദ്ര സാമൂഹ്യനീതി സഹമന്ത്രി പ്രതിമ ഭൗമിക് ധൻപൂർ മണ്ഡലത്തിൽ നിന്നും വിജയിച്ചെങ്കിലും മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി സ്ഥാനങ്ങളിലേക്ക് പരിഗണിക്കാത്തതിനെ തുടർന്ന് നിയമസഭാംഗത്വം രാജിവച്ചു.

എൻ.പി.പി. നേതാവ് കോൺറാഡ് കെ. സാങ്മ തുടർച്ചയായി രണ്ടാം തവണയും മേഘാലയ മുഖ്യമന്ത്രിയായി. അൻപത്തിയൊൻപത് മണ്ഡലങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ നാൽപത്തിയഞ്ച് എം.എൽ.എ.മാരുടെ പിന്തുണയോടെയാണ് പുതിയ സർക്കാർ അധികാരത്തിലേറിയത്. നോർത്ത് ടുര മണ്ഡലത്തിൽ നിന്നും വിജയിച്ച തോമസ് എ. സാങ്മ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു.

നാഗാലാന്റിൽ എൻ.പി.പി. നേതാവ് നെയ്ഫ്യൂ റിയോ അഞ്ചാമതും മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ടി.ആർ. സെലിയാങ്, വൈ. പാറ്റൻ എന്നിവർ ഉപമുഖ്യമന്ത്രിമാരായി. എൻ.പി.പി. - ബി.ജെ.പി. സഖ്യത്തിന് അറുപതംഗ സഭയിൽ മുപ്പത്തിയേഴ് പേരുടെ പിന്തുണയാണ് ലഭിച്ചത്. മറ്റു പാർട്ടികളും സർക്കാരിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലും നാഗാ പീപ്പിൾസ് ഫ്രണ്ടിന്റെ (എൻ.പി.എഫ്.) അംഗങ്ങൾ ഭരണകക്ഷിയായ എൻ.ഡി.പി.പി. യിൽ ചേർന്നതിനാൽ പ്രതിപക്ഷം ഇല്ലായിരുന്നു. ഷാരിങ്ഗെയിൻ ലോംഗ്കുമാറിനെ നാഗാലാന്റ് സ്പീക്കറായും തെരഞ്ഞെടുത്തു.


പ്രൊഫ. മണിക് സാഹ


കോൺറാഡ് കെ. സാങ്മ


നെയ്ഫ്യൂ റിയോ

## നാഗാലാന്റ് നിയമസഭയിൽ ആദ്യമായി വനിതാ സാന്നിധ്യം

നാഗാലാന്റ് സംസ്ഥാനത്തിന്റെ ആറ് പതിറ്റാണ്ടു കാലത്തെ രാഷ്ട്രീയ ചരിത്രത്തിൽ പതിമൂന്നുതവണ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നെങ്കിലും നാളിതുവരെ ഒരു വനിതാ സ്ഥാനാർത്ഥി പോലും തെരഞ്ഞെടുക്കപ്പെട്ടിരുന്നില്ല. എന്നാൽ, 2023 മാർച്ചിൽ നിലവിൽ വന്ന പതിനാലാമത് നാഗാലാന്റ് നിയമസഭ ഹെഖാനി ജകാലു, സൽഹൗതുവാനോ കർസ് എന്നീ രണ്ടു വനിതാ സാമാജികരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി. നാഷണൽ ഡെമോക്രാറ്റിക്ക് പ്രോഗ്രസീവ് പാർട്ടി (എൻ.ഡി.പി.പി.) സ്ഥാനാർത്ഥികളായിട്ടാണ് ഇരുവരും മത്സരിച്ചത്. ദിമാപൂർ (മൂന്ന്) മണ്ഡലത്തിൽ നിന്നും വിജയിച്ച ഹെഖാനി ജകാലുവിന് 1536 വോട്ടിന്റെ ഭൂരിപക്ഷവും വെസ്റ്റേൺ അംഗാമി മണ്ഡലത്തിൽ മത്സരിച്ച സൽഹൗതുവാനോ കർസിന് ഏഴ് വോട്ടിന്റെ ഭൂരിപക്ഷവുമാണ് ലഭിച്ചത്. അറുപതംഗ നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ആകെ നാല് വനിതകൾ മാത്രമാണ് മത്സരിച്ചത്.


സൽഹൗതുവാനോ കർസ്


ഹെഖാനി ജകാലു

## തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനം: ചരിത്രവിധിയുമായി സുപ്രീം കോടതി

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെയും തെരഞ്ഞെടുപ്പ് കമ്മീഷണർമാരെയും നിയമിക്കാൻ രാഷ്ട്രപതിക്ക് ശിപാർശ നൽകുന്നതിന് പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ്, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എന്നിവരടങ്ങുന്ന മൂന്നംഗ സമിതിയെ ചുമതലപ്പെടുത്തി സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചു. ലോക്സഭയിൽ പ്രതിപക്ഷ നേതാവില്ലെങ്കിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള പ്രതിപക്ഷ പാർട്ടിയുടെ നേതാവിനെ സമിതിയിൽ ഉൾപ്പെടുത്തണം. ഭരണഘടനയുടെ 324(2) ാം അനുച്ഛേദ പ്രകാരം മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെയും തെരഞ്ഞെടുപ്പ് കമ്മീഷണർമാരേയും പാർലമെന്റ് പാസാക്കിയ നിയമത്തിനു വിധേയമായി രാഷ്ട്രപതിയാണ് നിയമിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ ഒരു നിയമം ഇതുവരെ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ കേന്ദ്രസർക്കാരിന്റെ ശിപാർശ പ്രകാരം രാഷ്ട്രപതി നിയമിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. പാർലമെന്റ് നിയമം പാസാക്കുന്നതുവരെ സുപ്രീം കോടതി നിർദ്ദേശിച്ച സമിതി തുടരണമെന്നും വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് കമ്മീഷന് പ്രത്യേക ഫണ്ട് മാറ്റിവയ്ക്കണമെന്നും സ്ഥിരം സെക്രട്ടേറിയറ്റ് സംവിധാനം ഏർപ്പെടുത്തണമെന്നും സുപ്രീം കോടതി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു.



ഭരണഘടന വിഭാവനം ചെയ്യുന്ന ജനാധിപത്യം ഉയർത്തിപ്പിടിക്കുന്നതിന് സ്വതന്ത്രവും നീതിപൂർവ്വവുമായി തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തേണ്ടത് അനിവാര്യമാണെന്നു നിരീക്ഷിച്ച സുപ്രീം കോടതി അതിനായി ഇലക്ഷൻ കമ്മീഷൻ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണമെന്നും ചൂണ്ടിക്കാണിച്ചു.

ജസ്റ്റിസ് കെ.എം. ജോസഫ് അധ്യക്ഷനായ അഞ്ചംഗ ബെഞ്ചാണ് സുപ്രധാനമായ വിധി പുറപ്പെടുവിച്ചത്.

## ചിത്രജാലകം



1946 ജനുവരിയിൽ രാഷ്ട്രീയ തടവുകാരെ സന്ദർശിക്കുന്നതിനായി കൽക്കട്ടയിലെ ഡംഡം ജയിലിലെത്തിയ ഗാന്ധിജി ജയിലഴികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരു കൂട്ടം സന്ദർശകരെ അഭിസംബോധന ചെയ്യുന്നു.



ചലച്ചിത്രതാരം ഷീല നിയമസഭാ സന്ദർശന വേളയിൽ മുഖ്യമന്ത്രി, നിയമസഭാ സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവരോടൊപ്പം.

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ.......

# ഔദ്യോഗിക ഭാഷാമാറ്റ പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടണം : നിയമസഭാ സമിതി

മലയാള ഭാഷാ പ്രയോഗം ഔദ്യോഗിക മേഖലയിലും വിദ്യാഭ്യാസ രംഗത്തും പൂർണതോതിൽ നടപ്പാക്കുന്നതിൽ പലവിധമായ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2021-23) ഇതു സംബന്ധിച്ച പഠനങ്ങൾക്കും പ്രതിവിധികൾക്കും ഊന്നൽ നൽകികൊണ്ടുള്ള ചർച്ചകൾക്ക് മുൻകയ്യെടുക്കുകയും ഇതിന്റെ ഭാഗമായി ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതിയും അതിന് വിഘാതമാകുന്ന ഘടകങ്ങളും പ്രതിവിധികളും സംബന്ധിച്ച് ഭാഷാ പണ്ഡിതർ, വിദ്യാഭ്യാസ വിചക്ഷണന്മാർ, മലയാള ഭാഷയിലെ വിഖ്യാത എഴുത്തുകാർ, ചരിത്രകാരന്മാർ, സാംസ്കരിക പ്രവർത്തകർ തുടങ്ങിയവരുമായി ചർച്ച നടത്തുകയും ചർച്ചായോഗങ്ങളിൽ ഉയർന്നു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതിയുടെ നിരീക്ഷണങ്ങളും അടങ്ങുന്ന സമിതി (2021-23) യുടെ മൂന്നാമത് റിപ്പോർട്ട് സമിതി അധ്യക്ഷൻ മാത്യു ടി. തോമസ് എം.എൽ.എ. 2023 ഫെബ്രുവരി 27 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ഔദ്യോഗിക തലത്തിൽ മലയാളം പൂർണമായും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ റിപ്പോർട്ടിലൂടെ സമിതി മുന്നോട്ടു വച്ചു.

കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനാവശ്യമായ നിയമപദാവലി തയ്യാറാക്കുന്നതിലെ സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്തു. പി.എസ്.സി. പരീക്ഷകൾ ഇംഗ്ലീഷിലും മലയാളത്തിലും എഴുതാൻ സാധിക്കുന്ന തരത്തിലേക്ക് പി.എസ്.സി. യുടെ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുന്നതിനും ബിരുദാനന്തര ബിരുദം അടിസ്ഥാന യോഗ്യതയായിട്ടുള്ള പരീക്ഷകളിൽ ഉദ്യോഗാർഥികളുടെ മലയാള ഭാഷയിലെ അഭിരുചി പരിശോധിക്കുന്നതിനായി മലയാളഭാഷയെ സംബന്ധിക്കുന്ന നിശ്ചിത ശതമാനം മാർക്കിന്റെ ചോദ്യങ്ങൾ പി.എസ്.സി. പരീക്ഷകളിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി ശിപാർശ ചെയ്തു. കൂടാതെ കേരള എഞ്ചിനീയറിങ്/ മെഡിക്കൽ പ്രവേശനപരീക്ഷകൾ, സെറ്റ് (SET), കെ-ടെറ്റ് (K-TET) തുടങ്ങിയ പൊതുപ്രവേശന പരീക്ഷകളുടെ ചോദ്യങ്ങളുടെ മലയാളപരിഭാഷ



കൂടി ഉൾപ്പെടുത്തുന്നതിനും സമിതി നിർദ്ദേശിച്ചു.

ദുരന്തനിവാരണവുമായും രോഗപ്രതിരോധപ്രവർത്തനവുമായും ലഹരിക്കെതിരെയുള്ള ബോധവൽക്കരണവുമായും ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, അറിയിപ്പുകൾ, സന്ദേശങ്ങൾ, പരസ്യങ്ങൾ, തുടങ്ങിയവയെല്ലാം പൂർണ്ണമായും മലയാളത്തിൽ തന്നെയായിരിക്കണമെന്നുള്ള കർശന നിർദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്നും സമിതി ആവശ്യപ്പെട്ടു.

മലയാള സർവകലാശാല, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവർത്തകരുടെ പാനൽ തയ്യാറാക്കി പ്രശസ്തമായ മലയാള കൃതികൾ ഇതര ഭാഷകളിലേക്കും തിരിച്ചും വിവർത്തനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മലയാള ഭാഷയുടെ വ്യാപനവും വികസനവും പരിപോഷണവും ലക്ഷ്യമിട്ട്, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിനു കീഴിൽ 'മലയാളഭാഷാവികസന വകുപ്പ് ' എന്ന പേരിൽ ഒരു പ്രത്യേക വകുപ്പ് രൂപവൽക്കരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിലും ദ്വിതീയവിദ്യാഭ്യാസ കാലഘട്ടത്തിലും മലയാളം പഠിക്കാനുള്ള അവസരം ഉറപ്പുവരുത്തണമെന്നും മലയാള ഭാഷയിൽ നിശ്ചിത യോഗ്യത നേടിയ മികച്ച ഭാഷാധ്യാപകരുടെ സേവനം സ്കൂളുകളിൽ ഉറപ്പുവരുത്തണമെന്നും ശിപാർശ ചെയ്ത സമിതി, ഇക്കാര്യങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഉചിതമായ സംവിധാനം ഏർപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

സർക്കാർ ഓഫീസുകളിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി അതത് വകുപ്പുകളുമായി ബന്ധപ്പെട്ട ഒരു പദകോശം തയ്യാറാക്കണമെന്നും സർക്കാർ ജോലിക്കായുള്ള മത്സര പരീക്ഷകളും അഭിമുഖങ്ങളും മാതൃഭാഷയിലായിരിക്കണമെന്നും ഭരണഭാഷ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഭാഷാവിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പാനൽ മലയാളഭാഷാവികസന വകുപ്പിൽ രൂപവൽക്കരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

മലയാളികൾ ധാരാളമുള്ള ഇതരസംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളിൽ അവിടങ്ങളിലെ സർക്കാരുകൾ/ സർവകലാശാലകൾ എന്നിവയുമായി സഹകരിച്ച് മലയാളപഠന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും മലയാളം മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നുമുള്ള ശിപാർശ റിപ്പോർട്ടിലുണ്ട്. മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുതകുന്ന പരിപാടികൾ പൊതുജനങ്ങൾക്കിടയിലും ഉദ്യോഗസ്ഥർക്കിടയിലും വിദ്യാർഥികൾക്കിടയിലും സംഘടിപ്പിക്കേണ്ടതുണ്ടെന്നും സമിതി ശിപാർശ ചെയ്യുന്നു.

പൊതുജനങ്ങളുമയി നേരിട്ട് ബന്ധപ്പെടുന്ന ധനകാര്യ/വായ്പാസ്ഥാനങ്ങളിലേയും ബാങ്കുകളിലേയും എല്ലാ രേഖകളിലും അതിന്റെ മലയാളം പരിഭാഷ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യവ്യവസായ സ്ഥാപനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ലബോറട്ടറികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, ഹോട്ടലുകൾ, കൗൺസിലിങ് സെന്ററുകൾ, വിവിധ സേവന കേന്ദ്രങ്ങൾ, പൊതുശൗചാലയങ്ങൾ എന്നിവയുടെ പേരു സൂചിപ്പിക്കുന്ന ഫലകങ്ങൾ/ബോർഡുകൾ എന്നിവയിൽ പേരും മറ്റു വിവരങ്ങളും മലയാളത്തിൽക്കൂടി രേഖപ്പെടുത്തുന്നതിനും കൂടാതെ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ ഏജൻസികളും നടത്തുന്ന പദ്ധതികളുടെ പരസ്യങ്ങൾ, നോട്ടീസുകൾ തുടങ്ങിയവ മലയാളത്തിൽത്തന്നെ തയ്യാറാക്കി പ്രദർശിപ്പിക്കാനും സമിതി നിർദ്ദേശിച്ചു.

സാമാജികരായ പി.വി. അൻവർ, വി. ജോയി, സി.സി. മുകുന്ദൻ, നജീബ് കാന്തപുരം, എ. പ്രഭാകരൻ, കെ. പ്രേംകുമാർ, സനീഷ്കുമാർ ജോസഫ്, ടി. സിദ്ദിഖ് എന്നിവർ സമിതി അംഗങ്ങളാണ്.



1931
JUDICIAL DEPT.

I hereby certify that the sentence of death passed on Bhagat Singh has been duly executed, and that the said Bhagat Singh was accordingly hanged by the neck till he was dead, at Lahore C. Jail on Monday the 23rd day of March 1931 at 7 p.m.; that the body remained suspended for a full hour, and was not taken down until life was ascertained by a medical officer to be extinct; and that no accident, error or other misadventure occurred.

Superintendent of the Jail at

## വലയിൽനിന്ന്

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഇതിഹാസ നായകൻ ഭഗത് സിങ്ങിന്റെ വധശിക്ഷ നടപ്പിലാക്കിയതായുള്ള ലാഹോർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപ്പെടുത്തൽ

## ദേവികുളം മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് റദ്ദാക്കി കേരള ഹൈക്കോടതി

ദേവികുളം നിയമസഭാംഗം എ. രാജയുടെ നിയമസഭാംഗത്വം അസാധുവാക്കി കേരള ഹൈക്കോടതി വിധി. പട്ടികജാതി സംവരണ മണ്ഡലമായ ദേവികുളത്ത് മത്സരിക്കാൻ ക്രിസ്തുമത വിശ്വാസിയായ രാജയ്ക്ക് യോഗ്യതയില്ലെന്ന് വ്യക്തമാക്കിയാണ് സിംഗിൾ ബഞ്ചിന്റെ ഉത്തരവ്. വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകിയാണ് എ. രാജ മത്സരിച്ചതെന്ന് ചൂണ്ടിക്കാട്ടി എതിർ സ്ഥാനാർത്ഥിയായിരുന്ന ഡി.കുമാർ നൽകിയ ഹർജിയിലാണ് ഹൈക്കോടതിയുടെ വിധി. വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കാൻ സമയം വേണമെന്നും അതിനാൽ ഉത്തരവ് സ്റ്റേ ചെയ്യണമെന്നും ആവശ്യപ്പെട്ട് എ. രാജ നൽകിയ ഹർജി പരിഗണിച്ച് വിധി നടപ്പാക്കുന്നത് പത്തു ദിവസത്തേയ്ക്ക് തടഞ്ഞ് ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. രാജയ്ക്കെതിരെ വിധി പ്രസ്താവിച്ച അതേ സിംഗിൾ ബെഞ്ച് തന്നെയാണ് സ്റ്റേയും അനുവദിച്ചത്. എന്നാൽ എം.എൽ.എ. എന്ന നിലയിൽ സഭാ സമ്മേളനത്തിൽ പങ്കെടുക്കാമെങ്കിലും വോട്ടിംഗിൽ പങ്കെടുക്കാനോ ആനുകൂല്യങ്ങൾ കൈപ്പറ്റാനോ അദ്ദേഹത്തിന് അർഹതയില്ലെന്നും കോടതി വ്യക്തമാക്കി.


എ. രാജ


ഡി. കുമാർ

### തെരഞ്ഞെടുപ്പ് റദ്ദാക്കൽ മുൻപും

സംസ്ഥാനത്ത് ആദ്യമായി തെരഞ്ഞെടുപ്പ് റദ്ദാക്കിയതും ദേവികുളം മണ്ഡലത്തിൽ തന്നെയാണെന്നത് ചരിത്രം. 1957 ൽ ആദ്യ കേരള നിയമസഭയിൽ അംഗമായ റോസമ്മ പുന്നൂസിന്റെ നിയമസഭാംഗത്വമാണ് കോടതി റദ്ദാക്കിയത്. എതിർ സ്ഥാനാർത്ഥിയായിരുന്ന കോൺഗ്രസിലെ ബി.കെ. നായരുടെ പത്രിക മതിയായ കാരണങ്ങളില്ലാതെ തള്ളിയെന്ന പരാതിയിലാണ് കോടതി നടപടി. എന്നാൽ പിന്നീട് 1958 ജൂൺ 30 ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ റോസമ്മ പുന്നൂസ് തന്നെ ദേവികുളത്ത് നിന്ന് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1977 ൽ പാലായിൽ കെ.എം.മാണിയുടെയും മലപ്പുറത്ത് സി.എച്ച്.മുഹമ്മദ് കോയയുടെയും അംഗത്വം കോടതി റദ്ദാക്കിയിരുന്നെങ്കിലും സുപ്രീം കോടതിയിൽ നിന്നും അനുകൂല വിധിയിലൂടെ ഇരുവരും നിയമസഭാംഗത്വം നിലനിർത്തി. 1991 ൽ കോവളം മണ്ഡലത്തിൽ നിന്നും വിജയിച്ച നീലലോഹിതദാസൻ നാടാരുടെ നിയമസഭാംഗത്വം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റദ്ദായി. 1992 ൽ എടക്കാട് മണ്ഡലത്തിൽ നിന്നും വിജയിച്ച ഒ.ഭരതനെ ഹൈക്കോടതി അയോഗ്യനാക്കുകയും എതിർ സ്ഥാനാർത്ഥി കെ.സുധാകരനെ വിജയിയായി പ്രഖ്യാപിക്കുകയും ചെയ്തെങ്കിലും 1994 ൽ സുപ്രീം കോടതി വിധിയിലൂടെ ഒ. ഭരതൻ വീണ്ടും നിയമസഭാംഗമായി. 2001 ൽ കൂത്തുപറമ്പ് എം.എൽ.എ. ആയിരുന്ന പി.ജയരാജനും 1997 ൽ നെയ്യാറ്റിൻകര എം.എൽ.എ. തമ്പാനൂർ രവിക്കും കോടതി വിധിയിലൂടെ നിയമസഭാംഗത്വം നഷ്ടമായിരുന്നു. 2005 ൽ കല്ലൂപാറയിൽ ജോസഫ് എം.പുതുശ്ശേരിയുടെ അംഗത്വം ഹൈക്കോടതി റദ്ദാക്കിയിരുന്നെങ്കിലും 2010 ൽ ഹൈക്കോടതി വിധി സുപ്രീം കോടതി റദ്ദാക്കി. 2009 ൽ മാവേലിക്കര ലോക്സഭാ മണ്ഡലത്തിൽ നിന്നും വിജയിച്ച കൊടിക്കുന്നിൽ സുരേഷിന്റെ ലോക്‌സഭാംഗത്വം ഹൈക്കോടതി അസാധുവാക്കിയിരുന്നെങ്കിലും പിന്നീട് സുപ്രീം കോടതി ഹൈക്കോടതിയുടെ വിധി റദ്ദാക്കി. 2011 ൽ വർക്കലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വർക്കല കഹാറിനും 2018 ൽ അഴീക്കോട് മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കെ.എം.ഷാജിക്കും ഹൈക്കോടതി വിധിയിലൂടെ നിയമസഭാംഗത്വം നഷ്ടമായെങ്കിലും സുപ്രീം കോടതിയിൽ നിന്നും അനുകൂല വിധി ലഭിച്ചു.

## രാഹുൽ ഗാന്ധിക്ക് എം. പി. സ്ഥാനം നഷ്ടമായി

അപകീർത്തി കേസിൽ രാഹുൽ ഗാന്ധി എം.പി.ക്ക് രണ്ട് വർഷം തടവു ശിക്ഷ. 2019 ലെ ലോക്‌സഭാ തെരഞ്ഞെടുപ്പു പ്രചാരണത്തിനിടെ കർണാടകയിലെ കോലാറിൽ രാഹുൽ ഗാന്ധി നടത്തിയ പരാമർശത്തിനെതിരെ ഗുജറാത്തിലെ ബി.ജെ.പി. എം.എൽ.എ. പൂർണേശ് മോദി നൽകിയ അപകീർത്തി കേസിലാണ് സൂറത്ത് ചീഫ് ജുഡീഷ്യൽ കോടതി വിധി പറഞ്ഞത്. അപകീർത്തിക്കുള്ള പരാമാവധി ശിക്ഷയാണ് രാഹുൽ ഗാന്ധിക്കെതിരെ സ്വീകരിച്ചത്. വാക്കാലോ രേഖാമൂലമോ ഉള്ള അപകീർത്തിപ്പെടുത്തൽ ക്രിമിനൽ കുറ്റമാക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 499, 500 വകുപ്പുകൾ പ്രകാരമാണ് വിധി പ്രഖ്യാപിച്ചത്. അപ്പീൽ നൽകുന്നതിനായി മുപ്പത് ദിവസത്തേക്ക് ശിക്ഷാ നടപടി മരവിപ്പിച്ചിട്ടുണ്ടെങ്കിലും വിധി നിലനിൽക്കുന്നതിനാൽ എം.പി. സ്ഥാനത്തു നിന്നും രാഹുൽ ഗാന്ധി അയോഗ്യനായെന്ന് ലോക്‌സഭാ സെക്രട്ടേറിയറ്റ് വിജ്ഞാപനമിറക്കി. രണ്ടു വർഷമോ അതിലധികമോ തടവു ശിക്ഷ ലഭിച്ചാൽ ജനപ്രതിനിധിക്ക് അയോഗ്യത ബാധകമാകുന്ന ജനപ്രാതിനിധ്യ നിയമത്തിലെ 8(3) വകുപ്പ് പ്രകാരമാണ് അദ്ദേഹത്തിന് എം.പി. സ്ഥാനം നഷ്ടമായത്. ശിക്ഷാ കാലാവധി കഴിഞ്ഞ് ആറ് വർഷം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും വിലക്കുണ്ട്. മേൽക്കോടതി വിധി സ്റ്റേ ചെയ്യുകയോ റദ്ദാക്കുകയോ ചെയ്താൽ മാത്രമേ അയോഗ്യത ഒഴിവാകുകയുള്ളൂ. കോടതി വിധിക്കെതിരെ സൂറത്ത് സ്പെഷ്യൽ കോടതിയിൽ രാഹുൽ ഗാന്ധി നല്കിയ അപ്പീലിന്മേൽ അദ്ദേഹത്തിന് ജാമ്യം നീട്ടി നല്കിയിട്ടുണ്ട്.



## നർമ്മം വിളമ്പിയ ഇന്നസെന്റ് ഇനി നൊമ്പരം നിറഞ്ഞ ഓർമ്മ

ജീവിതത്തിൽ നർമ്മം പുരട്ടി പ്രതിസന്ധികളെ ആഘോഷമാക്കിയ ചലച്ചിത്ര നടൻ ഇന്നസെന്റ്(75) അന്തരിച്ചു. ക്യാൻസർ രോഗബാധിതനായി ചികിത്സയിലായിരുന്നു അദ്ദേഹം. 1948 മാർച്ച് 4 ന് തെക്കേതല വറീതിന്റെയും മാർഗലിതായുടെയും മകനായിട്ടാണ് ഇന്നസെന്റിന്റെ ജനനം. ആദ്യ സിനിമ നൃത്തശാല (1973) ഉൾപ്പെടെ എഴുന്നൂറിലധികം സിനിമകളിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. സ്വതസിദ്ധമായ ശൈലിയിൽ ഹാസ്യാഭിനയത്തെ സ്വാഭാവിക തലത്തിലേക്ക് ഉയർത്തിയ ഇന്നസെന്റ് ലോകമൊട്ടുക്കുമുള്ള മലയാളിക്ക് പ്രിയപ്പെട്ട അഭിനേതാവാണ്.

മലയാളത്തിന് പുറമെ ഹിന്ദി, തമിഴ്, കന്നഡ, ഇംഗ്ലീഷ് ഭാഷകളിലും ഇന്നസെന്റ് തന്റെ സാന്നിധ്യം അറിയിച്ചു. 1989 ൽ മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം അദ്ദേഹത്തിന് ലഭിച്ചു. മാന്നാർ മത്തായിയും കിലുക്കത്തിലെ കിട്ടുണ്ണിയുമൊക്കെ മലയാളികളിൽ ചിരിയുടെ നിലയ്ക്കാത്ത പ്രവാഹമാണ് ഉളവാക്കുന്നത്.





1981 ൽ സിനിമാ നിർമാണ കമ്പനി തുടങ്ങുകയും ഏതാനും ചിത്രങ്ങൾ നിർമിക്കുകയും ചെയ്തു. മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച 'കാൻസർ വാർഡിലെ ചിരി' എന്ന പുസ്തകം അദ്ദഹത്തിന്റെ അർബുദകാല ജീവിതാനുഭവങ്ങൾ വിവരിക്കുന്നു. 2000 മുതൽ 2018 വരെ താരസംഘടനയായ അമ്മയുടെ പ്രസിഡന്റായിരുന്നു ഇന്നസെന്റ്. തിരക്കേറിയ സിനിമാ ജീവിതത്തിനിടയിലും രാഷ്ട്രീയവും തനിക്ക് വഴങ്ങുമെന്ന് ഇന്നസെന്റ് തെളിയിച്ചു. 1979 ൽ ഇരിങ്ങാലക്കുട നഗരസഭ കൗൺസിലറായിരുന്ന അദ്ദേഹം, 2014 ൽ ഇടത്പക്ഷ സ്വതന്ത്ര സ്ഥാനാർത്ഥിയായി ചാലക്കുടി ലോക്‌സഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച് പാർലമെന്റ് അംഗമായിരുന്നു.

ഭാര്യ ആലീസും മകൻ സോണറ്റും അടങ്ങുന്നതാണ് കുടുംബം.

# നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...




## ലാറ്റിനമേരിക്കൻ സംഗീതം: നിശബ്ദമാകാത്ത നിലവിളികൾ

വി. ജയിൻ
സമത ബുക്സ് : തൃശ്ശൂർ, 2019
NR.791 32Q9
(ലാറ്റിനമേരിക്കൻ സംഗീത സംസ്കാരത്തെപ്പറ്റിയുള്ള പഠനം.)

## വാഗൺ ട്രാജഡി സ്മരണിക (മൂന്നാം പതിപ്പ്)

അബ്ദു ചെറുവാടി, എഡി.&സമ്പാ.
ഗ്രേസ് എഡ്യുക്കേഷണൽ അസോസിയേഷൻ: മലപ്പുറം , 2020.
V2153:194'N21 32 R0
(വൈദേശിക ആധിപത്യത്തിനെതിരെ നടത്തിയ മലബാർ പോരാട്ടങ്ങൾ വിവരിക്കുന്ന ചരിത്ര പുസ്തകം.)







## പീക്കിങ്ങിൽ നിന്നുള്ള കത്ത്

പേൾ എസ്. ബക്ക്
വിവ.: സിന്ധു കെ. വി.
കൈരളി ബുക്ക്സ് : കണ്ണൂർ, 2022.
O111,3BUC32 R2
(ഒരു പ്രണയ കാവ്യമായ സ്ത്രീപക്ഷ നോവൽ)

## എന്റെ കുട്ടി തിരികെ വന്നു

ഉർസുല പവേൽ
വിവ.:നീനാ പനയ്ക്കൽ
കൈരളി ബുക്ക്സ് : കണ്ണൂർ, 2022.
O111, 3URS 32 R2
(നാസി ഭരണത്തിൽ കോൺസെൻട്രേഷൻ ക്യാമ്പിൽ നിന്നും രക്ഷപ്പെട്ട പെൺകുട്ടിയാണ് എഴുത്തുകാരി. യഹൂദരെ ആട്ടിയോടിച്ചതും ഹിറ്റ്ലറുടെ ഭരണം ആധിപത്യം സ്ഥാപിച്ചതും സംബന്ധിച്ച് ഗ്രന്ഥകാരി എഴുതിയ കുറിപ്പുകൾ വികസിപ്പിച്ചെഴുതിയ നോവൽ)







## The Birth Lottery and other surprises

Shehan Karunatilaka
Hachette Book Publishing: Gurugram 2022.
O111, 3KA-R R2
(A collection of short stories)

## പെരിയാർ: ജീവിതവും ചിന്തകളും

മഞ്ജയ് വസന്തൻ
വിവ.: ഫ്രാൻസിസ് സി. എബ്രഹാം
സൈൻ ബുക്സ് : തിരുവനന്തപുരം, 2022.
W81w211 PER 32 R2
(സാമൂഹ്യപരിഷ്കർത്താവും ചിന്തകനുമായ ഇ.വി. രാമസ്വാമി എന്ന പെരിയാറുടെ ജീവിതവും ചിന്തകളും വിവരിക്കുന്ന 'ഇവർ താൻ പെരിയാർ' എന്ന തമിഴ് ഗ്രന്ഥത്തിന്റെ പരിഭാഷ)







## വടക്കൻ വീരഗാഥകളുടെ ചരിത്രം

ഡോ. ചെറുവാച്ചേരി രാധാകൃഷ്ണൻ
സൈൻ ബുക്സ് : തിരുവനന്തപുരം, 2022.
O32,1(Y:351)CHE R2
(കടത്തനാടൻ പാട്ടുകളും കഥകളും തോറ്റം പാട്ടുകളും ഉൾക്കൊള്ളുന്ന ഫോക്‌ലോർ പഠനകൃതി)

## കൊവിഡ് 19: മനുഷ്യനും രാഷ്ട്രീയവും.

ഭാഗം ഒന്ന്:
22/03/2020-02/08/2020
സി.പി. ജോൺ
പ്രസാധകൻ: തിരുവനന്തപുരം, 2022.
W(Y:4354) 32 R2
(കോവിഡ്19 സൃഷ്ടിച്ച നവസാമൂഹ്യ വ്യവസ്ഥിതിയിലെ സാംസ്കാരിക, രാഷ്ട്രീയ പരിണാമങ്ങളെക്കുറിച്ച് വിലയിരുത്തുന്ന പുസ്തകം)







## മിഷൻ കാശ്മീർ

ഹക്കീം മൊറയൂർ
കൈരളി ബുക്ക്സ് : കണ്ണൂർ, 2022.
O32, 3HAK R2
(കശ്മീരിന്റെ പ്രകൃതി സൗന്ദര്യവും, അരാജകാവസ്ഥയും പ്രമേയമാക്കി എഴുതിയ നോവൽ)

## South vs North: India's Great Divide

Nilakantan R.S.
Juggernaut Books: New Delhi, 2022.
X:89ZB.21-25 R2
(The author shows how and why the Southern states are outperforming the rest of the country and try to design stable decentralized systems)







## Guru to the world: The life and legacy of Vivekananda

Ruth Harris
The Belknap Press of Harvard University Press: Massachusetts, 2022
R6wVIV R2
(This book showing how Vivekananda's thought changed a global anti-colonial movement and became a touch-stone of Hindu nationalist politics)

## Dalit Intellectuals: Ideas, struggles and the vision

Yagati Chinna Rao& Raj Sekhar Basu, ed.
Primus Books: Delhi, 2022.
Y5927w2 R2
(This book contains 13 essays, exploring Dalit intellectual thought)




വേർപാട്

## സി. പി. കുഞ്ഞു, മുൻ നിയമസഭാംഗം



മുൻ എം.എൽ.എ.യും മുതിർന്ന സി.പി.ഐ (എം) നേതാവുമായ സി.പി. കുഞ്ഞു (93) 2023 ഫെബ്രുവരി 10 ന് അന്തരിച്ചു. 1987 മുതൽ 1991 വരെയുള്ള കാലയളവിൽ എട്ടാം കേരള നിയമസഭയിൽ കോഴിക്കോട് II മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായിരുന്നു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ, വഖഫ് ബോർഡ് അംഗം, കെ.എസ്.ഇ.ബി. ഉപദേശക സമിതി അംഗം, സി.പി.ഐ (എം) കോഴിക്കോട് ജില്ലാ കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ എം. എം. ഖദീശാബി, ഏഴ് മക്കളുണ്ട്. കോഴിക്കോട് ഡെപ്യൂട്ടി മേയർ മുസാഫർ അഹമ്മദ് മകനാണ്.



2022 വർഷത്തെ എസ്.എസ്.എൽ.സി./ സി.ബി.എസ്.സി./ ഐ.സി.എസ്.സി. പത്താം ക്ലാസ് പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ മക്കൾ നിയമസഭാ സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവരോടൊപ്പം

മുൻ സാമാജികർ മനസ്സ് തുറക്കുന്നു........

# ജനപ്രതിനിധികൾ സാമൂഹിക പ്രതിബദ്ധതയുള്ളവരാകണം: മുല്ലക്കര രത്നാകരൻ

**താൻ പാർട്ടിയുടെയും ജനങ്ങളുടെയും പ്രതിനിധി ആകുമ്പോൾ ജനപ്രതിനിധി എന്ന സ്ഥാനം ജനാധിപത്യത്തിന്റെ കരുത്ത് നിലനിർത്താൻ ആവശ്യമാണ്. ഇതിനു മങ്ങലേൽക്കാൻ ഇടവരുന്ന സന്ദർഭങ്ങളെ ബഹളങ്ങളില്ലാതെ അതിജീവിക്കാൻ കഴിയുക എന്നത് പാർട്ടിക്കും ജനങ്ങൾക്കും മാതൃകയാകും. ലളിതമായ ജീവിതം നയിച്ച് മാനവിക വഴികളിലൂടെ സഞ്ചരിച്ച് നാടിന്റെ സാരഥികളായ ധാരാളം ജനപ്രതിനിധികളും പൊതുപ്രവർത്തകരും കേരളത്തിൽ ഉണ്ടായിരുന്നു. അവരുടെ വഴികളിലെ പൊടിമണ്ണ് പോലും ആരാധനായോഗ്യമാണ്.**



സഭാ സാമാജികർ സ്വന്തം ഉള്ളറകളിൽ ജനങ്ങളുടെ ഉരുകുന്ന വേദനകൾ കരുതി വയ്ക്കണം. സ്വന്തം താല്പര്യങ്ങളെ വയ്ക്കാൻ ഇടം കിട്ടാതെ പോയാൽ അതൊരു കുറവായി കാണുകയും അരുത്. അപ്പോഴാണ് പൊതുപ്രവർത്തന ചാരുത പൊതുസമൂഹം ദർശിക്കുന്നത്. രാഷ്ട്രീയ പ്രവർത്തകരാണ് മഹാഭൂരിപക്ഷവും ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുന്നത്, അതുകൊണ്ടുതന്നെ സ്വന്തം കക്ഷിയുടെ താൽപര്യങ്ങളും ജനങ്ങളുടെ താൽപര്യങ്ങളും തമ്മിൽ ചിലപ്പോഴെങ്കിലും പൊരുത്തപ്പെടാതെ വരുമ്പോൾ രണ്ടിനെയും കൂട്ടി യോജിപ്പിക്കാനാവുക എന്നത് വികസിപ്പിച്ചെടുക്കേണ്ട ഒരു കലയാണ്. താൻ പാർട്ടിയുടെയും ജനങ്ങളുടെയും പ്രതിനിധി ആകുമ്പോൾ ജനപ്രതിനിധി എന്ന സ്ഥാനം ജനാധിപത്യത്തിന്റെ കരുത്ത് നിലനിർത്താൻ ആവശ്യമാണ്. ഇതിനു മങ്ങലേൽക്കാൻ ഇടവരുന്ന സന്ദർഭങ്ങളെ ബഹളങ്ങളില്ലാതെ അതിജീവിക്കാൻ കഴിയുക എന്നത് പാർട്ടിക്കും ജനങ്ങൾക്കും മാതൃകയാകും. ലളിതമായ ജീവിതം നയിച്ച് മാനവിക വഴികളിലൂടെ സഞ്ചരിച്ച് നാടിന്റെ സാരഥികളായ ധാരാളം ജനപ്രതിനിധികളും പൊതുപ്രവർത്തകരും കേരളത്തിൽ ഉണ്ടായിരുന്നു. അവരുടെ വഴികളിലെ പൊടിമണ്ണ് പോലും ആരാധനായോഗ്യമാണ്.

സഭയിൽ സമയം പാലിക്കുക എന്നതും സദയം ശ്രദ്ധിക്കുക എന്നതും പ്രധാനമാണ്. സാധാരണ ദിവസങ്ങളിലെ സഭ ചോദ്യോത്തരത്തോടെയാണ് ആരംഭിക്കുന്നത്. അത് നന്നായി ശ്രദ്ധിച്ചാൽ ആ വിഷയവുമായി നല്ല അടുപ്പം ഉണ്ടാകും. സഭയിലെ പ്രസംഗങ്ങളിൽ പലപ്പോഴും കക്ഷിരാഷ്ട്രീയത്തിന്റെ സാന്നിധ്യം ഉണ്ടാകുമെങ്കിലും നമുക്ക് അതിൽ നിന്ന് അവരെയും അതുവഴി അവരുടെ ആശയങ്ങളെയും കണ്ടെത്താനാകും. കൂടുതൽ വ്യക്തമായി ജനങ്ങളുടെ അഭിലാഷങ്ങൾ നമ്മളിലൂടെ അവതരിപ്പിക്കുന്നതിന് അത് നമ്മെ സഹായിക്കും. കഴിയാവുന്നത്ര സഭയിലെ സമയം പാഴായി പോകാതെ ശ്രദ്ധിക്കാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്. ചോദ്യോത്തര വേളയ്ക്കുശേഷം ശ്രദ്ധക്ഷണിക്കലും സബ്മിഷനും ആണ് അംഗങ്ങൾക്ക് സഭയുടെ ശ്രദ്ധയിലേക്ക് വിഷയങ്ങൾ കൊണ്ടുവരാനുള്ള സന്ദർഭം. അതിൽ തന്നെ ശ്രദ്ധക്ഷണിക്കൽ. പൊതു വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഒരു അംഗത്തിന് അഞ്ച് മിനിറ്റ് ലഭിക്കും. മന്ത്രിയുടെ വിശദീകരണത്തിനു ശേഷം വിഷയം ഉന്നയിച്ച അംഗത്തിന് ഒരു ചോദ്യം ചോദിക്കാനുള്ള സൗകര്യം കൂടി ലഭിക്കുന്നതാണ്. ഒരു ദിവസം രണ്ട് ശ്രദ്ധക്ഷണിക്കൽ മാത്രമാണ് ഉണ്ടാവുക. ഒന്ന് ഭരണപക്ഷത്തിനും മറ്റേത് മറുപക്ഷത്തിനുമായിരിക്കും. ഞാനവതരിപ്പിച്ച ഒരു ശ്രദ്ധ ക്ഷണിക്കലുമായി ബന്ധപ്പെട്ട വിഷയമാണ് വിവരിക്കാൻ ശ്രമിക്കുന്നത്.

നമ്മുടെ പൊതുജീവിതത്തിൽ നമുക്ക് അസഹ്യമായി തോന്നുന്ന ഒരു കാര്യം നിറയെ ആർഭാടങ്ങൾ ഉള്ള ഒത്തുചേരലുകളാണ്. ഇത് സമൂഹത്തിൽ പൊതുവേ സൃഷ്ടിക്കുന്ന അലോസരങ്ങൾക്കും അതുമൂലം ഉണ്ടാകുന്ന അസ്വസ്ഥതകൾക്കും ബുദ്ധിമുട്ടുകൾക്കും പരിധിയില്ല. ഇതിൽ ഒന്നാണ് വിവാഹ ആർഭാടങ്ങളായി ഇന്ന് സമൂഹത്തിൽ നിറയുന്നത്. ചില വിവാഹങ്ങൾ എങ്കിലും ആർഭാടം സൃഷ്ടിക്കുന്ന അഹങ്കാരം കൊണ്ട് ദാമ്പത്യ ബന്ധങ്ങളിലെ വിനയം നഷ്ടപ്പെട്ട് പെട്ടെന്നുതന്നെ വേർപിരിയുന്നതും കാണുന്നുണ്ട്. ഈ വിഷയം മനസ്സിൽ നിറഞ്ഞു നിന്ന അവസരത്തിലാണ് പ്രത്യേകതയുള്ള ഒരു വിവാഹ ക്ഷണക്കത്ത് എനിക്ക് കിട്ടുന്നത്. പത്മശ്രീ സൂര്യ കൃഷ്ണമൂർത്തിയും ഭാര്യയും കൂടി മകളുടെ വിവാഹത്തിന് ക്ഷണിച്ചു കൊണ്ടുള്ള ആ കത്തിൽ വിവാഹത്തിന് പങ്കെടുക്കണമെന്ന് പോലും ആവശ്യപ്പെട്ടിരുന്നില്ല. പെൺകുട്ടി സിവിൽ സർവീസുകാരി ആയിരുന്നു, വരനും അതേ വിഭാഗത്തിൽ തന്നെയുള്ള ആളായിരുന്നു. അവരുടെ വിവാഹം സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം നടത്താൻ നിശ്ചയിച്ചിരുന്ന വിവരം കത്തിൽ ഉണ്ടായിരുന്നു. മകളുടെ കല്യാണത്തിനായി ഏതൊരു അച്ഛനെയും അമ്മയെയും പോലെ ഇവരും ജീവിത ചെലവിൽ നിന്ന് മിച്ചം പിടിച്ച് കരുതി സൂക്ഷിച്ചിരുന്ന കുറച്ചു പണം ഉണ്ടായിരുന്നു.അത് ദശലക്ഷങ്ങൾ വരുമായിരുന്നു, ആ പണം മകളുടെ വിവാഹത്തിന് ആവശ്യമില്ല എന്നും അവർ സ്നേഹത്തോടെ വിശ്വസിച്ച് വിവാഹം കഴിക്കാൻ തീരുമാനിച്ചത് അംഗീകരിച്ചു കൊടുക്കേണ്ട ആവശ്യമേ തങ്ങൾക്കുള്ളൂ എന്നും അതുകൊണ്ട് പണം എന്തു ചെയ്യണമെന്ന് ആലോചന കുടുംബത്തിൽ നടത്തിയപ്പോൾ, അവർ സന്തോഷത്തോടെ എത്തിച്ചേർന്നത് അത് വിദ്യാഭ്യാസത്തിന് സംഭാവനയായി നൽകാമെന്നാണ്. അങ്ങനെ ആ പണം അവരുടെ തീരുമാനപ്രകാരം പത്മശ്രീ കൃഷ്ണമൂർത്തി പഠിച്ച വിദ്യാലയങ്ങൾക്ക് വീതിച്ചു നൽകാൻ തീരുമാനിച്ചു. ഈ വിവരമാണ് ആ വിവാഹ ക്ഷണക്കത്തിനെ പ്രത്യേകതയുള്ളതാക്കിയത്. വിവാഹത്തിന് ആർഭാടം വേണ്ടെന്ന് മാത്രമല്ല ആർഭാടകരമായി ആരും അതിൽ പങ്കുചേരരുത് എന്ന വിലപ്പെട്ട ഒരു സന്ദേശം കൂടി ആ കത്ത് നൽകുന്നുണ്ട്. ഈ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് എനിക്ക് തോന്നി. പൊതുപ്രവർത്തകരായ രാഷ്ട്രീയ നേതാക്കന്മാരും മറ്റു ചിലരും മാതൃകാപരമായ ലാളിത്യം അവരവരുടെ സ്വാധീനത്തിലുള്ള വിവാഹങ്ങളിൽ പ്രകടിപ്പിക്കാറുണ്ട്. എന്റെ കുടുംബവുമായി ബന്ധപ്പെട്ട മൂന്ന് വിവാഹങ്ങൾ ആർഭാടരഹിതമായാണ് നടന്നത്. അത്തരം ധാരാളം പൊതുപ്രവർത്തകരുടെ കാര്യം എനിക്ക് നേരിട്ട് അറിയാം. എന്നാൽ ഈ കത്ത് വളരെ വ്യത്യസ്തമാണ്, വധുവും വരനും ചില ദിവസങ്ങളിൽ കൃഷ്ണമൂർത്തിയുടെ വീട്ടിലുണ്ടാകും, അവരെ അനുഗ്രഹിച്ചാൽ നന്നായിരുന്നു എന്നതായിരുന്നു ഈ കത്തിന്റെ മനോഹാരിതയും സാമൂഹിക പ്രതിബദ്ധതയും. ഇത് സമൂഹത്തിന് പ്രത്യേകിച്ച് വലിയവർ എന്ന് സ്വയം കരുതുന്നവർക്ക് ആഹ്ലാദപൂർവ്വം സ്വീകരിക്കാവുന്ന, അനുകരണീയമായ മാതൃകയാണ്. ഇതിന് ആവശ്യമായ അളവിൽ സമൂഹത്തിൽ പ്രചാരണം സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് ഇടപെടണം എന്ന ആവശ്യമാണ് ഞാൻ ഉന്നയിച്ചത്. ആർഭാടങ്ങൾക്കും ആഘോഷങ്ങൾക്കും ചെലവഴിക്കുന്ന പണം ഉൽപാദന മേഖലയിലും വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളിലും ചെലവഴിച്ചാൽ കേരളത്തിന്റെ സാമൂഹിക വളർച്ച എത്രയോ വലുതായി മാറും. മുഖ്യമന്ത്രിയാണ് അതിനു മറുപടി പറഞ്ഞത് വളരെ പോസിറ്റീവായ മറുപടിയായിരുന്നു അദ്ദേഹത്തിന്റേത്. പൊതുപ്രവർത്തകരും ഇങ്ങനെ മാതൃകയാവുന്നുണ്ട് എന്ന് അദ്ദേഹം സൂചിപ്പിച്ചു. ബിനോയ് വിശ്വത്തിന്റെ പേര് പരാമർശിക്കുകയും ചെയ്തു. ഒരു ചോദ്യം ചോദിക്കാനുള്ള അവസരം കൂടി ഉപയോഗിച്ച ഞാൻ ആർഭാടവിവാഹങ്ങളിൽ നിന്ന് ജന നേതാക്കന്മാരും ജനപ്രതിനിധികളും ഒഴിഞ്ഞു നിൽക്കുന്നത് ആർഭാടം കാണിക്കുന്നവരുടെയുള്ളിൽ നിരാശയുണ്ടാക്കുമെന്നും അതിനാൽ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ ഇത്തരം ആഘോഷങ്ങളിൽ പങ്കുചേരാതിരിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് ആർഭാടത്തിന്റെ കടുപ്പം പലപ്പോഴും അറിയുന്നത് ചടങ്ങിൽ പങ്കെടുക്കുമ്പോൾ മാത്രമാണ് എന്നാണ്. എന്നാലും സ്വയം നിയന്ത്രിക്കേണ്ടതും പൊതുസമൂഹത്തിന്റെ ബോധ്യത്തിൽ ഉയർന്നു വരേണ്ടതുമായ ഒരു പ്രശ്നത്തെയാണ് നമ്മൾ അഭിമുഖീകരിക്കുന്നത് എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇത്തരം ധാരാളം കാര്യങ്ങൾ സഭയുടെ മുന്നിൽ കൊണ്ടുവരുന്നതിന് ശ്രദ്ധ ക്ഷണിക്കൽ വലിയൊരു സാധ്യതയാണ്. അതുകൊണ്ട് തന്നെ സഭയെ സമൂഹത്തിനായി ഉപയോഗിക്കുക എന്നത് ജനപ്രതിനിധികളുടെ സാമൂഹിക ഉത്തരവാദിത്തമാണ്.

**മുല്ലക്കര രത്നാകരൻ**

സി.പി.ഐ. പ്രതിനിധിയായി പന്ത്രണ്ട്, പതിമൂന്ന്, പതിനാല് കേരള നിയമസഭകളിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. പന്ത്രണ്ടാം കേരളനിയമസഭയിൽ കൃഷി വകുപ്പ് മന്ത്രിയായിരുന്നു. പതിനാലാം കേരള നിയമസഭയിൽ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായിരുന്നു. എ.ഐ.വൈ.എഫ്. സംസ്ഥാന സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, സി.പി.ഐ. ദേശീയ കൗൺസിൽ അംഗം, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

സഭാ നായകരുടെ ജീവിത രേഖയിലൂടെ ..........

# സി. അച്യുതമേനോൻ :
## കാലവും സമൂഹവും അടയാളപ്പെടുത്തിയ ഭരണാധികാരി



കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ മുഖ്യമന്ത്രി, രാഷ്ട്രീയ നേതാവ്, ഭരണതന്ത്രജ്ഞൻ എന്നീ നിലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച സി. അച്യുതമേനോൻ, ആധുനിക കേരളത്തിന് അടിത്തറ പാകിയ നേതാക്കന്മാരിൽ പ്രധാനിയായിരുന്നു. ഐക്യകേരള പിറവിക്ക് ശേഷം അധികാരത്തിലെത്തിയ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയായിരുന്ന അദ്ദേഹം പിന്നീട് വികസന പാതയിൽ കേരളത്തെ നയിച്ച ക്രാന്തദർശിയായ ഭരണാധികാരിയായും കാലം അടയാളപ്പെടുത്തി. 1913 ജനുവരി 13 ന് ആയിരുന്നു സി.അച്യുതമേനോന്റെ ജനനം. മഠത്തിൽ വീട്ടിൽ അച്യുതമേനോന്റേയും ചേലാട്ടു ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി ജനിച്ച അദ്ദേഹം വിദ്യാഭ്യാസ കാര്യങ്ങളിൽ അതിസമർത്ഥനായിരുന്നു. തൃശ്ശൂർ സി.എം.എസ്. ഹൈസ്‌ക്കൂളിലും സെന്റ് തോമസ് കോളേജിലും പഠിച്ച അദ്ദേഹം വിദ്യാർത്ഥി എന്ന നിലയിൽ പഠനകാലത്ത് തന്നെ പ്രശസ്തനായിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷയിൽ കൊച്ചി സംസ്ഥാനത്ത് ഒന്നാമനായും ഇന്റർമീഡിയറ്റിന് റാങ്കും സ്കോളർഷിപ്പും നേടിയും ബി.എ.യ്ക്ക് മദിരാശി സർവ്വകലാശാലയിൽ നിന്നും ഒന്നാം റാങ്കോടെ വിജയിച്ചുമാണ് അദ്ദേഹം തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഹിന്ദു നിയമത്തിൽ മദ്രാസ് സംസ്ഥാനത്ത് ഒന്നാം റാങ്ക് നേടുന്ന വിദ്യാർത്ഥികൾക്കുള്ള ഭാഷ്യം അയ്യങ്കാർ സ്വർണ്ണ മെഡൽ നേടിക്കൊണ്ടാണ് അദ്ദേഹം നിയമബിരുദം കരസ്ഥമാക്കിയത്.

വളരെ ചെറുപ്പത്തിൽ തന്നെ കോൺഗ്രസിന്റെ സംഘടനാ വൈഭവം സി.അച്യുതമേനോനെ ആകർഷിക്കുകയും അദ്ദേഹം കോൺഗ്രസിൽ അംഗമാകുകയും ചെയ്തു. 1936 ൽ അഭിഭാഷകനായി പ്രാക്ടീസ് തുടങ്ങിയ അദ്ദേഹം സജീവ രാഷ്ട്രീയത്തിലേക്ക് എത്തിയതോടെ അഭിഭാഷക ജോലി ഉപേക്ഷിച്ചു. കൊച്ചിൻ കോൺഗ്രസിലായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾ. സമരങ്ങളുടെ ഒരു പരമ്പര തന്നെ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായി. കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ചെറുതുരുത്തിയിൽ നിന്ന് എറണാകുളത്തേക്ക് ജാഥ നയിച്ചതും തൃശ്ശൂരിൽ നടന്ന ഇലക്ട്രിസിറ്റി പ്രക്ഷോഭവുമൊക്കെ സംഭവ ബഹുലമായ രാഷ്ട്രീയ ജീവിതത്തിലെ തുടക്കകാലത്തെ ചില അനുഭവങ്ങൾ മാത്രം.

1940 ൽ രണ്ടാം ലോക മഹായുദ്ധകാലത്ത് തേക്കിൻക്കാട് മൈതാനിയിൽ നടത്തിയ യുദ്ധ വിരുദ്ധ യോഗത്തിൽ പ്രസംഗിച്ചതിന് അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ഒരു വർഷം തടങ്കലിൽ അടച്ചു. ജയിൽ അനുഭവങ്ങൾ സി.അച്യുതമേനോനെ കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് അടുപ്പിച്ചു. 1941 ൽ ജയിൽ വാസം കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ അദ്ദേഹം തികഞ്ഞ ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു. 1942 ൽ സി.പി.ഐ. യിൽ അംഗമായി. 1942 ൽ ക്വിറ്റ് ഇൻഡ്യ സമരത്തിന്റെ പേരിൽ ആദ്യം അറസ്റ്റു ചെയ്യപ്പെട്ടവരിൽ ഒരാൾ അച്യുതമേനോനായിരുന്നു. ജയിൽ മോചിതനായ ശേഷം കൊച്ചി സ്റ്റേറ്റിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്ന കാര്യത്തിൽ അദ്ദേഹം മുഴുകി. തുടർന്ന് സി.പി.ഐ. യുടെ ദേശീയ കൗൺസിലിൽ ദീർഘകാലം അംഗമായിരുന്ന സി.അച്യുതമേനോൻ പാർട്ടി കേന്ദ്ര സെക്രട്ടേറിയറ്റ് അംഗമായും പ്രവർത്തിച്ചിരുന്നു. 1942 മുതൽ 1948 വരെ കൊച്ചി സംസ്ഥാനത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി ആയിരുന്നു അദ്ദേഹം. 1948 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചതിനെ തുടർന്ന് ഒളിവിൽ പോയ അച്യുതമേനോൻ നാലരവർഷത്തോളം പോലീസിന് പിടികൊടുക്കാതെ കഴിഞ്ഞു. 1949 ൽ തിരു-കൊച്ചി സംയോജനത്തോടുകൂടി പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായി. പിന്നീട് പാർട്ടിയുടെ രണ്ടാം

> **സ്വതന്ത്ര കേരളത്തിന്റെ വികസനത്തിന് കരുത്തുള്ള അടിത്തറ പാകിയ പ്രതിഭാധനന്മാരുടെ കൂട്ടത്തിലാണ് സി. അച്യുതമേനോന്റെ പേര് ചരിത്രം രേഖപ്പെടുത്തിയത്. ആദ്യ മന്ത്രിസഭയിൽ ധനകാര്യ വകുപ്പിന്റെ ചുക്കാൻ പിടിച്ച അദ്ദേഹം കേരളത്തിൽ വ്യാവസായിക വിപ്ലവത്തിന് തുടക്കം കുറിച്ചു.**

കോൺഗ്രസിൽ അച്യുതമേനോൻ പ്രതിനിധിയായി പങ്കെടുത്തു. 1952 ൽ തിരു-കൊച്ചി നിയമസഭാ തെരഞ്ഞെടുപ്പിൽ ഒളിവിൽ കഴിഞ്ഞു കൊണ്ട് തന്നെ അദ്ദേഹം മത്സരിച്ചു വിജയിച്ചു. കേരള സംസ്ഥാന രൂപീകരണ ശേഷം 1957 ലും 1960 ലും ഇരിങ്ങാലക്കുടയിൽ നിന്നും 1970 ൽ കൊട്ടാരക്കരയിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1968 ൽ രാജ്യസഭയിൽ അംഗമായിരിക്കെ 1969 നവംബർ 1 ന് കേരള മുഖ്യമന്ത്രിയായി സ്ഥാനമേൽക്കുകയും കൊട്ടാരക്കര മണ്ഡലത്തിൽ നിന്നും ഉപതെരഞ്ഞെടുപ്പിലൂടെ നിയമസഭാംഗമാകുകയും ചെയ്തു. 1977 മാർച്ച് 22 വരെ അദ്ദേഹം മുഖ്യമന്ത്രി സ്ഥാനത്ത് തുടർന്നു.

കേരളത്തിന്റെ വികസനത്തിന് കരുത്തുള്ള അടിത്തറ പാകിയ പ്രതിഭാധനന്മാരുടെ കൂട്ടത്തിലാണ് സി.അച്യുതമേനോന്റെ പേര് ചരിത്രം രേഖപ്പെടുത്തിയത്. ആദ്യ മന്ത്രിസഭയിൽ ധനകാര്യ വകുപ്പിന്റെ ചുക്കാൻ പിടിച്ച അദ്ദേഹം കേരളത്തിൽ വ്യാവസായിക വിപ്ലവത്തിന് തുടക്കം കുറിച്ചു. സംസ്ഥാനത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങളിൽ മാത്രമല്ല, സാമൂഹ്യകാര്യങ്ങളിലും അച്യുതമേനോൻ ശ്രദ്ധാലുവായിരുന്നു.

1969 മുതൽ 1977 വരെയുള്ള ഏഴുവർഷക്കാലം ചരിത്ര പ്രാധാന്യമുള്ള നിരവധി നടപടികളും പരിഷ്കാരങ്ങളുമായി അച്യുതമേനോന്റെ ഭരണം കേരളീയ ജീവിതത്തിന്റെ സമസ്ത ജീവിതമേഖലകളേയും മാറ്റി മറിച്ചു. സി.അച്യുതമേനോന്റെ ഭരണകാലത്തായിരുന്നു സംസ്ഥാനത്തെ മുഴുവൻ സ്വകാര്യവനങ്ങളും പ്രതിഫലം നൽകാതെ ദേശസാൽക്കരിച്ചത്. സെസ്, ശ്രീചിത്രാ മെഡിക്കൽ സെന്റർ, കെൽട്രോൺ, കെ.എസ്.എഫ്.ഇ., സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് (കോഴിക്കോട്), കേരള അർബൻ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കോഴിക്കോട്), കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ (തിരുവനന്തപുരം), കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (തിരുവനന്തപുരം), കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് (ആലപ്പുഴ), കേരള കാർഷിക സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (പീച്ചി) തുടങ്ങിയ അൻപതിൽപരം സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങിയത് അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. സംസ്ഥാനത്ത് ഒരു ഹൈസ്‌ക്കൂളെങ്കിലും ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹൈസ്‌ക്കൂൾ സ്ഥാപിച്ചു. ലക്ഷം വീട് പദ്ധതി കേരളത്തിലാദ്യമായി നടപ്പാക്കി. ചലച്ചിത്ര അവാർഡുകൾ ഏർപ്പെടുത്തി. ചലച്ചിത്ര നിർമ്മാണ സ്റ്റുഡിയോ (ചിത്രാഞ്ജലി) സ്ഥാപിച്ചു. സ്വകാര്യ കോളേജ് അദ്ധ്യാപകർക്ക് ഡയറക്ട് പേയ്മെന്റ് ഏർപ്പെടുത്തി. അങ്ങനെ കേരളീയ ജീവിതത്തിന്റെ സമസ്ത മേഖലകളേയും ശോഭനമാക്കി തീർത്ത ഒന്നായിരുന്നു സി. അച്യുതമേനോന്റെ ഭരണകാലം.

ഇന്ത്യയിൽ ആദ്യമായി ശാസ്ത്ര നയം പ്രഖ്യാപിച്ച സംസ്ഥാന ഗവൺമെന്റ് ആയിരുന്നു സി.അച്യുതമേനോന്റേത്. 1970 മുതൽ കോൺഗ്രസ് പാർട്ടിയെക്കൂടി അച്യുതമേനോന്റെ ഭരണത്തിന് പങ്കാളികളാക്കി. കോൺഗ്രസിന്റെ സാന്നിധ്യം ജനോപകാരപ്രദമായ മാറ്റങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ അച്യുതമേനോന് കഴിഞ്ഞു. ഇന്ത്യ കണ്ട ഏറ്റവും മികച്ച മുഖ്യമന്ത്രിമാരിൽ ഒരാളായി അച്യുതമേനോൻ പരക്കെ അംഗീകരിക്കപ്പെട്ടു. അതിനുള്ള പ്രത്യക്ഷ സാക്ഷ്യപത്രമായിരുന്നു 1977 ലെ പൊതു തെരഞ്ഞെടുപ്പ്. ഭരിച്ചുകൊണ്ടിരുന്ന മുന്നണി തന്നെ വീണ്ടും അധികാരത്തിൽ വന്നു. അച്യുതമേനോൻ ഭരണത്തിന് ഒരു ജനത നൽകിയ കലവറയില്ലാത്ത അംഗീകാരമായിരുന്നു അത്.

ഒരു മുന്നണി സർക്കാരിനെ വിജയകരമായി എങ്ങനെ നയിക്കാമെന്ന് കേരളീയരേയും ഇന്ത്യക്ക് ആകമാനവും മാതൃക കാട്ടിയ കൂട്ടുകക്ഷി ഭരണത്തിന്റെ മുഖ്യമന്ത്രിയായിരുന്നു സി. അച്യുതമേനോൻ. മുന്നണിയിലെ വലിയ കക്ഷിയല്ലായിരുന്നിട്ടും, ഘടകകക്ഷികൾ തമ്മിൽ ആശയപരമായും പ്രവർത്തന ശൈലികളിലും തികഞ്ഞ വ്യത്യസ്തത നിലനിന്നപ്പോഴും, മുന്നണിയിൽ ഉടലെടുക്കുന്ന പ്രശ്നങ്ങളും സംഘർഷങ്ങളും തരണം ചെയ്യാൻ ഏറ്റവും അധികം പ്രചോദനമായത് അച്യുതമേനോന്റെ വ്യക്തിപ്രഭാവവും ഘടകകക്ഷികളോട് പ്രകടിപ്പിച്ചിരുന്ന സമഭാവനയുമായിരുന്നു.

കൃഷി ഭൂമി കൃഷിക്കാരന് നൽകണം, വിദ്യാഭ്യാസ രംഗത്തെ അഴിമതി അവസാനിപ്പിക്കണം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുമ്പോൾ പ്രൈവറ്റ് മാനേജ്മെന്റിനുള്ള മേൽക്കൈ അവസാനിപ്പിക്കണം, ഭരണം വികേന്ദ്രീകരിക്കണം തുടങ്ങിയ നിരവധി വിഷയങ്ങളാണ് ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിന് ജനകീയ വികസനത്തിന്റെ മാർഗ്ഗരേഖകൾ വരച്ച് അച്യുതമേനോൻ തയ്യാറാക്കിയ 'ഐശ്വര്യ പൂർണ്ണമായ കേരളത്തിലേക്ക്' എന്ന മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയത്. കേരളത്തിന്റെ വികസന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കാൻ അച്യുതമേനോൻ സമയം കണ്ടെത്തി. കർഷകത്തൊഴിലാളികൾക്ക് മിനിമം കൂലി, ഓണത്തിന് ഒരു പറ നെല്ല്, കശുവണ്ടി കോർപ്പറേഷൻ, സയൻസിനും ടെക്നോളജിക്കുമായി ഒരു കമ്മിറ്റി ഇതെല്ലാം അച്യുതമേനോന്റെ സംഭാവനയാണ്. ഒരു മുഖ്യമന്ത്രിയെന്ന നിലയിൽ ഏഴു കൊല്ലത്തെ ഭരണം കൊണ്ട് നാടിനും ജനങ്ങൾക്കും ഗുണകരമായ ഒട്ടേറെ സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1977 ൽ കാലാവധി പൂർത്തിയാക്കി മുഖ്യമന്ത്രി സ്ഥാനത്ത് നിന്ന് ഒഴിഞ്ഞ ശേഷം എഴുത്തും വായനയും രാഷ്ട്രീയവുമായി ജീവിച്ച അദ്ദേഹം പാർട്ടി പദവികളിൽ നിന്നും മാറി നിൽക്കാൻ സ്വയം തീരുമാനിച്ചു. പിന്നീട് തൃശ്ശൂരിൽ സ്ഥാപിതമായ കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തിന്റെ ചെയർമാനായി. ഒരു എഴുത്തുകാരൻ എന്ന നിലയിൽ അതീവ സുന്ദര ശൈലി കൊണ്ട് വായനക്കാരെ അതിശയിപ്പിച്ച അദ്ദേഹം നിരവധി പുസ്തകങ്ങൾ തന്റേതായി പ്രസിദ്ധീകരിച്ചു. 'എന്റെ ബാല്യകാല സ്മരണകൾ' എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡും (1978) സോവിയറ്റ്ലാന്റ് നെഹ്റു അവാർഡും ലഭിച്ചിട്ടുണ്ട്. 'സി. അച്യുതമേനോൻ സമ്പൂർണ്ണ കൃതികൾ' പതിനഞ്ച് വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1991 ഓഗസ്റ്റ് 16 ന് അന്തരിച്ച സി. അച്യുതമേനോന് 1991 ഓഗസ്റ്റ് 28 ന് കേരള നിയമസഭ അന്തിമോപചാരം അർപ്പിച്ചു.



# സഹകരണമേഖലയിൽ സമൂലമാറ്റത്തിനായി സഹകരണ ഭേദഗതി ബിൽ



ഡോ. എൻ. ജയരാജ്
ഗവ. ചീഫ് വിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം സർവ്വകലാശാലാ നിയമ ഭേദഗതി ഉൾപ്പെടെ പതിനേഴ് സുപ്രധാന ബില്ലുകളാണ് പരിഗണിച്ചത്. അവതരിപ്പിക്കപ്പെടുന്ന ബില്ലുകൾ വിഷയനിർണ്ണയ സമിതിക്ക് വിട്ട്, ആവശ്യമായ ഭേദഗതികളോടെ സഭയിൽ ചർച്ച ചെയ്ത് പാസ്സാക്കുകയാണ് നമ്മുടെ നിയമനിർമ്മാണ പ്രക്രിയയുടെ രീതി. എന്നാൽ ചില പ്രധാന ബില്ലുകൾ സെലക്ട് കമ്മിറ്റിക്കുവിട്ട് പൊതുജനാഭിപ്രായം ആരാഞ്ഞ് കുറേക്കൂടി സമഗ്രമാക്കുക എന്ന കീഴ്‌വഴക്കവും നമുക്കുണ്ട്. അത്തരത്തിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ട ബില്ലാണ് 2022 ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സ്വാധീനിക്കുന്ന സഹകരണ മേഖലയിൽ കാതലായ മാറ്റങ്ങൾ ലക്ഷ്യമിടുന്ന ഈ ബില്ലിനെക്കുറിച്ച് സമഗ്രമായ ചർച്ചകൾ ഉയർന്നുവരുന്നത് ഗുണകരമാകുമെന്നതിൽ സംശയമില്ല.

കേരള മോഡൽ വികസനത്തിൽ ചെറുതല്ലാത്ത പങ്കാണ് നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾക്കുള്ളത്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി തുടങ്ങിയ മുൻഗണനാ മേഖലകൾക്കൊപ്പം തന്നെയാണ് സഹകരണ മേഖലയുടെയും സ്ഥാനം. അതുകൊണ്ടു തന്നെ ഓരോ മലയാളിയും ഏതെങ്കിലും തരത്തിൽ സഹകരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് വസ്തുത. കേരളത്തിലെ സഹകരണമേഖലയുടെ പ്രവർത്തനം രാജ്യത്തിന് തന്നെ മാതൃകയാണ്. ഏകദേശം 2 ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖലയിലുള്ളത്. ഇത് രാജ്യത്തിന്റെ മൊത്തം സഹകരണ നിക്ഷേപത്തിന്റെ എഴുപത് ശതമാനത്തോളം വരും. നിക്ഷേപം സ്വീകരിക്കുക, വായ്പ അനുവദിക്കുക എന്ന പരമ്പരാഗത ബാങ്കിംഗ് ബിസിനസ്സിനപ്പുറം റേഷൻ കടകളും മെഡിക്കൽ സ്റ്റോറുകളും ഉൾപ്പെടെ നിരവധി സാമൂഹിക ക്ഷേമ മേഖലകളിലും നമ്മുടെ സഹകരണ മേഖല സജീവമാണ്. എന്നിരുന്നാലും കഴിഞ്ഞ കുറച്ചു നാളുകളായി സഹകരണമേഖലയിൽ ആശാവഹമല്ലാത്ത ചില പ്രവണതകൾ വർദ്ധിച്ചു വരുന്നുണ്ട്. ഇതിനു തടയിടുക എന്ന ലക്ഷ്യത്തോടെയാണ് സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ 2022 ഡിസംബർ 12 ന് നിയമസഭയിൽ അവതരിപ്പിച്ചത്.

1969 ലെ കേരള സഹകരണ സംഘം നിയമം ഇതോടെ സമഗ്രമായി പരിഷ്കരിക്കപ്പെടും. സംഘങ്ങളിൽ ഉണ്ടാകുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുക എന്നതാണ് ഈ ഭേദഗതിയുടെ അടിസ്ഥാന ലക്ഷ്യം. നിലവിൽ സഹകരണ നിയമ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ സാമ്പത്തിക ക്രമക്കേടുകളിൽ പോലീസ് ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികൾക്ക് ഇടപെടാനാകൂ. ഇതിൽ കാലതാമസം നേരിടുന്നതിനാൽ പലപ്പോഴും കുറ്റക്കാർ രക്ഷപ്പെടുകയാണ് പതിവ്. ഭേദഗതി ബില്ല് പ്രാബല്യത്തിലാകുന്നതോടെ കുറ്റകൃത്യം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഘട്ടത്തിൽ തന്നെ ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരമുള്ള ഇടപെടലുകൾ സാധ്യമാകും. അതോടൊപ്പം വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ സർക്കാരിന് വേഗത്തിൽ നടപടിയെടുക്കാനുമാകും. സഹകരണ സ്ഥാപനങ്ങളിലെ നിയമനം പൂർണമായും സഹകരണ സർവ്വീസ് ബോർഡിന് കീഴിലാക്കുക, ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുക തുടങ്ങിയവയും ഈ ബില്ല് ലക്ഷ്യമിടുന്നു. സഹകരണ സ്ഥാപനങ്ങളുടെ അറ്റാദായം കേരള ബാങ്കിൽ നിക്ഷേപിക്കാതെ നോൺ ബാങ്കിംഗ് സ്ഥാനപനങ്ങളിൽ നിക്ഷേപിക്കുന്ന സമ്പ്രദായത്തിന് മാറ്റം വരും.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകളിൽ സുതാര്യത ഉറപ്പുവരുത്തുക, അനുബന്ധ സ്ഥാപനങ്ങളുണ്ടാക്കിക്കൊണ്ട് ഫണ്ട് ദുരുപയോഗം തടയുക, ഭരണ സമിതി അംഗങ്ങളുടെ കാലാവധി രണ്ടു വർഷമായി നിജപ്പെടുത്തുക, ഗഹാൻ വ്യവസ്ഥയിൽ കൂടുതൽ വ്യക്തത വരുത്തുക, സംഘങ്ങളിൽ നടക്കുന്ന അന്വേഷണം, പരിശോധന തുടങ്ങിയ വ്യവസ്ഥകൾ കർശനമാക്കുക തുടങ്ങിയവയും ഈ ബില്ല് ലക്ഷ്യമിടുന്നു. വ്യവസ്ഥകൾ പാലിക്കാതെ വായ്പ അനുവദിക്കുന്നതിലൂടെ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഭരണസമിതി അംഗങ്ങളിൽ നിന്നും തിരിച്ചുപിടിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടാകും.

സംഘങ്ങളുടെ ഓഡിറ്റ് ശക്തമാക്കാനുള്ള നിർദ്ദേശമാണ് ബില്ലിലെ മറ്റൊരു പ്രധാന വ്യവസ്ഥ. കൺകറന്റ്, വാർഷിക ഓഡിറ്റുകൾക്ക് ഒരു ഓഡിറ്റർ എന്ന രീതി മാറി ഓഡിറ്റ് സംഘത്തിന്റെ പരിശോധന ഉറപ്പാക്കുന്നതോടെ ഒരാൾ തന്നെ ദീർഘകാലം ഒരേ സംഘത്തിന്റെ ഓഡിറ്ററായി തുടരുന്ന രീതിയും അവസാനിക്കും. അതോടൊപ്പം ക്രമക്കേടുകളിലും വീഴ്ചകളിലും കാലികമായ ഇടപെടലുകളും തിരുത്തലുകളും ഉറപ്പാകും. കൂടാതെ ജീവനക്കാരുടെയും ഭരണസമിതി അംഗങ്ങളുടെയും വായ്പ, ചിട്ടി തുടങ്ങിയ വിശദാംശങ്ങൾ പൊതുയോഗത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിയമ ഭേദഗതിയിലൂടെ ഉറപ്പാക്കുന്നുമുണ്ട്. ചുരുക്കത്തിൽ ഈ ബില്ല് നിയമമാകുന്നതോടെ സഹകരണ മേഖലയിൽ സമഗ്രമായ മാറ്റമുണ്ടാകും. പുതുതലമുറ ബാങ്കുകളോട് മത്സരിക്കുവാനും സഹകരണ പ്രസ്ഥാനങ്ങളുടെ വിശ്വാസ്യതയ്ക്ക് ആക്കം കൂട്ടുവാനും ഈ ബില്ല് നിയമമാകുന്നതോടെ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

നോട്ട് നിരോധനം മുതൽ കേന്ദ്ര സർക്കാർ സ്വീകരിച്ച ഒട്ടുമിക്ക നടപടികളും കേരളത്തിലെ സഹകരണ മേഖലയ്ക്ക് വലിയ ക്ഷീണമാണ് ഉണ്ടാക്കിയത്. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനം ബില്ല് അവതരിപ്പിച്ച അതേ സമയത്തുതന്നെ മൾട്ടി സ്റ്റേറ്റ് സഹകരണ ഭേദഗതി ബില്ല് കേന്ദ്രം ലോക്സഭയിൽ അവതരിപ്പിച്ചു എന്നത് തികച്ചും യാദൃശ്ചികം മാത്രം. 1984 ലെ സഹകരണ സംഘം നിയമം ഭേദഗതി ചെയ്യുക എന്നതാണ് ഈ ബില്ല് ലക്ഷ്യമിടുന്നത്. വിവിധ സംസ്ഥാനങ്ങളിലെ അംഗങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ ഉതകുന്ന രീതിയിൽ സംഘങ്ങളുടെ ജനാധിപത്യപരമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും സ്വയംഭരണം ശക്തിപ്പെടുത്തുന്നതിനുമാണ് ഭേദഗതി കൊണ്ടുവന്നതെന്നാണ് കേന്ദ്രസർക്കാരിന്റെ അവകാശവാദം. എന്നാൽ സഹകരണ മേഖല സംസ്ഥാന വിഷയമാണെന്നും ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിലേയ്ക്കുള്ള കേന്ദ്ര സർക്കാരിന്റെ കടന്നുകയറ്റമാണെന്നും പ്രതിപക്ഷ അംഗങ്ങൾ തടസ്സവാദമുന്നയിച്ചെങ്കിലും അവയൊന്നും പരിഗണിക്കപ്പെട്ടില്ല. സംസ്ഥാന നിയമത്തിന്റെ പിൻബലത്തിൽ രൂപീകരിച്ച സഹകരണ സംഘങ്ങൾക്ക് കേന്ദ്ര നിയമത്തിന്റെ പരിധിയിൽ വരുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ ലയിക്കാനുള്ള അവകാശം ഈ ബില്ല് നൽകുന്നു. ഇത് ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിന് എതിരാണ് എന്ന കാര്യത്തിൽ സംശയമില്ല. ചുരുക്കത്തിൽ കേന്ദ്രം കൊണ്ടുവന്ന ഈ ബില്ല് സംസ്ഥാനത്തെ സഹകരണ മേഖലയെ തളർത്തുന്നതും ഫെഡറൽ തത്വങ്ങളെ വെല്ലുവിളിക്കുന്നതുമാണ്.

കേന്ദ്രത്തിൽ സഹകരണത്തിനും പ്രത്യേക മന്ത്രാലയം രൂപീകരിച്ച് സഹകരണ മേഖലയിൽ ഇടപെടുന്നതിനുള്ള നടപടികളാണ് കേന്ദ്രം സ്വീകരിക്കുന്നത്. വർഷത്തിൽ പണമായി ഒരു കോടി രൂപയ്ക്ക് മുകളിൽ പിൻവലിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നും ആദായ നികുതി ഈടാക്കുന്ന നടപടിയും ഈ സംവിധാനത്തെ തളർത്തുന്നതാണ്. കൂടാതെ സഹകരണ സംഘങ്ങളുടെ ലാഭം കാർഷികേതര പ്രവർത്തനങ്ങളിൽ നിന്നാണെന്ന് വ്യാഖ്യാനിച്ച് ആദായ നികുതി ഈടാക്കുന്നതും ഈ മേഖലയിൽ കേന്ദ്ര ആധിപത്യം ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണെന്ന് അനുമാനിക്കാം.

2020 ലെ ബാങ്കിംഗ് നിയമ ഭേദഗതി സഹകരണ മേഖലയുടെ അധികാരങ്ങൾ കവരുന്നതാണ്. സഹകരണ ബാങ്കുകളുടെ ഭരണപരമായ വിഷയങ്ങളിൽ ഇടപെടുന്നതിന് ഇത് റിസർവ്വ് ബാങ്കിന് അധികാരം നൽകുന്നു. കൂടാതെ സംസ്ഥാനത്തെ സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകളുടെ ഭരണസമിതി പിരിച്ചുവിടുന്നതിനും, മാനേജിംഗ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് തസ്തികകളിലെ നിയമനം തുടങ്ങിയവയിലും നിയമ ഭേദഗതിയിലൂടെ റിസർവ്വ് ബാങ്കിന് അധികാരം ലഭ്യമാക്കിയിട്ടുണ്ട്. ബാങ്ക്, ബാങ്കർ എന്നീ പദങ്ങൾ ഉപയോഗിക്കുന്നത്, ചെക്ക് ഉപയോഗം, നിക്ഷേപം സ്വീകരിക്കൽ തുടങ്ങിയ വിഷയങ്ങളിൽ നിർദ്ദേശങ്ങളും നോട്ടീസുകളും നിരന്തരം റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയാണ്. 1956 ലെ ഇന്ത്യൻ കമ്പനി നിയമത്തിൽ 2013 ൽ വരുത്തിയ ഭേദഗതിയിലൂടെ വകുപ്പ് 406, 620 'എ' എന്നിവയ്ക്ക് വിധേയമായി നിധി കമ്പനികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തു. ഇത്തരം സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളുടെ മാതൃകയിൽ ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുകയും സഹകരണ വായ്പാ മേഖലയ്ക്ക് ഭീഷണിയാവുകയും ചെയ്യുന്നു.

കേരളത്തിൽ സഹകരണ പ്രസ്ഥാനം ഉയർന്നുവന്നത് ജനകീയ പ്രസ്ഥാനങ്ങളുടെ സജീവമായ ഇടപെടലിന്റെ ഭാഗമായാണ്. ബ്ലേഡ് കമ്പനിക്കാരുടെയും വട്ടിപലിശക്കാരുടെയും ചൂഷണത്തിൽ നിന്നും പാവപ്പെട്ട ജനങ്ങളെ സംരക്ഷിച്ചു നിർത്തുന്നത് ഇവിടുത്തെ സഹകരണ മേഖലയാണ്. ബാങ്കിംഗ് മേഖല എന്നതിനപ്പുറം തൊഴിൽ മേഖല എന്ന നിലയിലും നമ്മുടെ സഹകരണ മേഖലയ്ക്ക് വലിയ പ്രാധാന്യമാണുള്ളത്. ലക്ഷക്കണക്കിന് ആളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന മേഖലയാണിത്. പതിറ്റാണ്ടുകളിലൂടെ ആർജ്ജിച്ചെടുത്ത കരുത്ത് ഏതെങ്കിലും നിക്ഷിപ്ത താല്പര്യക്കാരുടെ രഹസ്യ അജണ്ടകൾക്ക് മുൻപിൽ തകർക്കപ്പെടേണ്ടതല്ല. നാടിനോടൊപ്പം നടന്ന ഈ പ്രസ്ഥാനത്തെ കള്ളപ്രചാരണത്തിലൂടെ നശിപ്പിക്കാൻ ചിലർ നടത്തുന്ന ശ്രമം ചെറുത്തു തോൽപ്പിക്കേണ്ടത് ഓരോ മലയാളിയുടേയും കടമയാണ്. ഈ ലക്ഷ്യം മുൻനിർത്തി സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും പുതിയ കാലത്തെ വെല്ലുവിളികളെ അതിജീവിക്കുന്നതിനും, ആശാവഹമല്ലാത്ത പ്രവണതകൾക്ക് തടയിടുന്നതിനും സംസ്ഥാന സർക്കാർ കൊണ്ടുവന്ന ഈ നിയമ ഭേദഗതിക്ക് സാധിക്കുമെന്ന് തന്നെയാണ് എന്റെ വിശ്വാസം.

വിജ്ഞാനപഥം

1. ശ്രീമൂലം പ്രജാസഭയിലും തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലും അംഗമായിരുന്ന മഹാകവി ആര്?

**കുമാരനാശാൻ**

2. സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളുടെ പുനഃക്രമീകരണം നടത്തുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്?

**ഓരോ ദശവർഷാവസാനത്തിലെ കാനേഷുമാരി കണക്കിലെ ജനസംഖ്യാ മാറ്റങ്ങൾക്ക് അനുസരിച്ച്**

3. കൊച്ചിയിൽ ആദ്യ നിയമനിർമ്മാണ സഭ നിലവിൽ വന്നതെന്ന്?

**1925 ഏപ്രിൽ 3 ന്**

4. നിയമ സമിതികളുടെ (Legislative Council)) രൂപീകരണത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം ഏത്?

**അനുച്ഛേദം 168**

5. 1949 മേയ് 27 ന് തിരു-കൊച്ചി സംയോജന ഉടമ്പടിയിൽ ഒപ്പുവച്ചതാരൊക്കെയാണ് ?

**തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമ വർമ്മയും കൊച്ചി രാജാവായിരുന്ന പരീക്ഷിത് തമ്പുരാനും**

6. 1957 ൽ കേരള സംസ്ഥാന രൂപീകരണ വേളയിലുണ്ടായിരുന്ന നിയോജക മണ്ഡലങ്ങളുടെ എണ്ണം എത്ര?

**114 (ഇതിൽ 12 എണ്ണം ദ്വയാംഗ മണ്ഡലങ്ങളായിരുന്നു)**

7. രാജ്യത്തിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കാൻ ദ്വിമണ്ഡല സഭാ കാലയളവിൽ രൂപീകരിച്ച സഭാ സമിതി ഏത്?

**പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി**

8. നിലവിൽ കേരള നിയമസഭയിൽ ഏത്ര പട്ടികജാതി/ പട്ടികവർഗ്ഗ സംവരണ സീറ്റുകൾ ഉണ്ട്?

**പട്ടികജാതി വിഭാഗത്തിനായി 14 സീറ്റുകളും പട്ടികവർഗ്ഗ വിഭാഗത്തിനായി 2 സീറ്റുകളും**

9. തിരു-കൊച്ചി സംസ്ഥാനത്തെ ആദ്യ വനിത മന്ത്രി?

**ആനി മസ്ക്രീൻ (ആരോഗ്യം-ഊർജ്ജ വകുപ്പ്; 1949-50)**

10. ഏറ്റവും കുറഞ്ഞ കാലം അധികാരത്തിലിരുന്ന മന്ത്രിസഭ ഏത്?

**കെ. കരുണാകരൻ മന്ത്രിസഭ (25.03.1977 - 25.04.1977 വരെ; 32 ദിവസം)**


ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ


പരീക്ഷിത് തമ്പുരാൻ


കുമാരനാശാൻ


ആനി മസ്ക്രീൻ

പുസ്തക പരിചയം

# സാമാജികന്റെ സാക്ഷിമൊഴികൾ

ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് എഴുതിയ ലേഖനങ്ങളുടെ സമാഹാരം അദ്ധ്യാപകനും നിരൂപകനും എഴുത്തുകാരനുമായ എം.പി. ബിനുകുമാർ പരിചയപ്പെടുത്തുന്നു.




കർമ്മനിരതനായ ഒരു പൊതുപ്രവർത്തകന്റെ, പ്രതിഭാധനനായ ഒരു അദ്ധ്യാപകന്റെ, പ്രതിബദ്ധതയുള്ള ഒരു സാമാജികന്റെ വിലയേറിയ തിരിച്ചറിവുകളും ഓർമ്മപ്പെടുത്തലുകളുമാണ് ഡോൺബുക്സ് പുറത്തിറക്കിയ നാല്പത്തിയാറ് ലേഖനങ്ങളുടെ സമാഹാരമായ 'സാമാജികൻ സാക്ഷി'. ഡോ.എൻ.ജയരാജിന്റെ വ്യക്ത്യാനുഭവങ്ങളുടെയും ആഴവും പരപ്പുമുള്ള വായനാനുഭവങ്ങളുടെയും നേർസാക്ഷ്യമാണീ ഗ്രന്ഥം.

'ഇന്നലെകളുടെ നഷ്ടങ്ങളിൽ വിങ്ങുന്ന, സഹായഹസ്തം ആഗ്രഹിക്കുന്ന, അതിജീവനം തേടുന്നവരുടെ പക്ഷത്താണ് ഈ എഴുത്തുകാരൻ' എന്ന് ഡോ.എം.കെ.മുനീർ 'കാലത്തിന്റെ സമഗ്രചിത്രമെഴുതുന്ന സാക്ഷി' എന്ന മുഖമൊഴിയിൽ ലേഖകനെ കൃത്യമായടയാളപ്പെടുത്തുന്നുണ്ട്. ജനജീവിതത്തിന്റെ നാനാമേഖലകളെ സംബന്ധിച്ച് ലേഖകൻ രൂപപ്പെടുത്തിയിട്ടുള്ള ഉൾക്കാഴ്ചകൾ ഓരോ ലേഖനത്തെയും അതിപ്രസക്തമാക്കുന്നു. ഭാഷ, വിദ്യാഭ്യാസം, പ്രകൃതി, ജലം, ആരോഗ്യം, സാമൂഹ്യനീതി, കുടുംബം, മാധ്യമം, ഉദ്യോഗസ്ഥവൃന്ദം, പൊതുഭരണം, സാഹിത്യം, ചലച്ചിത്രം, വികസനം, ലിംഗസമത്വം, പുതുതലമുറ, കലകൾ ഇങ്ങനെ വൈവിദ്ധ്യപൂർണ്ണമായ വിഷയങ്ങളാണ് ഈ ഗ്രന്ഥത്തിൽ ചർച്ചചെയ്യപ്പെടുന്നത്. സിദ്ധാന്ത ഭാരമില്ലാതെ, അക്കാദമിക നാട്യങ്ങളില്ലാതെ, സരളഭാഷയിൽ നർമ്മം ചാലിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്ന രീതി ഏതുതരം വായനക്കാരേയും ആകർഷിക്കാൻ പോന്നവയാണ്. ആധികാരികമായ രേഖകൾ, കണക്കുകൾ, പഠനങ്ങൾ തുടങ്ങിയവയെ ആധാരമാക്കിയാണ് ഓരോ ലേഖനവും പുരോഗമിക്കുന്നത്. ഗൗരവമൊട്ടും ചോരാതെ വിളക്കിച്ചേർത്തിരിക്കുന്ന ചെറുകഥകളും ചൊല്ലുകളും നാടൻശൈലികളും കവിതാശകലങ്ങളും ലേഖനങ്ങളുടെ മാറ്റുകൂട്ടുന്നു.

'അക്ഷരപൂവിന്നിതളില്ലൂടെന്നെ ആദ്യം നടത്തിച്ച ചൈതന്യമേ' എന്ന പ്രഥമ ലേഖനത്തിൽ മാതൃഭാഷയുടെ മഹത്വവും ആരോഗ്യകരമായ സാംസ്കാരിക പരിസരവും വികാസവീക്ഷണങ്ങളും രൂപപ്പെടുത്തുന്നതിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നു. വർത്തമാനകാലത്തിന്റെ ആവശ്യകതകളെ സംബോധന ചെയ്യുവാൻ ശേഷിയുള്ളതാക്കി കലാസാഹിത്യ രൂപങ്ങളെ പരുവപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. '73 ലെ നിർമ്മാല്യത്തിന്റെ പൂക്കൾ എന്നും വാടാതെ നിൽക്കുമെന്ന് നാം കരുതി, നമുക്ക് തെറ്റുപറ്റിയെന്ന് പറയാതെ വയ്യ' എന്ന ലേഖകന്റെ തുറന്നുപറച്ചിൽ ശ്രദ്ധേയമായ ഓർമ്മപ്പെടുത്തലാണ്.

'അദ്ധ്യാപകരോട് ഒരു വാക്ക്', 'നൂറു നഷ്ടപ്പെടുന്ന നൂറുമേനികൾ', 'മാതൃഹൃദയവും പ്രേമദരിദ്രമോ?' തുടങ്ങിയ ലേഖനങ്ങളിലൂടെ വിദ്യാഭ്യാസ മേഖലയെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകൾ ലേഖകൻ പങ്കുവയ്ക്കുന്നു. ചടുലമായി ചിന്തിക്കുവാൻ മനസ്സുകളെ പ്രാപ്തമാക്കുന്ന പ്രസാദാത്മകമായ വിദ്യാഭ്യാസ സമീപനം ഉരുത്തിരിയേണ്ടതിന്റെ ആവശ്യകത അദ്ധ്യാപകൻ കൂടിയായ ലേഖകൻ ഊന്നിപ്പറയുന്നു. വിദ്യാഭ്യാസമേഖലയിലെ കച്ചവട താത്പര്യങ്ങൾ, അശാസ്ത്രീയമായ മൂല്യനിർണയം, മൂല്യശോഷണം, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ, വിദ്യാർത്ഥി രാഷ്ട്രീയം തുടങ്ങിയവയെല്ലാം ഈ ലേഖനങ്ങളിൽ ചർച്ചാവിധേയമാകുന്നു. കേവലം അക്ഷരാഭ്യാസത്തിനപ്പുറം അടിസ്ഥാന ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട അറിവിന്റെ പ്രാധാന്യം വ്യക്തമാക്കപ്പെടുന്നു.

ഭരണകൂടങ്ങളുടെയും ജനതയുടെയും അശ്രദ്ധമൂലം പ്രകൃതിയുടെ താളം തെറ്റുന്നതിലും തണ്ണീർത്തടങ്ങളും പുഴകളും കാടും ശോഷിക്കുന്നതിലും പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിലുമെല്ലാമുള്ള നൊമ്പരം പരിസ്ഥിതി സംബന്ധമായ പത്തോളം ലേഖനങ്ങളിലൂടെ ലേഖകൻ പങ്കുവയ്ക്കുന്നു. തെറ്റായ വികസന നയങ്ങൾ തിരുത്തപ്പെടേണ്ടതിന്റെ അനിവാര്യത ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നുണ്ട്.

പരിസ്ഥിതി പ്രശ്നങ്ങളെ സാംസ്കാരിക, രാഷ്ട്രീയ ഭൂമികകളിൽ വിലയിരുത്തുന്ന ലേഖകൻ ചെമ്പേരി പുഴയുടെ തീരത്തുനിന്ന് ഒറോതയ്ക്ക് ഓടിപ്പോകാൻ ഒരു കാടുണ്ടായിരുന്നു, നമുക്കോ?' എന്ന ചോദ്യം ഉയർത്തുന്നു. കാർഷിക മേഖലയുടെ വികസനം ലക്ഷ്യമാക്കുന്നതാണ് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന പല ലേഖനങ്ങളും.

ഭരണകൂടസ്ഥാപനങ്ങളെ ആഴമേറിയ വിമർശനങ്ങളിലൂടെ പ്രതിസ്ഥാനത്താക്കുന്ന നിരവധി സന്ദർഭങ്ങൾ ഈ ഗ്രന്ഥത്തിൽ കാണാം. ഉദ്യോഗസ്ഥവൃന്ദത്തിന്റെ മെല്ലെപ്പോക്ക്, അഴിമതി, കെടുകാര്യസ്ഥത തുടങ്ങിയവയെല്ലാം ലേഖകൻ നിർലോഭം പരിഹസിക്കുന്നുമുണ്ട്.

ചെറുപ്പം മുതൽ വെള്ളം ചുമന്ന് തലമുടി പോയതിനാൽ വിവാഹം നടക്കാത്ത പെൺകുട്ടിയെപ്പറ്റി അവളുടെ അമ്മ പങ്കുവയ്ക്കുന്ന ദുഃഖം ലേഖകൻ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നുണ്ട് 'നാഴിയുരിപ്പാലുകൊണ്ട് നാടാകെ കല്യാണം' എന്ന ഉപന്യാസത്തിൽ. പുതുതായി വൈദ്യുതിയെത്തിയ ഗ്രാമം സന്ദർശിച്ചപ്പോൾ സന്തോഷസൂചകമായി ഒരു കുട്ടി നൽകിയ നാരങ്ങാമിഠായിയാണ് ജനപ്രതിനിധിയെന്ന നിലയ്ക്ക് തനിക്ക് ലഭിച്ച വലിയ അവാർഡെന്ന് വിനയപൂർവ്വം ലേഖകൻ തുറന്നുപറയുന്നു. വികസന പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും മാനവികവുമായ മാനങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറയുന്നു.

മാധ്യമലോകത്തെ ആശാസ്യകരമല്ലാത്ത പ്രവണതകൾ, സാമൂഹ്യമാധ്യമങ്ങളുടെ ദുരുപയോഗം, മൊബൈൽഫോണിന്റെ അമിതോപയോഗം തുടങ്ങിയവയെപ്പറ്റി പല ലേഖനങ്ങളും ചർച്ചചെയ്യുന്നു. 'ചില ശീലങ്ങൾ ശീലായ്മയുണ്ടാക്കുന്നെങ്കിൽ അതിന് ഉറപ്പായും പരിഹാരമുണ്ടാകണം' എന്ന ഓർമ്മപ്പെടുത്തൽ വളരെ പ്രസക്തമാണ്. ലിംഗവിവേചനം, വിവാഹധൂർത്ത്, ആതുരസേവനരംഗത്തെ ദുഷിച്ച പ്രവണതകൾ എന്നിവയെല്ലാം ഇവിടെ ചർച്ചാവിധേയമാകുന്നു.

ജനപ്രതിനിധി, പൊതുപ്രവർത്തകൻ എന്നീ നിലകളിൽ തന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനമായി മാറിയ ആശയങ്ങളും പഠനങ്ങളും വീക്ഷണങ്ങളുമൊക്കെ എഴുത്തിലൂടെ പങ്കുവയ്ക്കുന്ന ലേഖകൻ വായനക്കാർക്ക് വലിയ പ്രതീക്ഷകളാണ് നൽകുന്നത്. ലേഖകന്റെ തുറന്ന സമീപനം, സുതാര്യവീക്ഷണം, കാര്യങ്ങൾ പഠിക്കുവാനുള്ള ഉത്സുകത, ആശയവിനിമയത്തിലെ ലാളിത്യം, വിമർശനാത്മകത, നർമ്മബോധം തുടങ്ങിയവയെല്ലാം മാതൃകാപരം തന്നെ. ഭരണകർത്താക്കളെയും ജനതയെയും കൂടുതൽ ചിന്തിപ്പിക്കുകയും തങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിൽ കർമ്മനിരതരാകാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നവയാണ് ഡോ. എൻ. ജയരാജിന്റെ ലേഖനങ്ങൾ എന്നതാണവയുടെ മഹത്വം. ഈ സമാഹാരം പുറത്തിറക്കുന്ന ഡോൺബുക്സ് അഭിനന്ദനം അർഹിക്കുന്നു.

നിയമസഭാ പ്രസംഗങ്ങളിലൂടെ

# പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കപ്പെടണം

(വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയ്ക്ക് മറുപടിയായി 1968 മാർച്ച് 19 ന് കേരള നിയമസഭയിൽ വ്യവസായ വകുപ്പ് മന്ത്രി ടി.വി. തോമസ് സഭാ തലത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)

"സർ, ഈ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഇവിടെ നടന്ന വിമർശനങ്ങൾക്ക് ഞാൻ ആദ്യമായി നന്ദി പറഞ്ഞുകൊള്ളുന്നു. അതിൽ പല വിമർശനങ്ങളും വളരെയധികം സഹായകരമായിരുന്നുവെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഇന്നിവിടെ നടന്ന ചർച്ച നമ്മുടെ നാട്ടിൽ കൂടുതൽ വ്യവസായങ്ങൾ ഉണ്ടാക്കാനും നിലവിലുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം ചെയ്യണമെന്നുള്ളതിനെപ്പറ്റിയും അതിലേക്കു എന്തുമാർഗ്ഗങ്ങളാണ് ആരായേണ്ടത് എന്നതിനെപ്പറ്റിയും ആയിരുന്നുവെന്നാണ് ഞാൻ മനസിലാക്കുന്നത്. അങ്ങനെ ആയിരിക്കേണ്ടതുമായിരുന്നു. ഒരു രാജ്യത്തെ വ്യവസായവൽക്കരണം വാസ്തവത്തിൽ ഇന്നത്തെ പ്രത്യേക സാമ്പത്തിക പരിതസ്ഥിതിയിൽ ഒരു സങ്കീർണ്ണ പ്രശ്നമാണെന്ന വസ്തുത ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. ആ സ്ഥിതിയിൽ നമ്മുടെ പ്രതിപക്ഷം പ്രത്യേകിച്ച് ചില സ്നേഹിതന്മാർ കുറേക്കൂടി ഗൗരവബുദ്ധിയോടുകൂടി സംസാരിക്കേണ്ടിയിരുന്നുവെന്ന് എനിക്ക് ഖേദത്തോടുകൂടി അവരെ അറിയിക്കുവാനുണ്ട്.

സർ, ഈ രാജ്യത്ത് വ്യവസായീകരണം സാധിക്കാതിരുന്നത് വ്യവസായീകരണത്തിനുവേണ്ടി അധികാരത്തിലിരിക്കുന്നവർ ആഗ്രഹിക്കാത്തതു കൊണ്ടല്ല. നേരെ മറിച്ച് നാം മനസ്സിലാക്കേണ്ടത് ഇവിടെ കുറേക്കാലങ്ങളായി സ്ഥായിയായ, സ്ഥിരമായ ഒരു തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിന്റെ അഭാവമായിരുന്നുവെന്നുമാണ്. അപ്പോൾ വ്യവസായീകരണത്തിന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന പ്രതിപക്ഷാംഗങ്ങൾ സ്ഥായിയായ ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടാക്കുന്നതിന് ആവശ്യമായ സഹകരണം വാഗ്ദാനം ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. നേരെ മറിച്ച് ഞങ്ങളുടെ വ്യവസായ പ്രവർത്തനങ്ങളിൽ പരിപൂർണ്ണമായി സഹകരിക്കുമെന്നുള്ള അധരവ്യായാമം അല്ലാതെ അടിസ്ഥാനപരമായ പ്രശ്നങ്ങളിലേക്കു കടക്കാൻ തയ്യാറായില്ലെന്നു മാത്രമല്ല, വളരെ ബാലിശങ്ങളായ പ്രസ്താവനകൾ നടത്തുകയുമാണ് ചെയ്യുന്നത്. എനിക്ക് ഇവിടെ പറയുവാനുള്ളത് വ്യവസായീകരണത്തിനു പ്രതിപക്ഷം ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഒരു സ്ഥിരമായ ഗവൺമെന്റ് ഇവിടെ ഉണ്ടായിരിക്കുന്നതിന് സഹകരിക്കണമെന്നാണ്. പ്രത്യേകിച്ചും കെ.എം. ജോർജ്ജിനോടാണ് എനിക്കു പറയുവാനുള്ളത്. അദ്ദേഹം ഈയിടെ ഒരു പ്രസ്താവന ചെയ്തു. ഒരു ജനാധിപത്യ ഐക്യം ഉണ്ടാക്കിയാൽ ആറു മാസത്തിനകം ഈ ഗവൺമെന്റിനെ തകർക്കാമെന്ന്.

ശരിയാണ്, അദ്ദേഹം ഈ ഗവൺമെന്റ് നിലനിൽക്കാൻ ആഗ്രഹിക്കുന്ന ആളാണെന്ന് എനിക്കറിയാം. അദ്ദേഹത്തിന്റെ പ്രസ്താവന ആവർത്തിച്ചു കാണാൻ ഞാൻ കൊതിച്ചു പോവുകയാണ്. സാർ, മഹാഭാരതത്തിൽ കുരുക്ഷേത്രയുദ്ധത്തിൽ ധീരവീരപരാക്രമിയായ ശല്യർ കൗരവപക്ഷത്തു ചേർന്നു. പാണ്ഡവർ ബന്ധുക്കളാണ്. അദ്ദേഹം ഒരു പക്ഷേ കർണ്ണന്റെ തേർ തെളിക്കാൻ പോലും തയ്യാറാകുമായിരുന്നു. എന്നാൽ കർണ്ണൻ അർജ്ജുനന്റെ തലയെടുക്കാൻ തയ്യാറാകുകയാണെങ്കിൽ അങ്ങ് എന്തുചെയ്യുമെന്ന് ശല്യരോടു ചോദിച്ചപ്പോൾ 'ഞാൻ അതിനു കൂട്ടു നിൽക്കുകയില്ല' എന്നതായിരുന്നു ശല്യരുടെ മറുപടി. അതാണ് ഞാൻ കെ.എം. ജോർജ്ജിൽ നിന്നും പ്രതീക്ഷിക്കുന്നത്. കേരള രാഷ്ട്രീയത്തിലെ ശല്യരാണ് അദ്ദേഹം. അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട ശ്രീ. മാണി, നമുക്കു വമ്പിച്ച വനസമ്പത്തുണ്ടെന്നും അതുപയോഗിക്കാൻ സാധ്യമല്ലാത്ത ഗതികേടിനെപ്പറ്റിയും എല്ലാം സംസാരിച്ചു. അത് ഉപയോഗിക്കാൻ സാഹചര്യമുണ്ടാകണമെങ്കിൽ ഇവിടെ ഒരു സ്റ്റേബിൾ ഗവൺമെന്റ് വേണം. നാം രണ്ടു കൂട്ടരും സഹകരിക്കുകയാണെങ്കിൽ അതിനുള്ള സാഹചര്യം ഉണ്ടാകുമെന്നാണു എനിക്കു പറയുവാനുള്ളത്. നമ്മുടെ പൊതുമേഖലയെപ്പറ്റി ഇവിടെ നടന്ന വിമർശനങ്ങൾ അതിന്റെ എല്ലാ അർത്ഥത്തിലും ഞാൻ അംഗീകരിക്കുന്നു. സോഷ്യലിസം ലക്ഷ്യമായി കണ്ടുകൊണ്ടു പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന് പൊതുമേഖല തകരാറിലാകുന്നത് കണ്ടുകൊണ്ട് നിൽക്കാൻ സാധ്യമല്ല. അങ്ങനെ നിൽക്കുകയാണെങ്കിൽ അതു ആത്മഹത്യാപരമായിരിക്കും. അതുകൊണ്ട് നമുക്കു പൊതുമേഖലാ വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനും അതു ന്യായമായ നിലയിൽ നടത്തുന്നതിനും ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും ഈ ഡിപ്പാർട്ടുമെന്റ് സ്വാഗതം ചെയ്യുന്നു. സ്വാഗതം ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഒരു കാര്യം കൂടി ഈയവസരത്തിൽ ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ കുറെ നാളുകളായി അവഗണിക്കപ്പെട്ടിരുന്ന നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒരു സുപ്രഭാതത്തിൽ എല്ലാം പുനഃസംഘടിപ്പിക്കപ്പെട്ട് നല്ല നിലയിൽ നടത്താൻ സാധിക്കുമെന്ന് ആരും പ്രതീക്ഷിക്കേണ്ടതില്ല. അടിത്തറയില്ലാത്ത മേൽപ്പുര കെട്ടാൻ പ്രയാസമാണ്. അതുകൊണ്ട് അടിസ്ഥാനപരമായ ചില കാര്യങ്ങൾ



ചെയ്തു തീർത്തുകൊണ്ടിരിക്കുകയാണ്. അത് വിജയപ്രദമാകുമെന്നുള്ളതിന്റെ ഒരു സൂചനയാണ് നമ്മുടെ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്. എത്രയോ ലക്ഷം രൂപ തുടർച്ചയായി നഷ്ടം വന്നു കൊണ്ടിരുന്ന ഒരു മില്ലാണിത്. അതിന്റെ മാനേജ്മെന്റിൽ വന്ന മാറ്റമാണ് ഇപ്പോഴത്തെ വിജയത്തിന്റെ പ്രധാനകാരണം. സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു മാനേജ്മെന്റാണ് ഇന്നതിന്റെ പ്രവർത്തനം നടത്തുന്നത്. മറ്റൊരുകാര്യം കൂടി ഈ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചു ചൂണ്ടിക്കാണിക്കാനുണ്ട്. ഇതേപ്പറ്റി വിമർശിക്കുന്നവർ മനസ്സിലാക്കാൻ വേണ്ടിയാണ് പറയുന്നത്. ഇത് നഷ്ടമാണെന്ന് ശ്രീ കണ്ണനും കൂട്ടരും പറയുകയുണ്ടായി. ഒരു പ്രകാരത്തിൽ അതു ശരിയാണെങ്കിലും ഡിപ്രീസിയേഷൻ കണക്കാക്കിയാൽ ക്യാഷ്‌ലോസ് വമ്പിച്ച തോതിലുണ്ടാകുന്നില്ലെന്നു ധരിച്ചിരിക്കണം. ഡിപ്രീസിയേഷൻ കണക്കാക്കുന്നത് വെറും സാങ്കേതികകാര്യമാണ്.

നമ്മുടെ ഏറ്റവും വലിയ ഒരു ചുമതല പരമ്പരാഗതങ്ങളായ വ്യവസായങ്ങളുടെ പുനഃസംഘടനയാണ് എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഇതിനെ സംബന്ധിച്ച ചില കരടു നിർദ്ദേശങ്ങൾ ഈ സഭയുടെ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. അതു സമർപ്പിക്കുവാൻ താമസിച്ചുപോയതിനെപ്പറ്റി പരിഭവം പ്രകടിപ്പിക്കുകയുണ്ടായി. ഇതൊരു സങ്കീർണ്ണമായ പ്രശ്നമാണ്. ഇത്രയ്ക്കു സങ്കീർണ്ണപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഒരു വ്യവസായത്തെപ്പറ്റി ഒരു നിർദ്ദേശം വയ്ക്കാൻ വളരെയധികം ബുദ്ധിമുട്ടുണ്ട്. ഏതായാലും ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. ആ നിർദ്ദേശം ഗവൺമെന്റിന്റെ അവസാനവാക്കാണെന്നു ഞാൻ അവകാശപ്പെടുന്നില്ല. അവസാന വാക്കായിരിക്കാൻ സാധ്യവുമല്ലല്ലോ. ഈ വ്യവസായങ്ങളുമായി ബന്ധപ്പെട്ടവർ, പുനഃസംഘടിപ്പിക്കണമെന്നു താൽപ്പര്യമുള്ളവർ, ഇവരെ ഉൾപ്പെടുത്തി ഒരു സ്റ്റേറ്റ് അഡ്വൈസറി കൗൺസിലിന്റെ മുൻപിൽ സമർപ്പിക്കുമെന്നും ആ കൗൺസിലിന്റെ ശുപാർശയായിരിക്കും അവസാന തീരുമാനമെന്നും ഞാൻ ഈ സഭയ്ക്കു ഉറപ്പു നൽകുകയാണ്. കാഷ്യൂ കോർപ്പറേഷനെ സംബന്ധിച്ചും കയർ വ്യവസായത്തിലുദ്ദേശിക്കുന്ന കോർപ്പറേഷനെ സംബന്ധിച്ചും ഹാൻഡ്‌ലൂമിൽ സ്വീകരിക്കേണ്ടതായ നടപടികളെ സംബന്ധിച്ചും ചില സ്നേഹിതന്മാർ ഇവിടെ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. അതെല്ലാം അവധാനപൂർവ്വം ചിന്തിക്കുകയും ഈ വ്യവസായത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതുമായിട്ടുള്ള അഡ്വൈസറി കൗൺസിലുകൾ ചർച്ചചെയ്ത് അവസാന തീരുമാനമെടുക്കുകയും ചെയ്യുമെന്ന് എനിക്കു പ്രതീക്ഷയുണ്ട്. അങ്ങനെ ചെയ്യേണ്ടതുമാണ്.

സർ, ഐഡിയോളജിക്കൽ ആയിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങൾ മൂലം വ്യവസായസംരംഭങ്ങൾക്ക് തടസ്സംവരുമെന്നും പ്രത്യേകിച്ച് ഡോ. ജോർജ്ജ് തോമസ് ചൂണ്ടിക്കാണിച്ചതുപോലെ, ഇരുമ്പയിര് ചൂഷണം ചെയ്യുന്ന കാര്യത്തിൽ തടസ്സം വരുമെന്നും ഉള്ള സംശയങ്ങൾക്ക് അടിസ്ഥാനമില്ലെന്നും അങ്ങനെയുള്ള യാതൊരു തടസ്സവും ഉണ്ടാകുകയില്ലെന്നും ഈയവസരത്തിൽ ഞാൻ അറിയിക്കുകയാണ്. അഭിപ്രായവ്യത്യാസങ്ങൾ നമ്മെ നേരായ മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിടാൻ സഹായകമായിരിക്കും.

ഈ റിപ്പോർട്ട് മലയാളത്തിൽ തർജ്ജിമ ചെയ്തു വിതരണം ചെയ്യണമെന്നു ഞാൻ കരുതിയിരുന്നതാണ്. അതു സാധിക്കാതെ വന്നു. ജപ്പാനിൽ പോയിട്ടായാലും മറ്റെവിടെ പോയിട്ടായാലും ഒരു എഗ്രിമെന്റ് നെഗോഷ്യേറ്റ് ചെയ്യാൻ മുഖ്യമന്ത്രിക്കു പോലും അധികാരമില്ല. അതു ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. അദ്ദേഹം പ്രസ്താവിച്ചത് ഇങ്ങനെയാണെങ്കിൽ അതിലാർക്കും പരാതിപ്പെടാൻ സാധ്യമല്ല പറഞ്ഞത് ശരിയുമാണ്. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് വിദേശരാജ്യങ്ങളിൽ നിന്നു നമുക്കു കിട്ടാനിടയുള്ള വ്യവസായസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ചെറിയ വിവരണം മാത്രമാണ്. ഇതേവരെ അവരുമായി നെഗോഷ്യേറ്റു ചെയ്തിട്ടില്ല. ചർച്ചകൾ നടക്കുന്നുണ്ട്. ആ ചർച്ചകൾ വളരെ നീണ്ടകാലത്തേക്കു കാണുകയും ചെയ്യും. കടലാവണക്കിൻ പത്തൽ എവിടെ ഒടിച്ചുകുത്തിയാലും കിളിക്കുന്നതുപോലെ വ്യവസായങ്ങൾ കിളിക്കുകയില്ല. അതിനെപ്പറ്റി വളരെ കാര്യമായി ആലോചിക്കണം. ശരാശരി ഒരു വ്യവസായസ്ഥാപനത്തിനുള്ള ഒരുക്കത്തിന്റെ കണക്ക് നോക്കുകയാണെങ്കിൽ മൂന്നുവർഷം വേണം.

ഇതേ സംബന്ധിച്ച കൂടുതൽ വാദപ്രതിവാദം നിവൃത്തിയുണ്ടെങ്കിൽ ഒഴിവാക്കണം. അത് എന്റെ സഹപ്രവർത്തകരും അംഗീകരിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. ഒരു എഗ്രിമെന്റിനുവേണ്ടിയുള്ള നെഗോഷ്യേഷനുള്ള അധികാരം എനിക്ക് ഉണ്ടായിരിക്കുകയില്ല. അങ്ങനെയുള്ള അധികാരം ഉണ്ടെന്നു ഭാവിക്കുന്നതു പോലും എന്റെ സഹപ്രവർത്തകരോടു കാണിക്കുന്ന മര്യാദകേടാണ്. അവരുടെ സഹകരണത്തോടുകൂടി മുന്നോട്ടുപോകുന്നതിനുപകരം ഞാൻ മാത്രമായി എന്തെങ്കിലും കമ്മിറ്റു ചെയ്യുന്നതു തീർച്ചയായും മര്യാദകേടായിരിക്കും അങ്ങനെയൊരു മര്യാദകേട് ഞാൻ കാണിച്ചിട്ടില്ലെന്ന് ശ്രീ. ഇമ്പിച്ചിബാവ പറഞ്ഞതിനെപ്പറ്റി ഞാൻ നന്ദിയുള്ളവനായിരിക്കേണ്ടതാണ്.

നമ്മുടെ പരമ്പരാഗതങ്ങളായ വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കുവാനുള്ള ബുദ്ധിമുട്ടുകൾ തരണം ചെയ്യണമെങ്കിൽ കേന്ദ്രത്തിന്റെ സജീവമായ സഹകരണം വേണം പ്രത്യേകിച്ചും കയർ വ്യവസായത്തിന്റെ കാര്യം. കയർവ്യവസായം ഇന്ന് പുനഃസംഘടിപ്പിക്കാൻ ശ്രമിക്കുന്ന ഏതുകാര്യത്തിലും ഇന്നു നിലവിലുള്ള കയർ ഇൻഡസ്ട്രീസ് നിയമവും അതിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ള കയർബോർഡും ഒരു തടസ്സമായി നിൽക്കുന്നുണ്ടെന്നുള്ള കാര്യം നാം മനസ്സിലാക്കണം. നമുക്ക് തുറന്നു കിട്ടിയിരിക്കുന്ന രംഗം വളരെ പരിമിതമാണ്. സഹകരണ മേഖല മാത്രമേ തുറന്നു കിടക്കുന്നുള്ളു. കയർ ഇൻഡസ്ട്രീസ് ആക്ടിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കയർ ബോർഡിന്റെ സംഘടനയിൽ വ്യത്യാസം വരുത്തണമെന്ന് നാം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യങ്ങളെല്ലാം കേന്ദ്രഗവൺമെന്റ് അംഗീകരിച്ചു തരുന്നതുവരെ നമുക്ക് വെറുതേ നോക്കിയിരിക്കാൻ നിർവാഹമില്ലാത്തതുകൊണ്ട് സഹകരണമേഖല കൂടുതൽ സജീവമാക്കാനും അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ഉണ്ടാക്കാനും വേണ്ടിയാണ് ഒരു നക്കൽ സ്കീം തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ വിജയത്തിനുവേണ്ടി നാമെല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് എനിക്ക് പ്രത്യേകമായ അഭ്യർത്ഥനയുണ്ട്. ഈ പരിമിതമായ സമയത്തിനുള്ളിൽ നിന്നുകൊണ്ട് ഇതിൽ കൂടുതൽ എന്റെ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സംസാരിക്കുവാൻ നിവൃത്തിയില്ലെന്നുള്ള വസ്തുത നിങ്ങൾക്കറിയാം. എന്റെ പ്രസംഗത്തിനിടയിൽ രസം പിടിപ്പിക്കുവാൻവേണ്ടി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, എന്തെങ്കിലും അസുഖകരമായി ആർക്കെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ അതു പൊറുക്കുകയും നമ്മുടെ സംസ്ഥാനത്തിലെ വ്യാവസായിക വികസനത്തിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഞാൻ ഈ ഡിമാന്റ് പാസ്സാക്കിത്തരുന്നതിനുവേണ്ടി നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്.

ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയം വ്യക്തമാണ്. Government policy is between equals assistance from socialist countries will be given preference".

**ടി.വി. തോമസ്**

1910 ജനുവരി 02 ന് ജനിച്ച ടി.വി. തോമസ് ബി.എ., ബി.എൽ. ബിരുദധാരിയാണ്. തിരു-കൊച്ചി നിയമസഭ (1952-54), ഒന്ന്, മൂന്ന്, നാല് കേരള നിയമസഭ എന്നിവയിൽ അംഗമായിരുന്നു. തൊഴിലും ഗതാഗതവും വകുപ്പ് മന്ത്രി (5.4.1957 - 31.7.1959), വ്യവസായ വകുപ്പു മന്ത്രി (6.3.1967 - 21.10.1969, 25.9.1971 - 25.3.1977) എന്നീ ചുമതലകൾ വഹിച്ചിരുന്നു. സി.പി.ഐ. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, തിരു-കൊച്ചി നിയമസഭാ പ്രതിപക്ഷ നേതാവ് എന്നീ നിലകളിലും പ്രവർത്തിച്ചു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച ടി.വി. തോമസ് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് നിരവധി തവണ ജയിൽ വാസം അനുഷ്ഠിച്ചിട്ടുണ്ട്. ആലപ്പുഴ മുൻസിപ്പൽ കൗൺസിൽ ചെയർമാൻ പദവിയും അലങ്കരിച്ചിരുന്നു. 1977 മാർച്ച് 26 ന് അന്തരിച്ച അദ്ദേഹത്തിന് 1977 മാർച്ച് 29 ന് നിയമസഭ ചരമോപചാരം അർപ്പിച്ചു. മുൻമന്ത്രി കെ.ആർ.ഗൗരിയമ്മയായിരുന്നു ഭാര്യ.



റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിലും തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്തുന്നതിലും നിർണ്ണായക പങ്കുവഹിച്ച ഒട്ടേറെ നിയമങ്ങൾ നിർമിക്കാൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികാടിത്തറ അനുകൂലമല്ലെങ്കിൽപ്പോലും വിവിധ തൊഴിൽ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ ജീവിത സുരക്ഷ എന്നത് ഒരു സാമൂഹിക ഉത്തരവാദിത്തമായി ഏറ്റെടുത്ത സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ ഏതാണ്ടെല്ലാ തൊഴിൽ മേഖലകളുടെ പരിധിയിലും വരുന്ന തൊഴിലാളികൾക്കു വേണ്ടിയും ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുകയും അപ്രകാരം രൂപീകരിക്കപ്പെട്ട ക്ഷേമ ബോർഡുകൾ ശക്തിപ്പെടുത്തിക്കൊണ്ട് ആ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നതായി കാണാവുന്നതാണ്. ഇത്തരത്തിൽ തൊഴിലാളിക്ഷേമം മുന്നിൽ കണ്ടുകൊണ്ട് കേരള നിയമസഭ പാസ്സാക്കിയ ഒട്ടേറെ നിയമങ്ങളിൽ പ്രഥമഗണനീയമായൊരു നിയമത്തെ സംബന്ധിച്ചാണ് ഇവിടെ പരാമർശിക്കുവാൻ ഉദ്ദേശിക്കുന്നത്.

## 1975 ലെ കേരള ലേബർ വെൽഫെയർ ഫണ്ട് ആക്ട് (1977 ലെ 11 ാമത് നിയമം)

സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിൽ കൂലിക്കോ പ്രതിഫലത്തിനോ ജോലി നോക്കുന്ന തൊഴിലാളികൾക്ക് സാമൂഹികമായ അവബോധം സൃഷ്ടിക്കാനുതകുന്ന വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുന്നതിനും കലാകായിക വിനോദങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം നൽകുന്നതിനുമുള്ള അനുവാദം അന്നുവരെ നിലനിന്നിരുന്ന തൊഴിൽ നിയമങ്ങളിൽ ഒന്നുംതന്നെ വ്യവസ്ഥ ചെയ്തിരുന്നില്ല. അതിനാൽ അത്തരം ക്ഷേമപ്രവർത്തനങ്ങൾ മുൻനിർത്തി നിയമാനുസൃതമായ ഒരു തൊഴിൽ ക്ഷേമനിധി രൂപീകരിക്കണമെന്ന പൊതുചിന്ത ഉയർന്നുവന്ന സാഹചര്യത്തിലാണ് സംസ്ഥാനത്ത് തൊഴിലാളികൾക്ക് തൊഴിൽ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കുമായി ഒരു നിധി രൂപീകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 1975 ലെ കേരള ലേബർ വെൽഫയർ ഫണ്ട് ആക്ട് നിർമിക്കപ്പെട്ടത്.

കൃഷിയും തൊഴിലും വകുപ്പുമന്ത്രിയായിരുന്ന വക്കം പുരുഷോത്തമനാണ് ഇതിനായുള്ള ബിൽ 1975 മാർച്ച് മാസം 21 ാം തീയതി സഭയിൽ അവതരിപ്പിച്ചത്. തുടർന്ന് ബില്ലിന്മേൽ വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നതിലേക്കായി അന്നുതന്നെ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയുണ്ടായി. അപ്രകാരം രൂപീകരിക്കപ്പെട്ട സെലക്ട് കമ്മിറ്റി അതിന്റെ പരിശോധനയും തെളിവെടുപ്പും പൂർത്തിയാക്കി ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് 1975 മെയ് 7 ാം തീയതി, അതായത് അധിക സമയമെടുക്കാതെ തന്നെ, സമർപ്പിക്കുകയുണ്ടായി. 1975 ആഗസ്റ്റ് 4 ാം തീയതി ബിൽ സഭ അന്തിമമായി പാസ്സാക്കിയെങ്കിലും ഗവർണ്ണർ ബിൽ രാഷ്ട്രപതിയുടെ അസന്റിനായി റിസർവ് ചെയ്യുകയാണുണ്ടായത്. അതിനുശേഷം ഏകദേശം ഒന്നരവർഷത്തിനുശേഷം 1977 മാർച്ച് 25 ാം തീയതി മാത്രമാണ് ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമായത്.

തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി സർക്കാർ ഒരു തൊഴിൽ ക്ഷേമനിധി രൂപീകരിക്കണമെന്നും ക്ഷേമനിധിയിൽ വിവിധ ഇനങ്ങളിൽ അടയ്ക്കേണ്ട തുകയുടെ വിശദാംശങ്ങളെ സംബന്ധിച്ചും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ ക്ഷേമനിധിയുടെ നടത്തിപ്പിനായി കേരള തൊഴിൽ ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കണമെന്നും ബോർഡിൽ തൊഴിലാളിയുടെയും തൊഴിൽ ഉടമയുടെയും പ്രാതിനിധ്യം തുല്യ അനുപാതത്തിലുണ്ടായിരിക്കണമെന്നും സർക്കാരിന് അംഗങ്ങളിലൊരാളെ ബോർഡിന്റെ ചെയർമാനായി നിയമിക്കാമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ബോർഡ് ചെയർമാന്റെയും മറ്റംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയെ സംബന്ധിച്ചും അംഗത്വത്തിൽനിന്നും അയോഗ്യത കൽപ്പിച്ച് നീക്കം ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ, അംഗങ്ങളുടെ രാജി എന്നിവയെ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ ഈ നിയമത്തിലുണ്ട്.

ഏതെങ്കിലും സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് കൂലിയിനത്തിൽ കൊടുക്കേണ്ട തുക കൊടുക്കാത്ത സാഹചര്യത്തിൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ ബാധ്യതയിനത്തിൽ വരുന്ന തുകയുടെ ക്രയവിക്രയം സംബന്ധിച്ചുള്ള വ്യവസ്ഥകളും ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ക്ഷേമനിധി വിഹിതമായി തൊഴിലാളി അൻപത് പൈസ നിരക്കിലും തൊഴിലുടമ ഒരു രൂപ നിരക്കിലും ഓരോ അർദ്ധവർഷത്തേക്കും നൽകേണ്ടതാണെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. തൊഴിൽ ക്ഷേമനിധിയുടെ ഭാഗമായ ധനം നിക്ഷേപിക്കുന്നതിലും തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിലും സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും നിയമത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ക്ഷേമനിധിയുടെ വിനിയോഗം സംബന്ധിച്ച് സർക്കാരിന് ആവശ്യമെന്ന് തോന്നുന്ന നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണെന്നും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ നിയമത്തിലേയും അതിൻപ്രകാരം നിർമിക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുവെന്ന് പരിശോധിക്കുന്നതിനായി സർക്കാരിന് ഒരു തൊഴിൽ ക്ഷേമനിധി കമ്മീഷണറെ നിയമിക്കാവുന്നതാണെന്നും ആ ഉദ്യോഗസ്ഥൻ തൊഴിൽ ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. അതുപോലെ ബോർഡിന്റെ നടത്തിപ്പിനായി ഒരു ഫിനാൻസ് ഓഫീസറെയും ആവശ്യമെന്ന് തോന്നുന്ന മറ്റ് ഉദ്യോസ്ഥരെയും നിയമത്തിലെ വ്യവസ്ഥകൾ സ്ഥാപനങ്ങൾ പിൻതുടരുന്നുണ്ടോ എന്നുറപ്പ് വരുത്തുന്നതിനായി പരിശോധകരെയും സർക്കാരിന് നിയമിക്കാവുന്നതാണ്. ഈ നിയമത്തിലെ വ്യവസ്ഥയിലൂടെ 1936 ലെ പേയ്മെന്റ് ഓഫ് വേജസ് നിയമത്തിലെ 8 ാം വകുപ്പിൽ കേരള സംസ്ഥാനത്തിൽ ബാധകമാകത്തക്ക വിധത്തിൽ ആവശ്യമായ വ്യവസ്ഥകളും ചേർത്തിട്ടുണ്ട്.

1977 ൽ നിലവിൽ വന്ന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലാളികളും തൊഴിലുടമയും നിധിയിലേക്ക് ആറുമാസത്തിലൊരിക്കൽ അടയ്ക്കേണ്ട തുക യഥാക്രമം അൻപത് പൈസ എന്നതും ഒരു രൂപ എന്നതും ഒരു രൂപ, രണ്ടു രൂപ എന്നായി വർദ്ധിപ്പിക്കുന്നതിലേക്കായി 1986 ൽ മൂലനിയമം ഭേദഗതി ചെയ്യപ്പെടുകയുണ്ടായി. തുടർന്ന് മറ്റു ചില ഭേദഗതികൾ കൂടി വരുത്തുന്നതിലേക്ക് 1994ൽ വീണ്ടും മൂലനിയമം ഭേദഗതിക്ക് വിധേയമായിട്ടുണ്ട്.

സംസ്ഥാനത്ത് പരമ്പരാഗത തൊഴിലുൾപ്പെടെ വിവിധ തൊഴിൽ മേഖലയിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിരവധി നിയമനിർമാണങ്ങൾ കേരള നിയമസഭ നടത്തിയിട്ടുണ്ടെങ്കിലും ഒരു സമ്പൂർണ്ണ ക്ഷേമനിധി നിയമം എന്ന നിലയിൽ ആദ്യം നിലവിൽ വന്നൊരു നിയമമാണ് 1975 ലെ കേരള ലേബർ വെൽഫെയർ ഫണ്ട് ആക്ട്.

(തുടരും...)



സഭാ നേതാവിന്റെ പേജ്



പിണറായി വിജയൻ
മുഖ്യമന്ത്രി

# കൈകൾ കോർത്ത് കരുത്തോടെ: സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടി

ചരിത്രം സൃഷ്ടിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഭരണത്തുടർച്ച നേടിയതിന്റെ രണ്ടാം വാർഷികം സമാഗതമാവുകയാണ്. ഈ ഘട്ടത്തിൽ 'കൈകൾ കോർത്ത് കരുത്തോടെ' എന്ന പേരിൽ ഒരു നൂറുദിന കർമ്മ പരിപാടി ആവിഷ്കരിച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഈ മൂന്നാമത്തെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഫെബ്രുവരി 10 മുതൽ മെയ് 20 വരെയായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട നിരവധി പദ്ധതികളാണ് കേരളത്തിലങ്ങോളമിങ്ങോളം നടപ്പാക്കുന്നത്. 'കൈകൾ കോർത്ത് കരുത്തോടെ' എന്നത് വെറുമൊരു പേരല്ല. അതിൽ ഒരു സന്ദേശമുണ്ട്. ആ സന്ദേശം കേരളജനത ഒരുമിച്ചു നിൽക്കും എന്നും ദുർബലപ്പെടുത്താൻ നടക്കുന്ന ശ്രമങ്ങളെ കരുത്തോടെ അതിജീവിക്കും എന്നുമാണ്.

കേരളത്തിലെ ജനങ്ങളെ പല തട്ടിലാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ജാതി-മത വർഗീയ ശക്തികൾ ഉൾപ്പെടെ പല കൂട്ടർ പലവിധത്തിൽ ശ്രമിക്കുന്നുണ്ട്. ജാതിയുടെയും മതത്തിന്റെയും പേരിൽ പരസ്പരം ചേരിതിരിഞ്ഞു പോരടിച്ചു നിൽക്കുന്ന ജനത അർഹിക്കുന്നതു ചോദിച്ചു വാങ്ങാൻ പോലും ഒരുമിക്കുകയില്ലല്ലോ. ആ നിലയ്ക്ക് നമുക്ക് അർഹതപ്പെട്ടതൊക്കെ നിഷേധിക്കാം എന്നു കണക്കുകൂട്ടുന്നവരുണ്ട്. ജനങ്ങൾ എത്ര ഭിന്നിക്കുന്നുവോ, അത്ര നല്ലത് എന്നു കരുതുന്ന കൂട്ടരുണ്ട്. ജനങ്ങൾ ഏതൊക്കെ വിധത്തിൽ ഭിന്നിക്കുന്നുവോ, ആ വിധത്തിലൊക്കെ ലാഭമുണ്ടാക്കാമെന്ന് കണക്കു കൂട്ടുന്നവരുണ്ട്. സ്ഥാപിത താൽപര്യങ്ങൾ കൊണ്ടുനടക്കുന്ന കൂട്ടരാണവരൊക്കെ. അവരുടെ താൽപര്യങ്ങളെ വിജയിക്കാനനുവദിക്കരുത്. അവിടെയാണ് ഒറ്റക്കെട്ടായി നിൽക്കണമെന്ന അർത്ഥത്തിൽ 'കൈകൾ കോർത്ത്' എന്ന പ്രയോഗം അർത്ഥപൂർണമാവുന്നത്.

കേരളത്തെ ദുർബലപ്പെടുത്താൻ നാനാതലങ്ങളിൽ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഭരണഘടനാപരമായി നമുക്ക് അർഹതപ്പെട്ടവയൊക്കെ നിഷേധിക്കുന്നുണ്ട്. നികുതി ഓഹരിയിലെ അർഹമായ ഭാഗം നിഷേധിക്കുന്നതു മുതൽ പ്രവാസി മലയാളികൾ തരുന്ന ദുരിതാശ്വാസ സഹായം വിലക്കുന്നതു വരെയുള്ള സ്ഥിതിയുണ്ട്. ഭരണഘടനയെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് നമ്മുടെ ധനാഗമന മാർഗ്ഗങ്ങളെ പരിമിതപ്പെടുത്താനും കടം വാങ്ങൽ പരിധിയെ വെട്ടിക്കുറയ്ക്കാനും ഉള്ള ശ്രമങ്ങൾ ഉണ്ടാവുന്നുണ്ട്. സാമ്പത്തിക കാര്യങ്ങളിൽ രാജ്യത്തെ സർക്കാരിനില്ലാത്ത നിയന്ത്രണങ്ങൾ സംസ്ഥാന സർക്കാരിനുമേൽ അടിച്ചേൽപ്പിക്കുന്ന നിലയുണ്ടാവുന്നു. ഇത്തരത്തിൽ കേരളത്തെ ദുർബലപ്പെടുത്താനുള്ള ആസൂത്രിത ശ്രമങ്ങളെ നാം എങ്ങനെ അതിജീവിക്കും? ഒറ്റക്കെട്ടായി കരുത്തോടെ നിന്നാൽ ആർക്കും നമ്മെ തളർത്താനാവില്ല, നമ്മൾ അതിജീവിക്കും. അവിടെയാണ് നൂറുദിന കർമ്മ പരിപാടിയുടെ മുദ്രാവാക്യത്തിലെ 'കരുത്തോടെ' എന്ന വാക്കിന്റെ പ്രസക്തി.

കഴിഞ്ഞ എൽഡിഎഫ് സർക്കാർ എന്തൊക്കെ പ്രഖ്യാപിച്ചോ അതൊക്കെ നടപ്പാക്കി. ലക്ഷ്യത്തെ മറികടക്കുന്ന നിലയിലാണ് ആ സർക്കാർ പലതും നടപ്പാക്കിയത്. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന് ജനങ്ങളോട് ഉത്തരവാദിത്വമുണ്ടാവണം എന്ന ഉയർന്ന ജനാധിപത്യബോധം മുൻനിർത്തി ആ സർക്കാർ ചരിത്രത്തിലാദ്യമായി പ്രോഗ്രസ് റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും വാർഷിക വിലയിരുത്തലുകൾ നടത്തുകയും ചെയ്തു. അങ്ങനെ, പറയുന്നത് ചെയ്യുന്നു എന്ന് സർക്കാർ ജനങ്ങളെ ബോധ്യപ്പെടുത്തി. അതാണ് എൽഡിഎഫിന് ജനങ്ങളോടുള്ള പ്രതിബദ്ധത. പ്രതിസന്ധികൾ പലതും വന്നു, വെള്ളപ്പൊക്കം മുതൽ പ്രളയം വരെ. ആ പ്രതിസന്ധികളുടെ ഇടയിൽ തളരാതെയാണ് കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ നേതൃത്വത്തിൽ കേരളം മുന്നേറിയത്.

നമുക്ക് അവിടെ നിന്നാൽ പോര. പുതിയ കാലത്തേക്കു കടക്കണം. അതിനുള്ള ദൗത്യം ഏറ്റെടുത്തിരിക്കുകയാണിപ്പോൾ. വിജ്ഞാന സമൂഹത്തിന്റെ സൃഷ്ടി അടക്കമുള്ളവ അതിൽ വരും. ക്ഷേമ പദ്ധതികളും വികസന പദ്ധതികളും വരും. എല്ലാം സർക്കാർ മുറയ്ക്ക് എന്ന നിലയ്ക്കല്ല. ജനങ്ങളുടെ ആഗ്രഹപ്രകാരം എന്ന നിലയിൽ. ഇത് ഒരു പുതിയ ഭരണസംസ്കാരമാണ്. പറഞ്ഞതു ചെയ്യുക, അതിൽ നേരിടുന്ന തടസ്സങ്ങൾ എന്തു തന്നെയായാലും അവയെ നീക്കുക. ചെയ്യുന്നതു ജനങ്ങൾക്കു ബോധ്യപ്പെടുത്തിക്കൊടുക്കുക, അവരെ വികസന - ക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. അത്തരമൊരു ജനകീയ സംസ്കാരമാണ് എൽഡിഎഫ് സർക്കാർ ഭരണ നിർവഹണത്തിൽ വളർത്തിയെടുക്കുന്നത്.

പ്രകടന പത്രികയിൽ നൽകിയ 900 വാഗ്ദാനങ്ങൾ നടപ്പാക്കി സ്ഥായിയായ വികസന മാതൃക യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നാളത്തെ തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അതിനായി കേരളത്തെ വിജ്ഞാന സമ്പദ്ഘടനയായും നൂതനത്വ സമൂഹമായും പരിവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോവുകയാണ്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം പ്രത്യേക ശ്രദ്ധചെലുത്തേണ്ട മേഖലകളെ ഉൾപ്പെടുത്തി പ്രത്യേക നൂറുദിന കർമ്മപരിപാടി ആവിഷ്കരിക്കാനും കഴിഞ്ഞു. രണ്ട് നൂറുദിന കർമ്മപരിപാടികളാണ് ഒന്നേ മുക്കാൽ വർഷത്തിനിടയിൽ സംസ്ഥാനത്ത് പൂർത്തിയാക്കിയത്.

മാറിയ ഭരണസംസ്കാരത്തിന്റെ പ്രതിഫലനമാണ് നൂറുദിന കർമ്മപരിപാടിയിൽ കാണുന്നത്. ഏറ്റവും സുതാര്യമായ നിലയിലാണ് അത് നടപ്പാക്കുന്നത്. അതിന്റെ പുരോഗതി ജനങ്ങൾക്കു നേരിട്ട് ഫിസിക്കലായും ഓൺലൈനായും വിലയിരുത്താൻ കഴിയും. അത് ഒരു ജില്ലയെയും സ്പർശിക്കാതെ പോവില്ല. അത് ഒരു ജീവിതത്തെയും തൊടാതെ പോവില്ല. ആ നിലയ്ക്ക് സമഗ്രമായ കർമ്മ പരിപാടികളിലൂടെ കഴിഞ്ഞ സർക്കാർ ഒരുക്കിയ അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ട് പുതിയൊരു കേരളം കെട്ടിപ്പടുക്കുകയാണ്.

മുട്ടത്തറയിൽ 400 വീടുകളുടെ ശിലാസ്ഥാപനം നടത്തിക്കൊണ്ടാണ് മൂന്നാമത്തെ നൂറുദിന കർമ്മപരിപാടിക്ക് തുടക്കമായത്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസവും സന്തോഷവും പകർന്നു നൽകുന്ന പദ്ധതിയാണിത്. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതിയുടെ ഭാഗമായാണ് ഇതു നടപ്പാക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച 2,450 കോടി രൂപയുടെ പദ്ധതിയുടെ തുടർച്ചയാണ് ഇതിലൂടെ യാഥാർത്ഥ്യമാവുന്നത്. ഭരണത്തുടർച്ച എന്നത് തെരഞ്ഞെടുപ്പ് ജയത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല എന്നും ക്ഷേമ പ്രവർത്തനങ്ങളുടെയും വികസന പ്രവർത്തനങ്ങളുടെയും തുടർച്ചയാണെന്നുമുള്ളതിന്റെ ദൃഷ്ടാന്തമാണിത്.

പുനർഗേഹം പദ്ധതിയിലൂടെ 8,675 കുടുംബങ്ങളാണ് സുരക്ഷിത മേഖലകളിലേക്ക് മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. ഒരു കുടുംബത്തിന് പുനരധിവാസത്തിനായി പരമാവധി 10 ലക്ഷം രൂപയാണ് ലഭ്യമാക്കുക. അതോടൊപ്പം തന്നെ ഫ്ളാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നുമുണ്ട്. നിലവിൽ 1,931 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 3,292 കുടുംബങ്ങൾക്കു വേണ്ട ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കാനും 3,921 കുടുംബങ്ങൾക്കാവശ്യമായ ഭൂമിയുടെ വില നിശ്ചയിക്കാനും കഴിഞ്ഞിട്ടുണ്ട്.

പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി എന്നിവിടങ്ങളിലായി നൂറ്റിനാൽപത്തിയെട്ടും മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ നൂറ്റിയിരുപത്തിയെട്ടും കൊല്ലം ജില്ലയിലെ ക്യു.എസ്. എസ് കോളനിയിൽ നൂറ്റിപതിനാലും ഫ്ളാറ്റുകളുൾപ്പെടെ ആകെ മുന്നൂറ്റിതൊണ്ണൂറ് ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്കു കൈമാറിയിട്ടുണ്ട്. മുട്ടത്തറയിൽത്തന്നെ 2018 ൽ നിർമാണം പൂർത്തിയാക്കി കൈമാറിയ 192 ഫ്ളാറ്റുകൾക്കു പുറമെയാണിവയെല്ലാം. ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 228 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ഇതിനുപുറമെ 956 ഫ്ളാറ്റുകളുടെ നിർമാണത്തിന് അനുമതി നൽകിയിട്ടുമുണ്ട്. വലിയതുറയിലും വേളിയിലുമായി 192 ഫ്ളാറ്റുകളുടെ നിർമാണത്തിനുള്ള അനുമതി താമസിയാതെ തന്നെ ലഭ്യമാക്കും. ഇതുകൂടാതെ ഈ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി മലപ്പുറം പൊന്നാനിയിൽ നൂറും കോഴിക്കോട് വെസ്റ്റ് ഹില്ലിൽ എൺപതും കാസർഗോഡ് കോയ്പാടിയിൽ നൂറ്റിനാൽപത്തിനാലും ഫ്ളാറ്റുകളുടെ നിർമാണ പ്രവർത്തനങ്ങൾ കൂടി ആരംഭിക്കും.

പ്രഖ്യാപിച്ച പദ്ധതികളെല്ലാം തന്നെ നടപ്പാക്കുന്ന രീതിയാണ് പൊതുവിൽ എന്നപോലെ കഴിഞ്ഞ രണ്ട് നൂറുദിന കർമ്മപരിപാടികളിലും എൽഡിഎഫ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നമ്മൾ ലക്ഷ്യംവെച്ചതിനേക്കാൾ കൂടുതൽ വീടുകളും പട്ടയങ്ങളും ഒക്കെ ലഭ്യമാക്കാൻ കഴിഞ്ഞ രണ്ട് നൂറുദിന കർമ്മപരിപാടികളിലും സാധിച്ചിട്ടുണ്ട്. ഈ നൂറുദിന കർമ്മപരിപാടിയും ആ പാതയിൽത്തന്നെയാണ് മുന്നേറുക. പശ്ചാത്തല സൗകര്യവികസനത്തിലും ക്ഷേമ പ്രവർത്തനങ്ങളിലും ഒരുപോലെ ഊന്നൽ നൽകുന്നതാണ് ഈ നൂറുദിന പരിപാടി. ആകെ 1,284 പ്രോജക്ടുകളാണ് പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്. 15,896 കോടി രൂപയാണ് അവയ്ക്കായി നീക്കിവെച്ചിരിക്കുന്നത്. അവ നടപ്പാക്കുന്നതിന്റെ ഭാഗമായി 4,33,000 ത്തോളം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്.

പുനർഗേഹം പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ ഭവനങ്ങളുടെ താക്കോൽ ദാനം നടത്തുന്നതിനു പുറമെ ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 20,000 ഭവനങ്ങളാണ് പൂർത്തിയാക്കുന്നത്. കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനത്തിന് ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കുകയാണ്. സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 500 ഏക്കർ തരിശു ഭൂമിയിൽ കൃഷിയിറക്കുന്നുണ്ട്. പച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള ഹൈബ്രിഡ് പച്ചക്കറി വിത്തുകളുടെ ഉൽപാദനവും വിതരണവും ആരംഭിക്കും. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി വയനാട് സെന്റർ ഓഫ് എക്സലൻസ് കാർഷിക വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കും.

ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി 2,65,000 ത്തോളം പ്രത്യക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ്. വിദൂര ആദിവാസി കോളനികളിൽ മൈക്രോ ഗ്രിഡ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ബ്രഹ്മപുരത്ത് സൗരോർജ്ജ പ്ലാന്റ് ഉദ്ഘാടനം ചെയ്യുകയും ഫ്ളോട്ടിങ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഏകജാലക സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. പാലക്കാട് ജില്ലയിലെ നടുപ്പതി ആദിവാസി ആവാസ മേഖലകളിൽ വിദൂര ആദിവാസി കോളനികളിലെ മൈക്രോ ഗ്രിഡ് പദ്ധതി ഉദ്ഘാടനം ചെയ്യും.

ജലവിഭവ വകുപ്പിൽ 1,879 കോടി രൂപയുടെ പദ്ധതികളും പൊതുമരാമത്ത് വകുപ്പിൽ 2,611 കോടി രൂപയുടെ പദ്ധതികളും വൈദ്യുതി വകുപ്പിൽ 1,981 കോടി രൂപയുടെ പദ്ധതികളും തദ്ദേശ സ്വയംഭരണ വകുപ്പിൽ 1,595 കോടി രൂപയുടെ പദ്ധതികളുമാണ് നൂറുദിവസം കൊണ്ട് നടപ്പാക്കുക.

ക്ഷേമ പദ്ധതികളും വികസന പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് ഒരു നവകേരളം സൃഷ്ടിക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ലക്ഷ്യംവെക്കുന്നത്. അതിനു തുരങ്കം വയ്ക്കുന്ന തരത്തിലുള്ള ആക്രമണങ്ങൾ ഉയർന്നുവരുന്ന ഘട്ടമാണിത്. കേരളവികസനത്തിന് പുതിയ മാനം നൽകിയ കിഫ്ബി പോലുള്ള സ്ഥാപനങ്ങളെ തകർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുവശത്ത്, ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ പണം നൽകില്ല എന്ന ദുശ്ശാഠ്യം മറുവശത്ത്. കേരളവിരുദ്ധ ശക്തികളുടെ ഇത്തരം ആക്രമണങ്ങളെ ചെറുത്തും അതിജീവിച്ചും കൊണ്ടു മാത്രമേ നമുക്കു മുന്നോട്ടു പോവാനാകൂ.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695 033, Editor- A.N. Shamseer